# നവകേരളത്തിനായി തദ്ദേശഭരണം

തദ്ദേശഭരണസ്ഥാപനങ്ങളിലെ
ജനപ്രതിനിധികൾക്കുള്ള
കൈപ്പുസ്തകം

7

## ജെൻഡറും പ്രാദേശികഭരണവും
## Gender & Local Governance

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
KERALA INSTITUTE OF LOCAL ADMINISTRATION (KILA)

www.kila.ac.in
ഡിസംബർ 2020

| | |
|---|---|
| ജെൻഡറും പ്രാദേശികഭരണവും | Gender & Local Governance |
| *ചീഫ് എഡിറ്റർ* | *Chief Editor* |
| ഡോ. ജോയ് ഇളമൺ | Dr. Joy Elamon |
| ഡയറക്ടർ ജനറൽ, കില | Director General, KILA |
| *എഡിറ്റോറിയൽ ടീം* | *Associate Editors* |
| ഡോ. അമൃത കെ.പി.എൻ. | Dr. Amrutha K.P.N. |
| ഡോ. അമൃത് രാജ് ആർ.എം. | Dr. Amruth Raj R.M. |
| വിനീത എം. | Vineetha M. |
| രവി കെ.കെ. | Ravi K.K. |
| അപർണ്ണ എസ്. ഗോപകുമാർ | Aparna S. Gopakumar |
| റിസ്മിയ ആർ.ഐ. | Rismiya R.I. |
| റോസ് മേരി | Rose Mary |
| *നിർവഹണ ഏകോപനം* | *Production Coordination* |
| മാത്യു ആൻഡ്രൂസ് | Mathew Andrews |
| അസിസ്റ്റന്റ് ഡയറക്ടർ, കില | Assistant Director, KILA |
| *ഡി.ടി.പി* | *D.T.P* |
| ശ്രീലത എസ്. | Sreelatha S. |
| *പ്രസാധനം* | *Published by* |
| കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ | Kerala Institute of Local |
| അഡ്മിനിസ്ട്രേഷൻ (കില) | Administration (KILA) |
| മുളംകുന്നത്തുകാവ്, തൃശൂർ 680581 | Mulamkunnathukavu,Thrissur- 680581 |
| ഫോൺ: +914872207000, 2201312 | Phone: +91-487-2207000-, 2201312 |
| ഫാക്സ്: +914872201062 | Fax: +91-487-2201062 |
| ഇമെയിൽ: info@kila.ac.in | Email: info@kila.ac.in |
| വെബ്സൈറ്റ്: http://www.kila.ac.in | Website: http://www.kila.ac.in |
| *കവർ ഡിസൈൻ* | *Cover Design* |
| ഗോഡ്ഫ്രെയ്സ് ഗ്രാഫിക്സ് | Godfrey's Graphics |
| *അച്ചടി* | *Printed at* |
| ഗ്രാമലക്ഷ്മി മുദ്രാലയം | Gramalakshmi Mudralayam |
| ഡിസംബർ 2020 | December 2020 |


*Copyright: Everyone can use this for noncommercial public purpose with acknowledgement to KILA*



കേരള സർക്കാർ

**പിണറായി വിജയൻ**
മുഖ്യമന്ത്രി

നം.662/പ്രസ്/സി.എം.ഒ/2020. ഡിസംബർ 4, 2020.

# സന്ദേശം

ജനങ്ങളുമായി ഏറ്റവും അടുത്ത് നിൽക്കുന്ന ഭരണസംവിധാനം എന്ന നിലയിൽ പ്രാദേശിക സർക്കാരുകൾക്ക് വലിയ പ്രാധാന്യമാണുള്ളത്. ജനങ്ങളുമായി നേരിട്ട് ഇടപെടുവാനും അവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും കണ്ടറിഞ്ഞ് പ്രവർത്തിക്കുവാനും കഴിയുന്നത് പ്രാദേശികഭരണ സംവിധാനത്തിലൂടെയാണ്. അതുകൊണ്ടു തന്നെ തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന കാര്യത്തിൽ ഈ സർക്കാർ പ്രതിജ്ഞാബദ്ധവുമാണ്.

സുസ്ഥിരവും സർവ്വതോമുഖവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ വികസന പ്രക്രിയയിലൂന്നിയ ഒരു നവകേരള സൃഷ്ടിക്കായാണ് 2017-ൽ ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടം ആരംഭിച്ചത്. നവകേരള കർമ്മപരിപാടിയുടെ ഭാഗമായുള്ള ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ഹരിതകേരളം തുടങ്ങിയവയെല്ലാം നടപ്പാക്കുന്നതും തദ്ദേശസ്വയംഭരണ സംവിധാനം വഴിയാണ്. ഈ കാഴ്ചപ്പാട് ഉൾക്കൊണ്ട് പ്രവർത്തിക്കാൻ ജനപ്രതിനിധികൾക്ക് സാധിക്കണം.

പ്രാദേശിക ഭരണസംവിധാനം ശക്തമാക്കുന്നതിന് കാര്യശേഷി വികസനം അത്യന്താപേക്ഷിതമാണ്. ഇത് മുന്നിൽ കണ്ട് കില തയ്യാറാക്കിയ എട്ട് കൈപ്പുസ്തകങ്ങളുടെ സമാഹാരം ജനപ്രതിനിധികൾക്ക് ഉപകാരപ്രദമാകും എന്ന് പ്രതീക്ഷിക്കുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, പിൻ 695 001
വസതി ക്ലിഫ് ഹൗസ്, ഫോ 0471 2318406, 2314853
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489
chiefminister@kerala.gov.in | facebook.com/cmokerala twitter.com/cmokerala | www.keralacm.gov.in

കേരള സർക്കാർ



**എ.സി. മൊയ്തീൻ**
തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി
കേരള സർക്കാർ

# സന്ദേശം

**1996-ൽ** അധികാരത്തിൽ വന്ന നായനാർ സർക്കാർ നടപ്പിലാക്കിയ ജനകീയാസൂത്രണ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾ കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളിലുണ്ടാക്കിയ മാറ്റങ്ങൾ വളരെ വലുതും മാതൃകാപരവുമാണ്. ഇതിന്റെ ഫലമായി, ജനാഭിലാഷം കണ്ടറിഞ്ഞ ഒട്ടേറെ നൂതനാശയങ്ങൾ പ്രാദേശിക സർക്കാരുകൾ നടപ്പിലാക്കി. 2017ൽ ആരംഭിച്ച നവകേരളത്തിനായി ജനകീയാസൂത്രണവും നവകേരള കർമ്മപദ്ധതിയും വിവിധ ദൗത്യങ്ങളും ഈ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തി പകർന്നു.

ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള ഭരണ സംവിധാനങ്ങളെ അപേക്ഷിച്ച് ജനങ്ങളുമായി കൂടുതൽ ഇഴുകിച്ചേർന്ന് അവരുടെ വികസനാവശ്യങ്ങളെ യാഥാർത്ഥ്യബോധത്തോടെ സമീപിക്കാനും ഉൾക്കൊള്ളാനും പഞ്ചായത്തുകളും നഗരസഭകളുമടങ്ങുന്ന തദ്ദേശ സ്വയംഭരണ സംവിധാനത്തിന് കഴിയുമെന്നത് നിസ്തർക്കമാണ്. അതിനുതകുന്ന തരത്തിൽ തദ്ദേശ സ്വയംഭരണ സംവിധാനത്തിന്റെ വിവിധ തലങ്ങളിൽ ആവശ്യമായ പരിശീലനം നൽകുന്നതിന് കില അനുവർത്തിക്കുന്ന പരിശ്രമങ്ങൾ പ്രശംസനീയമാണ്.

അത്തരം ശ്രമങ്ങളുടെ അടുത്ത ഘട്ടമെന്ന നിലയിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ടുവരുന്ന ജനപ്രതിനിധികൾക്ക് അടക്കം പരിശീലനം നൽകാനുള്ള പദ്ധതിക്ക് കില നേതൃത്വം നൽകുന്നത് ആഹ്ലാദകരമായ കാര്യമാണ്. അതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട വരുന്ന വിവിധ ഘടകങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് അവയുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന വിദഗ്ധരുടെ നേതൃത്വത്തിൽ ഒരു കൈപ്പുസ്തകം തയ്യാറാക്കുന്നു എന്നതും പ്രശംസനീയമായ ഒന്നാണ്. ജെൻഡറും പ്രാദേശികഭരണവും എന്ന ഈ കൈപ്പുസ്തകം ഈ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന എല്ലാവർക്കും ഉപകാരപ്രദമായി തീരട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.

തിരുവനന്തപുരം

സസ്നേഹം,



എ.സി. മൊയ്തീൻ



**ഡോ. ജോയ് ഇളമൺ**
ഡയറക്ടർ ജനറൽ, കില

# അവതാരിക

കഴിഞ്ഞ 25 വർഷത്തെ വികേന്ദ്രീകൃത ആസൂത്രണ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക ഭരണത്തിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാനും രാജ്യവും ലോകം തന്നെയും ഉറ്റുനോക്കുന്ന വികസനത്തിന്റെ മാതൃകാസ്ഥാനമായി മാറാനും കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ജനകീയാസൂത്രണം കേരളത്തിലെ സ്ത്രീകൾക്ക് പ്രാദേശിക ഭരണവ്യവസ്ഥയിൽ അവകാശപ്പെട്ട ഒരു ഇടം നൽകിയിട്ടുണ്ട്.

സ്ത്രീകളുടെ സഞ്ചാരസ്വാതന്ത്ര്യം, സ്വത്തവകാശം, ആസ്തികളുടെ നിയന്ത്രണം, സ്ത്രീ സുരക്ഷ, രാഷ്ട്രീയതലത്തിലും നയരൂപീകരണ സ്ഥാനങ്ങളിലുമുള്ള പങ്കാളിത്തം എന്നിവയിൽ ഇനിയും ഏറെ ദൂരം മുന്നോട്ട് പോകേണ്ടതുണ്ട്. ഉച്ചനീചത്വത്തിലധിഷ്ഠിതമായ സാമൂഹികവ്യവസ്ഥിതിയും സ്ത്രീവിരുദ്ധ പ്രത്യയശാസ്ത്രങ്ങളും നൂറ്റാണ്ടുകളിലൂടെ ഉരുത്തിരിഞ്ഞവയാണ്. തന്മൂലം അവയെ പരിവർത്തനം ചെയ്തെടുക്കുക എളുപ്പമല്ല. ഓരോ രാജ്യത്തിന്റെയും വികസന നിലവാരം നിർണ്ണയിക്കുന്ന സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ (SDG) അഞ്ചാമത്തെ ലക്ഷ്യം തന്നെ ലിംഗസമത്വത്തിനു വേണ്ടിയുള്ള ബോധപൂർവ്വമായ ഇടപെടലുകൾ ആവശ്യപ്പെടുന്നതാണ്.

ലിംഗപരമായ അസമത്വങ്ങളെ ഇല്ലാതാക്കണമെങ്കിൽ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ-നിയമ- രാഷ്ട്രീയ മേഖലകളിലെല്ലാം പുരോഗമനപരമായ മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്. സ്ത്രീകളുടെയും മറ്റ് ലിംഗലൈംഗിക ന്യൂനപക്ഷങ്ങളുടെയും താൽപര്യങ്ങളും കാഴ്ച്ചപ്പാടും കണക്കിലെടുക്കാതെ ഒരു തീരുമാനവും ഉണ്ടാവുകയില്ലെന്ന് ഉറപ്പാക്കേണ്ടതുണ്ട്. ആരും ഒഴിവാക്കപ്പെടാതെ എല്ലാ മനുഷ്യരുടെയും കഴിവുകളും സാധ്യതകളും വികസിപ്പിക്കുകയും അവ ഉപയോഗിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും വേണം. സാമൂ

ഹ്യനീതി സ്ഥാപിക്കുന്നതിനും സാമൂഹ്യമായ ഉൾച്ചേർക്കൽ സാധ്യമാക്കുന്നതിനും നിരവധി സംവിധാനങ്ങൾ കേന്ദ്ര സംസ്ഥാന ഭരണതലത്തിലും തദ്ദേശ സ്ഥാപന തലത്തിലും നിലവിലുണ്ട്. അവയെല്ലാം ഏകോപിപ്പിച്ചുകൊണ്ട് എല്ലാ ജനങ്ങൾക്കും പ്രാപ്യമാക്കേണ്ടത് പ്രാദേശികതല ഭരണസംവിധാനത്തിന്റെ ചുമതലയാണ്. ആ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടാണ് കില പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കായുള്ള പരിശീലനത്തിൽ, ജെൻഡറും പ്രാദേശികഭരണവും' എന്ന വിഷയം ഉൾപ്പെടുത്തിയിരിക്കുന്നത്. ജെൻഡർ ആശയങ്ങളിൽ വ്യക്തതയുള്ള, വ്യത്യസ്തതകളെ അംഗീകരിക്കുന്ന നേതാക്കന്മാരായി ജെൻഡർ സൗഹൃദ തദ്ദേശഭരണം സാധ്യമാക്കാനായി ജനപ്രതിനിധികളെ പ്രാപ്തരാക്കാൻ ഉതകുന്ന തരത്തിലാണ് ഈ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. അതിനായി കൂട്ടായി പ്രയത്നിച്ച കില ടീം അംഗങ്ങൾക്ക് പ്രത്യേക അഭിനന്ദനങ്ങൾ.

ഡോ. ജോയ് ഇളമൺ

# ആമുഖം

**എല്ലാ ലിംഗവിഭാഗങ്ങളുടെയും** അനുഭവങ്ങളും കാഴ്ച്ചപ്പാടുകളും സന്തുലിതമായി സാമൂഹിക, രാഷ്ട്രീയ ഭരണ സംവിധാനങ്ങളുടെ ഭാഗമായാൽ മാത്രമേ അവ നീതിയിലധിഷ്ഠിതമാവുകയുള്ളൂ. സാർവ്വദേശീയ, ദേശീയ തലങ്ങളിൽ ലിംഗനീതിക്കും ലിംഗതുല്യതയ്ക്കും വേണ്ടിയുള്ള ഒട്ടേറെ കരാർ ഉടമ്പടികളുണ്ടായിട്ടുണ്ട്. ഇന്ത്യൻ ഭരണഘടന എല്ലാ വിഭാഗം ജനങ്ങൾക്കും തുല്യാവകാശങ്ങൾ ഉറപ്പാക്കുന്നുണ്ട്. പ്രാദേശിക തലത്തിലും ഈ തുല്യനീതി ഉറപ്പാക്കേണ്ടതുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് ഈ അവബോധം പകർന്ന് നൽകുകയും ലിംഗനീതി നടപ്പിലാക്കുവാൻ പ്രാദേശിക ഭരണ സംവിധാനങ്ങളുടെ നിലവിലുള്ള സാധ്യതകൾ മനസ്സിലാക്കി തങ്ങളുടെ വരുംകാല പ്രവർത്തനങ്ങൾ അതിനനുസൃതമായി രൂപപ്പെടുത്തുവാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിന് സഹായകമാകുന്ന വിധത്തിലാണ് ഈ കൈപ്പുസ്തകം ഒരുക്കിയിട്ടുള്ളത്.

ലിംഗപദവിയെ കുറിച്ചും ലിംഗപദവി ബന്ധങ്ങളെ കുറിച്ചും സംസാരിക്കുക എന്നത് സങ്കീർണ്ണമായ ഒരു പ്രക്രിയയാണ്. നമ്മൾ ആരാണ്, നമ്മൾ പരിചയപ്പെടുന്ന സ്ത്രീകളും പുരുഷന്മാരും മറ്റ് ലിംഗവിഭാഗങ്ങളിൽ പെടുന്നവരുമായി നമ്മൾ ഇടപഴകുന്നത് എപ്രകാരമാണ്, നമ്മൾ എവിടെ താമസിക്കുന്നു, ജോലി ചെയ്യുന്നു, എന്തൊക്കെ അവസരങ്ങൾ ലഭിക്കുന്നു, എന്തൊക്കെ തടസ്സങ്ങൾ നേരിടുന്നു, എന്തൊക്കെ വിഭവങ്ങളിൽ നമുക്ക് പ്രാപ്യതയുണ്ട് എന്നിവയെല്ലാം അധികാരബന്ധങ്ങളെ സ്വാധീനിക്കുന്നുണ്ട്. സമൂഹത്തിലെ ഏതൊരു അനീതിയും പോലെ ഇതും ഒരു സാമൂഹിക പ്രശ്നമായി കണക്കാക്കി അതിനെതിരെ സ്ത്രീപുരുഷന്മാരുടെ കൂട്ടായ ഇടപെടലുകളുണ്ടാവുകയാണെങ്കിൽ മാത്രമേ മാറ്റത്തിനുള്ള ശ്രമങ്ങൾക്ക് വേഗം കൂടുകയുള്ളു. ലിംഗപദവിയെ കുറിച്ചും ഈ അധികാരബന്ധങ്ങളെ കുറിച്ചും അടിസ്ഥാനധാരണകൾ ഉണ്ടാകുന്നതോടൊപ്പം ലിംഗനീതി പ്രശ്നങ്ങൾ സാമൂഹ്യ പ്രശ്നങ്ങളാണെന്നുള്ള ആശയം വ്യാപകമായി ചർച്ച ചെയ്യപ്പെടുകയും വേണം. ലിംഗനീതിയിലധിഷ്ഠിതമായ വികസന കാഴ്ചപ്പാട് എന്താണെന്ന് മനസ്സിലാക്കുന്നതിനും ലിംഗപദവി അവബോധത്തിലധിഷ്ഠിതമായ പ്രാദേശിക വികസനം നടപ്പിലാക്കാനും മുഴുവൻ ജനപ്രതിനിധികൾക്കും ഈ കൈപ്പുസ്തകത്തിലെ വിവരങ്ങൾ ഉപകാരപ്പെടുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

**ഡോ. കെ.പി.എൻ. അമൃത**
റിസർച്ച് അസ്സോസിയേറ്റ്, കില

## ഉള്ളടക്കം


| | | |
|---|---|---|
| അദ്ധ്യായം 1 | പ്രാദേശിക വികസനവും ലിംഗനീതിയും | 13 |
| അദ്ധ്യായം 2 | ജെൻഡറും പഞ്ചായത്തിരാജ്/ നഗരപാലിക സംവിധാനവും | 27 |
| അദ്ധ്യായം 3 | ജെൻഡറും അനുബന്ധ ആശയങ്ങളും | 39 |
| അദ്ധ്യായം 4 | ലിംഗപദവിയും വികസനവും | 49 |
| അദ്ധ്യായം 5 | ലിംഗനീതിക്കായുള്ള സംവിധാനങ്ങളും നിയമങ്ങളും | 65 |
| അദ്ധ്യായം 6 | ജെൻഡർ സൗഹൃദ തദ്ദേശഭരണം | 92 |

## അദ്ധ്യായം 1

# പ്രാദേശിക വികസനവും ലിംഗനീതിയും

### 1.1 എന്തുകൊണ്ട് ലിംഗനീതിയെ കുറിച്ച് സംസാരിക്കുന്നു?

ലിംഗപദവി തുല്യത എന്നത് കേരളത്തിൽ ഒരു പ്രധാന പ്രശ്നമാണോ എന്ന സംശയം പൊതുവെ കേൾക്കാറുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 50% സ്ത്രീ സംവരണവും കുടുംബശ്രീ പ്രസ്ഥാനത്തിലെ പങ്കാളിത്തവും ഒക്കെയായി കാഴ്ചവട്ടത്ത് സ്ത്രീകളെ കാണാമെന്നതുകൊണ്ടാണ് ഇങ്ങനെയൊരു സംശയം ഉയരുന്നത്. എന്നാൽ വസ്തുത എന്താണ്?

**15%**

**ത്തിൽ താഴെയാണ്**
**രാഷ്ട്രീയ പാർട്ടികളിലോ**
**പൊതുരംഗത്തോ പ്രവർത്തിക്കുന്ന സ്ത്രീകൾ.**

**അതിൽ തന്നെ**

**16%**

**മാത്രമാണ്**
**ഏതെങ്കിലും ഒരു ഭാരവാഹിത്വം വഹിക്കുന്നത്.**

സംസ്ഥാന നിയമസഭയിലും പാർലമെന്റിലും ഉള്ള നാമമാത്രമായ സ്ത്രീപ്രാതിനിധ്യം മറ്റൊരു സൂചകമാണ്.

**സർക്കാർ സർവീസിലെ ഉയർന്ന ഉദ്യോഗങ്ങൾ, ന്യായാധിപർ തുടങ്ങി സുപ്രധാന തീരുമാനങ്ങളെടുക്കുന്ന വേദികളിലും അധികാര സ്ഥാനങ്ങളിലും സ്ത്രീകളുടെ എണ്ണം വളരെ കുറഞ്ഞിരിക്കുന്നത് എന്തുകൊണ്ടാവും ?**



സ്വാതന്ത്ര്യം, സാഹോദര്യം, തുല്യത, നീതി എന്നീ തത്ത്വങ്ങളുടെ ശക്തമായ അടിസ്ഥാനത്തിലാണ് ഭരണഘടന രൂപപ്പെടുത്തിയിരിക്കുന്നത്. സ്വാതന്ത്ര്യത്തിന്റെയും തുല്യതയുടെയും പല ഘടകങ്ങളും നമുക്ക് അളന്നെടുക്കാൻ കഴിയാത്തതാണ്. മനുഷ്യനെന്ന അഭിമാനം, ആത്മാഭിമാനം, മാനസികവും വൈകാരികവുമായ സുരക്ഷിതത്വം, മറ്റുള്ളവർ നല്കുന്ന അംഗീകാരം ഇവയൊക്കെ ഒരു വ്യക്തിയുടെ ജീവിതത്തിൽ പ്രധാനപ്പെട്ട സംഗതികളാണ്. എല്ലാവിധത്തിലുമുള്ള സ്വാതന്ത്ര്യം ഉറപ്പാക്കാനുള്ള പ്രത്യേക ശ്രദ്ധ സ്ത്രീശാക്തീകരണത്തിനുള്ള പ്രധാന ഉപാധിയാണ്.

തുല്യതയ്ക്കു വേണ്ടിയും വിവേചനത്തിനെതിരായും ഇന്ത്യൻ പൗരരെന്ന നിലയിൽ സ്ത്രീകൾക്കുള്ള അവകാശങ്ങൾ സ്ത്രീകളുടെ മൗലിക അവകാശങ്ങളാണ്. സാമൂഹ്യ പുരോഗതിയുടെ ഭാഗമായി സ്ത്രീയുടെ താഴ്ന്ന പദവി താനെ മാറിക്കൊള്ളും എന്നത് ഒരു പഴഞ്ചൻ ധാരണയാണ്. ഇന്ത്യയിൽ മറ്റേതൊരു പ്രദേശവുമായി താരതമ്യം ചെയ്യുമ്പോൾ സാമൂഹ്യ-സാമ്പത്തിക ഘടനയിൽ വളരെ വേഗം പരിവർത്തനം ഉണ്ടായ പ്രദേശമാണ് കേരളം. എന്നാൽ അതിന്റെ ഭാഗമായി ഉണ്ടായ വികസന പ്രക്രിയയിലോ നയരൂപീകരണ വേദികളിലോ നിർവഹണ രംഗത്തോ സ്ത്രീ പ്രാതിനിധ്യം വേണ്ടത്ര ഉണ്ടായിട്ടില്ല. ഇത് തെളിയിക്കുന്നത് എന്താണ്?



**സാമൂഹ്യമായി രൂപമെടുക്കുന്ന ശക്തമായ ഇടപെടൽ പ്രസ്ഥാനങ്ങളിലൂടെ മാത്രമേ ഭരണഘടനയുടെ താളുകളിൽ നിന്നും സ്വാതന്ത്ര്യവും തുല്യതയും ജനങ്ങളുടെ ജീവിതത്തിലേയ്ക്ക് ഇറങ്ങി വരികയുള്ളൂ.**

കേരളത്തിലെ സ്ത്രീപദവി ഉയർത്തുന്നതിൽ രാഷ്ട്രീയ, ഭരണകൂട സംവിധാനങ്ങൾക്ക് നല്ല ഉത്തരവാദിത്തമുണ്ട്. മൊത്തം ജനതയുടെ വികസനം ലക്ഷ്യമാക്കുന്ന മേൽ സംവിധാനങ്ങൾ സ്ത്രീകളുടെ തുല്യ വികസനം ലക്ഷ്യമാക്കിയേ മതിയാവൂ. സഞ്ചാരസ്വാതന്ത്ര്യം, സ്വത്തവകാശം, ആസ്തികളുടെ നിയന്ത്രണം, തീരുമാനമെടുക്കാനുള്ള പ്രാപ്തിയും അധികാരവും, ശാരീരിക-മാനസിക സുരക്ഷ ഇവയെല്ലാം സമതുലിത വികസനത്തിലേക്കുള്ള ഓരോരോ പടവുകളാണ്. ലിംഗ വിവേചനം നിലനില്ക്കുന്ന സമൂഹത്തിൽ ലിംഗതുല്യതയ്ക്കായുള്ള ബോധപൂർവമായ ഇടപെടലുകൾ ഉണ്ടായേ പറ്റൂ. സ്ത്രീശാക്തീകരണം ആ പോരാട്ടത്തിൽ അതിപ്രധാനമാണ്.

വ്യക്തി, കുടുംബം, ലൈംഗികത ഇവയെല്ലാം രാഷ്ട്രീയപരമാണ്.

അവയിലൊക്കെ ഭരണകൂടത്തിന്റെ ഇടപെടൽ അനിവാര്യമാണ്.

പ്രാദേശിക സർക്കാരുകൾക്ക് അത് ഫലപ്രദമായി ചെയ്യാനാകും.

## ഭരണഘടനാ വ്യവസ്ഥകൾ

| | | |
|---|---|---|
| അനുച്ഛേദം 14 | : | തുല്യതയ്ക്കുള്ള അവകാശം |
| അനുച്ഛേദം 15 | : | വിവേചനരാഹിത്യം. |
| അനുച്ഛേദം 15 (3) | : | സ്ത്രീകൾക്ക് വേണ്ടി പ്രത്യേക നിയമങ്ങൾ ഉണ്ടാക്കുവാൻ ഭരണകൂടത്തെ അധികാരപ്പെടുത്തൽ |
| അനുച്ഛേദം 16 | : | സർക്കാർ ജോലിയിൽ അവസരസമത്വം |
| അനുച്ഛേദം 19 | : | 1. അഭിപ്രായപ്രകടനത്തിനുള്ള സ്വാതന്ത്ര്യം<br>2. സമ്മേളന സ്വാതന്ത്ര്യം<br>3. സംഘടനാ സ്വാതന്ത്ര്യം<br>4. സഞ്ചാര സ്വാതന്ത്ര്യം<br>5. താമസിക്കാൻ സ്വാതന്ത്ര്യം<br>6. തൊഴിൽ, ബിസിനസ് മുതലായവ നടത്താനുള്ള സ്വാതന്ത്ര്യം |
| അനുച്ഛേദം 21 | : | അന്തസ്സോടെയും മറ്റും ജീവിക്കാനുള്ള അവകാശം, വ്യക്തിസ്വാതന്ത്ര്യം |
| അനുച്ഛേദം 23 | : | മനുഷ്യക്കടത്ത്, നിർബന്ധിത തൊഴിൽ മുതലായ ചൂഷണത്തിൽ നിന്നുമുള്ള സംരക്ഷണം |
| അനുച്ഛേദം 32 | : | ഭരണഘടന വാഗ്ദാനം നൽകുന്ന അവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ അത് നേടിയെടുക്കുന്നതിനുള്ള പരിഹാരങ്ങൾ |
| അനുച്ഛേദം 39 | : | തുല്യ ജോലിക്ക് തുല്യ വേതനം, കഴിവിനു യോജിക്കാത്ത ജോലിയെടുക്കാൻ നിർബന്ധിക്കരുതെന്ന നിർദ്ദേശം |
| അനുച്ഛേദം 42 | : | ജോലിസ്ഥലം ആരോഗ്യകരമാകണമെന്നും പ്രസവാനുകൂല്യം നൽകണമെന്നുമുള്ള വ്യവസ്ഥകൾ |
| അനുച്ഛേദം 51 എ(ഇ) | : | സ്ത്രീയുടെ അന്തസ്സും അഭിമാനവും ഹനിക്കത്തക്ക പ്രവൃത്തികൾ ഒഴിവാക്കേണ്ടതാണ് |

വികസനമെന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

- വികസനമെന്ന പ്രക്രിയ വഴി എല്ലാ മനുഷ്യരുടെയും ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റപ്പെടണം.
- തീരുമാനമെടുക്കുന്ന പ്രക്രിയകളിലെല്ലാം സജീവമായി പങ്കെടുക്കാനവസര മുണ്ടാകണം.
- അഭിമാനത്തോടുകൂടി ജീവിക്കാനുള്ള സാഹചര്യം ഉറപ്പാക്കണം.
- വ്യക്തികളുടെ കഴിവുകൾ വികസിപ്പിക്കാനും പ്രയോജനപ്പെടുത്താനും അവസരങ്ങൾ ഉണ്ടാവണം.
- ഉത്തരവാദിത്തത്തോടെ, സുരക്ഷിതവും സ്വതന്ത്രവുമായ ജീവിതം നയിക്കാനുള്ള ആഗ്രഹം നിറവേറ്റപ്പെടണം.

അതായത്, വികസനമെന്നത് വളർച്ച മാത്രമല്ല, നീതിപൂർവമായതും, പങ്കാളിത്ത ത്തോടു കൂടിയതും പരിസ്ഥിതിയെ സംരക്ഷിക്കുന്നതും നിലനിൽക്കുന്നതുമായ വളർച്ച യാണ്. നിലവിലുള്ള വികസനം സ്ത്രീകളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നുണ്ട്. എന്നാൽ അവസ്ഥ മാത്രമല്ല പദവി. സ്ത്രീകളുടെ പദവിയിൽ പുരുഷന്മാരുമായി താരതമ്യം ചെയ്യുമ്പോൾ കാര്യമായ വ്യത്യാസമുണ്ടാകുന്നില്ല. രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, ട്രേഡ് യൂണിയനുകൾ, സംസ്ഥാന നിയമസഭ, ലോകസഭ തുടങ്ങി തന്ത്രപ്രധാന തീരുമാന മെടുക്കൽ വേദികളിൽ സ്ത്രീകളുടെ പ്രാതിനിധ്യം നോക്കിയാൽ നമുക്കിതറിയാം. വളരെ ശക്തമായ ജനകീയ മുന്നേറ്റങ്ങളുടെ ഈറ്റില്ലമാണ് കേരളമെങ്കിലും വികസനത്തിൽ യഥാർത്ഥ സ്ത്രീപ്രശ്നങ്ങളോ ലിംഗപദവി കാഴ്ചപ്പാടോ ശരിയാംവണ്ണം ഉൾപ്പെട്ടിട്ടില്ല. അതുകൊണ്ട് തുല്യതയുടെ കര കാണും വരെ ലിംഗനീതിയെക്കുറിച്ച് സംസാരിച്ചു കൊണ്ടേയിരിക്കണം.

## 1.2 പ്രാദേശിക വികസനം ലിംഗനീതിയുടെ അടിസ്ഥാനത്തിൽ ആകേണ്ടതുണ്ട്

സംസ്ഥാന ബഡ്ജറ്റിന്റെ ഏതാണ്ട് മൂന്നിലൊന്ന് ഭാഗം തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന നാടാണ് കേരളം. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതവും തനതായി സ്വരൂപിക്കുന്ന വിഭവങ്ങളും ഉണ്ട്. ആകെ നോക്കുമ്പോൾ സംസ്ഥാന ബഡ്ജറ്റിന്റെ 40 ശതമാനത്തോളം വരും ഇത്. സാമാന്യ ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാനുള്ള അധികാരങ്ങളും സംവിധാന ങ്ങളും പ്രാദേശിക സർക്കാരുകളുടെ നിയന്ത്രണത്തിലാണ്. സ്ത്രീകളുടെ പ്രായോഗിക ആവശ്യങ്ങളും ഒരു പരിധിവരെ തന്ത്രപ്രധാന ആവശ്യങ്ങളും നിറവേറ്റാൻ ഏറെ സാധ്യതകളുള്ള വികസനതലമാണിത്. പ്രാദേശിക ആസൂത്രണത്തിൽ പങ്കാളിയായി തങ്ങളുടെ പങ്ക് കണക്കു പറഞ്ഞ് വാങ്ങാൻ ലിംഗ ലൈംഗിക ന്യൂനപക്ഷങ്ങൾക്കും നേരിട്ട് അവസരമുള്ള ഏക സർക്കാരും തദ്ദേശ ഭരണ സ്ഥാപനങ്ങളാണ്.

രാജ്യവും ലോകം തന്നെയും ഉറ്റുനോക്കുന്ന പങ്കാളിത്ത വികസനത്തിന്റെ മാതൃകാസ്ഥാനമാണ് കേരളം. കേരളത്തിന്റെ സാമൂഹ്യ അവബോധത്തിന്റെയും കൂട്ടായ്മയുടെയും ഉൽപ്പന്നമാണ് ജനകീയാസൂത്രണം. ജനകീയാസൂത്രണം കേരളത്തിലെ സ്ത്രീകൾക്ക് പ്രാദേശിക ഭരണ വ്യവസ്ഥയിൽ അവകാശപ്പെട്ട ഒരു ഇടം നൽകിയിട്ടുണ്ട്. പഞ്ചായത്തിരാജിന്റെയും വികേന്ദ്രീകരണത്തിന്റെയും ഇന്ത്യയിലെ മികച്ച മാതൃകയായി ജനകീയാസൂത്രണം ദേശീയവും അന്തർദേശീയവുമായ പഠനങ്ങളിൽ വിലയിരുത്തപ്പെട്ടിട്ടുണ്ട്. സ്ത്രീകൾക്ക് അവരുടെ വ്യക്തിപരമായ കഴിവുകൾ വികസിപ്പിക്കാനും ഭരണപരമായ നൈപുണികൾ വർദ്ധിപ്പിക്കാനും, നേതൃശേഷി വളർത്താനും ജനകീയാസൂത്രണം നല്ലൊരു വേദിയായിട്ടുണ്ട് എന്ന് പഠനങ്ങൾ പറയുന്നു. അതേസമയം പ്രാദേശിക ഭരണത്തിലും രാഷ്ട്രീയത്തിലും കൈവന്ന ഈ അവസരം സംസ്ഥാന-ദേശീയ രാഷ്ട്രീയ-ഭരണ സംവിധാനങ്ങളിലേക്ക് വളർന്നു വികസിക്കുന്നതിൽ വിജയിച്ചിട്ടില്ല എന്നും ഇതേ പഠനങ്ങൾ പറയുന്നു.

മനുഷ്യന്റെ വികസനമെന്നാൽ അവർക്ക് വേണ്ടത് തെരഞ്ഞെടുക്കാനുള്ള സാധ്യതകൾ വർദ്ധിക്കുകയും അവരുടെ കഴിവുകൾ വർദ്ധിക്കുകയും കൂടുതൽ സ്വാതന്ത്ര്യം ഉപയോഗിക്കാൻ അവർക്ക് പ്രാപ്തിയുണ്ടാവുകയുമാണ്. സ്വന്തം കഴിവുകളും അഭിരുചികളും പരമാവധി വളർത്തിയെടുക്കാനും സ്വന്തമായ ചിന്തകളും അഭിപ്രായങ്ങളും പ്രകടിപ്പിക്കാനും കഴിയണം. അതേപോലെ, തീരുമാനമെടുക്കൽ പ്രക്രിയകളിൽ പങ്കാളിയാകാനും ചൂഷണമില്ലാത്ത സാഹചര്യം ലഭിക്കാനും സ്വാതന്ത്ര്യമുള്ള ഒരു സാമൂഹ്യാന്തരീക്ഷത്തിലാണ് യഥാർത്ഥത്തിൽ വികസനം സാധ്യമാകുന്നത്.

> **ലിംഗ സമത്വം ഒരു സ്ത്രീപ്രശ്നം മാത്രമല്ല അതൊരു ജനകീയ പ്രശ്നവും വികസന പ്രശ്നവുമാണ്.**

നാമിന്ന് ചിന്തിക്കുന്ന രീതിയും പെരുമാറുന്ന രീതിയും മാറണം. തുല്യതയും തുല്യ അവകാശവും അംഗീകരിക്കുന്ന മൂല്യങ്ങളാവണം, ഏതു പ്രായത്തിലും വിശ്വാസത്തിലും പശ്ചാത്തലത്തിലും പെട്ട വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങൾ നിർണയിക്കുന്നത്. തുല്യതയുള്ള ജനാധിപത്യപരമായ പൗരത്വം ശരിയായ അർത്ഥത്തിൽ ഉണ്ടാവുന്നത് തീരുമാനമെടുക്കൽ പ്രക്രിയയിൽ എല്ലാ വേദികളിലും ലിംഗപരമായ തുല്യത സാധ്യമാവുമ്പോഴാണ്. ലിംഗപരമായ അസമത്വങ്ങളെ ഇല്ലാതാക്കണമെങ്കിൽ സാമൂഹ്യ-

സാമ്പത്തിക-വിദ്യാഭ്യാസ-നിയമ-രാഷ്ട്രീയ മേഖലകളിലെല്ലാം പുരോഗമനപരമായ മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

**എല്ലാ പൊതു ചർച്ചകളും - പാർലമെന്റു മുതൽ തദ്ദേശ സ്ഥാപനങ്ങൾ വരെ - എല്ലാ പൗരന്മാർക്കും ലഭിക്കേണ്ട തുല്യതയുടേയും സ്വാതന്ത്ര്യത്തിന്റെയും മൂല്യങ്ങൾ മുന്നോട്ടു വയ്ക്കുന്നതായിരിക്കണം.**

വികേന്ദ്രീകൃത വികസനം എന്നത് പ്രാദേശിക ഗവണ്മെന്റുകളുടെ ശാക്തീകരണവും അതിലൂടെ സാമാന്യജനങ്ങൾ കൈവരിക്കുന്ന ജനാധികാരവുമാണ്. ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ ലിംഗപരമായ വിവേചനം വളരെയധികം കുറച്ചുകൊണ്ടു വരുന്നതിൽ വിജയിച്ച ഒരു നാടാണ് കേരളം. സാമ്പത്തിക പങ്കാളിത്തം, രാഷ്ട്രീയം മുതലായ രംഗങ്ങളിൽ കൂടി ഈ ദിശയിൽ ഏറെ ദൂരം മുന്നോട്ടു പോകാൻ കേരളത്തിനു കഴിയേണ്ടതുണ്ട്. വികസനം യഥാർത്ഥഗമായ സ്വാതന്ത്ര്യം ആസ്വദിക്കാനായി ഒരു ജനത വിചാരപൂർവം ഏർപ്പെടുന്ന പ്രക്രിയയാണ്. വികസന രംഗത്തെ സ്ത്രീകളുടെ തുല്യ പങ്കാളിത്തം ഒരേസമയം അവരുടെ കാര്യശേഷി വികസനവും സ്വാതന്ത്ര്യബോധവും സാധ്യമാക്കുന്ന ഉപാധിയാണ്.

പക്ഷെ, പ്രാദേശിക പദ്ധതികളിൽ സ്ത്രീ വികസന പരിപാടികളുടെ പൊതുസ്വഭാവം മറ്റൊരു ദിശയിലാണ്. കുടുംബത്തിനുള്ളിൽ നിലനിൽക്കുന്ന ലിംഗപരമായ തൊഴിൽ വിഭജനം മൂലം നമ്മുടെ സൂമൂഹത്തിൽ വീട്ടുജോലി, കുട്ടികളുടെ പരിചരണം, കുടുംബാംഗങ്ങളുടെ ആരോഗ്യം, ഭക്ഷണം തുടങ്ങിയവയെല്ലാം സ്ത്രീകൾ നിർവഹി ക്കേണ്ടി വരുന്നു. ഇതിനു പുറമേ ഉൽപാദനപരമായ ജോലികളിൽ ഏർപ്പെട്ട് വരുമാനം ഉണ്ടാക്കുകയും വേണം. തന്മൂലം വീട് നോക്കാൻ വേണ്ട കുടുംബ വരുമാനമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ എന്നീ സ്ത്രീകളുടെ പ്രായോഗിക ആവശ്യങ്ങളാണ് ആസൂത്രണത്തിൽ സ്ത്രീകൾക്കായി പരിഗണിക്കപ്പെടുന്നത്. ഇവയാകട്ടെ അവരുടെ സാമൂഹ്യപദവിയിൽ കാര്യമായ മാറ്റങ്ങളുണ്ടാക്കാൻ പര്യാപ്തമല്ല.

സ്ത്രീകളുടെ നിർണ്ണായകമായ (തന്ത്രപരമായ) ലിംഗപദവി ആവശ്യങ്ങൾ മനസ്സിലാക്കി വികസനാസൂത്രണം നടത്തുമ്പോഴാണ് അവരുടെ സാമൂഹ്യപദവിയിൽ മാറ്റം വരുത്താനാവുന്നത്. ലിംഗപരമായ തൊഴിൽ വിഭജനം ഇല്ലാതാക്കുക, വീട്ടുജോലി, കുട്ടികളുടെ പരിരക്ഷ എന്നീ ചുമതലകൾ പങ്കുവയ്ക്കപ്പെടുക, ഭൂമി, വസ്തുവകകൾ എന്നിവയുടെ ഉടമസ്ഥാവകാശത്തിലുള്ള വിവേചനം ഇല്ലാതാക്കുക, തുല്യമായ രാഷ്ട്രീയ പങ്കാളിത്തം ലഭ്യമാവുക, പ്രത്യുൽപ്പാദനപരമായ കാര്യങ്ങളിൽ സ്വതന്ത്രമായ തീരുമാനമെടുക്കാനുള്ള അവകാശം അംഗീകരിക്കപ്പെടുക, പീഡനത്തിൽ നിന്നുള്ള സംരക്ഷണം ഉറപ്പുവരുത്തുക മുതലായവയാണ് നിർണ്ണായകമായ ലിംഗപദവി

ആവശ്യങ്ങൾ. സ്ത്രീകളുടെ വികസനം ലക്ഷ്യമിട്ടുള്ള പദ്ധതികളിൽ അവരുടെ പ്രായോഗി കാവശ്യങ്ങളെപ്പോലെ തന്നെ ഈ നിർണ്ണായക ആവശ്യങ്ങളും പരിഗണിക്കപ്പെടണം.

**UNDP വികസിപ്പിച്ച ലിംഗ തുല്യതാ ഇൻഡക്സും (Gender Equality Index) ലോക സാമ്പത്തിക ഫോറം മുന്നോട്ടുവയ്ക്കുന്ന ലോക ലിംഗ അന്തരം (Global Gender Gap) സംബന്ധിച്ച റിപ്പോർട്ടും വികസനത്തിൽ ഭരണ–രാഷ്ട്രീയ രംഗങ്ങളിലെ തുല്യമായ സ്ത്രീ പ്രാതിനിധ്യത്തിന്റെ ആവശ്യകത എടുത്തുപറയുന്നുണ്ട്.**

## 1.3 സഹസ്രാബ്ദ വികസന ലക്ഷ്യങ്ങളും (Millennium Development Goals-MDG), സുസ്ഥിര വികസന ലക്ഷ്യങ്ങളും (Sustainable Development Goals-SDG)

MDG യും SDG യും ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചിട്ടുള്ള ആഗോള വികസന ലക്ഷ്യങ്ങളാണ്. 1972 ൽ സ്വീഡനിലെ സ്റ്റോക്ക്ഹോമിൽ വച്ചു നടന്ന മാനവ പരിസ്ഥിതി (Human Environment) സമ്മേളനത്തിൽ നിന്നാണ് ഇവയുടെ തുടക്കം. 1983 ൽ ഐക്യരാഷ്ട്രസഭ രൂപീകരിച്ച പരിസ്ഥിതിയും വികസനവും എന്ന ലോക കമ്മിഷനാണ് (World Commission on Environment and Development) ആഗോള വികസന ലക്ഷ്യത്തിന് നിർവചനം നല്കിയത്. **"ഭാവിതലമുറയുടെ വികസനാവശ്യങ്ങൾക്ക് ഭംഗം വരാതെ ഇന്നത്തെ തലമുറയുടെ വികസനാവശ്യങ്ങൾ പരിഗണിക്കുക"** എന്നതായിരിക്കണം സുസ്ഥിര വികസനത്തിന്റെ മുഖ്യ ഊന്നൽ എന്ന ആശയം ഈ കമ്മിഷൻ മുന്നോട്ടുവച്ചു.

1989 ൽ നടന്ന കുട്ടികളുടെ അവകാശം എന്ന കൺവൻഷൻ, 1990 കളിൽ ഐക്യ രാഷ്ട്രസഭയിലെ അംഗരാജ്യങ്ങൾ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ വികസന മുൻഗണനകൾ സംബന്ധിച്ച് തുടർച്ചയായി സംഘടിപ്പിച്ച ചർച്ചകളും സമ്മേളനങ്ങളും, 1992 ൽ റിയോയിൽ വച്ച് നടന്ന പരിസ്ഥിതിയും വികസനവും സമ്മേളനം, 1994 ൽ കെയ്റോയിൽ വച്ച് നടന്ന ജനസംഖ്യാ സമ്മേളനം, 1995 ൽ ബീജിംഗിൽ വച്ച് നടന്ന വനിതാ സമ്മേളനം എന്നിവയിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങളാണ് ആഗോള വികസന ലക്ഷ്യങ്ങൾക്ക് അടിസ്ഥാനമായത്.

2000 സെപ്റ്റംബറിൽ ന്യൂയോർക്കിൽ വച്ചു നടന്ന സഹസ്രാബ്ദ ഉച്ചകോടി (millennium summit) സഹസ്രാബ്ദ പ്രഖ്യാപനം പാസാക്കി. ഇതിൽ 147 രാജ്യങ്ങളുടെ തലവന്മാർ ഒപ്പിട്ടു. ഒരു വർഷം കഴിഞ്ഞ് 2001 ആഗസ്റ്റിൽ സഹസ്രാബ്ദ വികസന ലക്ഷ്യങ്ങൾ (Millennium Development Goals - MDG) ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചു. 2015 ഓടുകൂടി കൈവരിക്കേണ്ടിയിരുന്ന 8 ലക്ഷ്യങ്ങളും 48 ഉപലക്ഷ്യങ്ങളും ചേർന്നാതാണ് സഹസ്രാബ്ദ വികസന ലക്ഷ്യങ്ങൾ.




സുസ്ഥിര വികസനലക്ഷ്യങ്ങൾ (Sustainable Development Goals) 2030 ഓടുകൂടി കൈവരിക്കുന്നതിനുള്ള സാർവത്രികമായ ഒരുകൂട്ടം ലക്ഷ്യങ്ങളും (Objectives) ഉദ്ദിഷ്ട ഫലങ്ങളും (Targets) സൂചകങ്ങളും (Indicators) ആണ്. ഐക്യരാഷ്ട്രസഭയുടെ അംഗ രാജ്യങ്ങൾ രാഷ്ട്രീയ നയരൂപീകരണത്തിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട ലക്ഷ്യങ്ങളാണിവ.



"നമ്മുടെ ലോകത്തിന്റെ പരിവര്‍ത്തതനം സുസ്ഥിര വികസനത്തിനു വേണ്ടിയുള്ള 2030 അജണ്ട" എന്നതാണ് സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഔദ്യോഗികനാമം. ഈ അജണ്ട പ്രകാരം 17 ലക്ഷ്യങ്ങളും 169 ഉദ്ദിഷ്ടഫലങ്ങളും ഐക്യരാഷ്ട്രസഭയുടെ അംഗരാജ്യങ്ങൾ 2030 ഓടുകൂടി കൈവരിക്കേണ്ടതാണ്.

സുസ്ഥിര വികസന ലക്ഷ്യങ്ങൾ അഞ്ച് ബൃഹത്തായ പരിപ്രേക്ഷ്യത്തിൽ ഊന്നിയുള്ളവയാണ്.

**ഇത് 5 പി എന്നറിയപ്പെടുന്നു**




സഹസ്രാബ്ദ വികസന ലക്ഷ്യങ്ങളിലെ 'ലിംഗനീതിയും സ്ത്രീശാക്തീകരണവും പ്രോത്സാഹിപ്പിക്കൽ' എന്ന മൂന്നാമത്തെ ലക്ഷ്യവും സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ 'ലിംഗസമത്വം കൈവരിക്കുകയും സ്ത്രീകളെയും പെൺകുട്ടികളെയും ശാക്തീകരിക്കുകയും ചെയ്യുക' എന്ന അഞ്ചാമത്തെ ലക്ഷ്യവും ആ പ്രഖ്യാപനത്തിൽ ഒപ്പുവച്ച രാജ്യങ്ങളിലെ എല്ലാ സർക്കാരുകളുടെയും ഉത്തരവാദിത്തമാണ്. സഹസ്രാബ്ദ വികസന ലക്ഷ്യങ്ങളുടെ ഊന്നൽ എല്ലാത്തരം അസമത്വങ്ങളെയും ഇല്ലായ്മകളെയും 2015 നകം കുറച്ചുകൊണ്ടുവരിക എന്നതായിരുന്നെങ്കിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ അത്തരം

അസമത്വങ്ങളെയും ഇല്ലായ്മകളെയും 2030 നുള്ളിൽ ഉന്മൂലനം ചെയ്യുക എന്നതിൽ ഊന്നുന്നു.

ഈ ലക്ഷ്യപ്രഖ്യാപനങ്ങളിൽ ഒപ്പുവച്ച രാജ്യമെന്ന നിലയിൽ ഇവ നേടിയെടുക്കാൻ നാം പ്രതിജ്ഞാബദ്ധമാണ്. SDG യിലെ പുരോഗതി വിലയിരുത്തിയാണ് ലോകത്ത് ഓരോ രാജ്യങ്ങളുടെയും വികസന നിലവാരം നിർണയിക്കുന്നത്. നീതി ആയോഗ് പ്രസിദ്ധീകരിച്ച ഒടുവിലത്തെ റാങ്കിങ്ങിൽ കേരളം ഇന്ത്യയിൽ ഒന്നാമതാണ് – സ്കോർ 70/100 പോയിന്റ്. ഈ മികച്ച സൂചികയ്ക്കിടയിലും ലിംഗസമത്വം കൈവരിക്കാനും കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ കേരളം 30 പോയിന്റുകൾക്ക് പിറകിലാണ് എന്ന കാര്യം എല്ലാ തലത്തിലെയും ആസൂത്രകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.


## 1.4 അധികാരബന്ധങ്ങൾ

സ്ത്രീരുപുഷന്മാരുടെ സ്വാവബോധവും പ്രതിഛായയും സമൂഹം നിർമ്മിച്ചെടുക്കുന്നതാണ്. മതവും ആചാരങ്ങളും കലയും മാധ്യമവും വിദ്യാഭ്യാസവും കമ്പോളവുമൊക്കെ ഇതിൽ വലിയ പങ്കുവഹിക്കുന്നു. ഈ മേഖലകളൊക്കെത്തന്നെ, നിലനിൽക്കുന്ന അധികാര ബന്ധങ്ങളെയും വാർപ്പുമാതൃകകളെയും അംഗീകരിക്കുകയും വിലമതിക്കുകയും ചെയ്യുന്നവയാണ്. ഇതിന് ഏതെങ്കിലും രീതിയിൽ തടസ്സമുണ്ടായാൽ ഈ സാമൂഹ്യ സ്ഥാപനങ്ങളുടെ സ്ത്രീവിരുദ്ധ തനിനിറം നമുക്ക് കാണാനാകും.

സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിൽ, താന്താങ്ങളുടെ രാജ്യത്തെ ഭരണ നിർവഹണത്തിൽ പങ്കെടുക്കുന്നതിന് ഓരോ വ്യക്തിക്കുമുള്ള അവകാശത്തെപ്പറ്റി പറയുന്നുണ്ട്. സുതാര്യവും ഉത്തരവാദിത്തമുള്ളതുമായ ഭരണനിർവഹണവും സുസ്ഥിര വികസനവും നടപ്പാക്കണമെങ്കിൽ, സ്ത്രീകളുടെ രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക പദവി മെച്ചപ്പെടുകയും, സ്വാതന്ത്ര്യവും ശാക്തീകരണവും അവർ കൈവരിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. സമ്പുഷ്ടമായ ജീവിതം നയിക്കുന്നതിന് സ്ത്രീകൾക്ക് വിലങ്ങുതടിയാകുന്ന അധികാരബന്ധങ്ങൾ സമൂഹത്തിന്റെ വിവിധ തലങ്ങളിലാണ് പ്രതിഫലിക്കുന്നത്. ഭരണനിർവഹണ നയങ്ങൾ രൂപീകരിക്കുന്നിടത്ത് തുല്യത ഉണ്ടാകണമെങ്കിൽ രാഷ്ട്രീയരംഗത്ത് തുല്യത ഉണ്ടായേ പറ്റൂ. ഇതുവഴിയേ സ്ത്രീകളുടെ പൊതുവായ പുരോഗതിയും ഉണ്ടാകൂ.

എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത ആസൂത്രണ പ്രക്രിയയിലും ദൈനംദിന പ്രവർത്തനങ്ങളിലും ലിംഗപദവി അധികാരബന്ധങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. ലിംഗതുല്യതയ്ക്കായി പദ്ധതികൾ വിഭാവനം ചെയ്യുന്നതിലും സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. സ്ത്രീകളുടെ ആവശ്യങ്ങൾ പോലും എന്തെന്ന് നിർണ്ണയിക്കുന്നത് മിക്കവാറും പുരുഷന്മാരാണ്. ലിംഗപദവി വീക്ഷണത്തിന്റെ കുറവാണ് ഇത് നൽകുന്ന

പാഠം. അസമത്വപൂർണമായ അധികാരബന്ധത്തെ ഇല്ലാതാക്കാൻ സ്ത്രീകളെ ശാക്തീകരിച്ചതുകൊണ്ട് മാത്രമായില്ല, തുല്യ അധികാരമുള്ള സ്ത്രീപുരുഷ ബന്ധങ്ങൾ ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പുരുഷന്മാരോട് തുടർച്ചയായി ആശയ സംവാദം നടത്തുകയും വേണം..




## 1.5 ലിംഗനീതി നടപ്പാക്കാൻ എല്ലാ ജനപ്രതിനിധികളുടെയും പങ്കാളിത്തം

ജനപ്രതിനിധികളായ സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ അധികാരങ്ങളും അവകാശങ്ങളുമാണുള്ളത്. ഒരേ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയാണ് രണ്ടു കൂട്ടരും കടന്നുവരുന്നത്. അധികാര വികേന്ദ്രീകരണത്തിന്റെ കാൽനൂറ്റാണ്ട് കാണിച്ചുതരുന്നത്, സ്ത്രീസംവരണവും വനിതാ ഘടകപദ്ധതിയും പ്രയോഗതലത്തിൽ സ്ത്രീപ്രശ്നങ്ങളെ സ്ത്രീകളുടെ മാത്രം പ്രശ്നമാക്കി മാറ്റിയിരിക്കുന്നു എന്നാണ്. ലിംഗനീതി പ്രശ്നങ്ങൾ സാമൂഹ്യ പ്രശ്നങ്ങളായി പരിഗണിക്കാതിരിക്കുകയും വനിതാ ഘടകപദ്ധതിയുടെ 10% ഫണ്ട് സ്ത്രീകളുടെ മുഴുവൻ പ്രശ്നങ്ങളും പരിഹരിക്കാനുള്ളതാണെന്ന് വിചാരിക്കുകയും ചെയ്യുന്നു. ഈ വിചാരം മാറ്റിയെടുക്കുന്നതിന് ബോധപൂർവം പരിശ്രമിക്കേണ്ടതുണ്ട്. വനിതാ ഘടകപദ്ധതിയെന്നാൽ പൊതുഫണ്ടിലെ നീക്കിവയ്പും കഴിഞ്ഞ്, അതിനും മീതെയുള്ള സ്ത്രീപരിഗണനയാണെന്നും കഴിഞ്ഞ കാലങ്ങളിലെ കുറവുകൾ തിരുത്താനുള്ള പരിഹാര വകയിരുത്തലാണെന്നും രാഷ്ട്രീയ വ്യവസ്ഥയ്ക്ക് മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിക്കേണ്ടതുണ്ട്.

പൊതുപദ്ധതികളിൽ സ്ത്രീ പരിഗണന ഉറപ്പുവരുത്തുക, ഉൽപാദന, സേവന, അടിസ്ഥാന മേഖലകളിൽ രൂപപ്പെടുന്ന എല്ലാ പദ്ധതികളിലും ജനസംഖ്യാനുപാതികമായി സ്ത്രീകൾക്ക് തുല്യ പരിഗണന ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുക, അതുവഴി സ്ത്രീകളുടെ പ്രായോഗിക ആവശ്യങ്ങൾ നേടിയെടുക്കാൻ ശ്രമിക്കുക എന്നിവയിൽ എല്ലാ ജനപ്രതിനിധികളുടെയും ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. വനിതാ ഘടകപദ്ധതി, നിർണ്ണായകമായ ആവശ്യങ്ങൾ - ലിംഗപദവി ആവശ്യങ്ങൾ - നേടിയെടുക്കാൻ വേണ്ട പദ്ധതികൾക്ക് മാത്രമായി ആസൂത്രണം ചെയ്യാനും അവർ ഒരുമിച്ച് നിൽക്കണം. സ്ത്രീകൾ നേരിടുന്ന വിവേചനവും അടിച്ചമർത്തലും സ്ത്രീകളുടെ മാത്രം പ്രശ്നങ്ങളായി നിലനിൽക്കുമ്പോൾ മാറ്റത്തിനുള്ള സാധ്യതകൾ അടയുകയാണ്. സമൂഹത്തിലെ ഏതൊരനീതിയും പോലെ ഇതും ഒരു സാമൂഹിക പ്രശ്നമായി കണക്കാക്കി അതിനെതിരെ സ്ത്രീപുരുഷന്മാരുടെ കൂട്ടായ ഇടപെടലുകളുണ്ടാവുകയാണെങ്കിൽ മാത്രമേ മാറ്റത്തിനുള്ള ശ്രമങ്ങൾക്ക് വേഗം കിട്ടുകയുള്ളൂ.

**സ്ത്രീകളുടെ പ്രശ്നം**
**സാമൂഹ്യപ്രശ്നം**

**സ്ത്രീകളുടെ അവകാശം**
**മനുഷ്യാവകാശം**

ജനപ്രതിനിധികളുടെ ലിംഗപദവി കാഴ്ചപ്പാട് ശക്തിപ്പെടുത്തുന്നതിലൂടെ അവർക്ക് അവർ ബന്ധപ്പെടുന്ന പ്രസ്ഥാനങ്ങളുടെയും ഭരണ നിർവഹണ സ്ഥാപനങ്ങളുടെയും പുരുഷമേൽക്കോയ്മയുള്ള ലിംഗ അസമത്വഘടനയെ മാറ്റിത്തീർക്കാനാവും. ജനപ്രതിനിധികളുടെ, വിശേഷിച്ചും വനിതാ ജനപ്രതിനിധികളുടെ സജീവ പങ്കാളിത്തം ഈ നാട്ടിലെ ഓരോ സ്ത്രീയുടെയും ശാക്തീകരണ പ്രക്രിയയെ മുന്നോട്ടു നയിക്കുകയും ആത്മാഭിമാനത്തെ സംരക്ഷിക്കുകയും ചെയ്യും.

## 1.6 തടസ്സങ്ങളെ അതിജീവിച്ച് ശാക്തീകരണത്തിലേക്ക്

ഉച്ചനീചത്വത്തിലധിഷ്ഠിതമായ സാമൂഹിക വ്യവസ്ഥിതിയും സ്ത്രീവിരുദ്ധ പ്രത്യയശാസ്ത്രങ്ങളും നൂറ്റാണ്ടുകളിലൂടെ ഉരുത്തിരിഞ്ഞവയാണ്. അതുകൊണ്ട് അവയെ

പരിവർത്തവനം ചെയ്തെടുക്കുക എളുപ്പമല്ല. വ്യക്തികളെന്ന നിലയ്ക്ക് തങ്ങളെ അടിച്ചമർത്താൻ ഉപയോഗിക്കുന്ന പാരമ്പര്യങ്ങളെയും ആചാരങ്ങളെയും മൂല്യങ്ങളെയും തിരിച്ചറിയാനും എതിർക്കാനും സ്ത്രീകൾക്ക് ബുദ്ധിമുട്ടുണ്ട്. സ്വയം സാക്ഷാത്കാര ത്തിനാവശ്യമായ എല്ലാ സാഹചര്യങ്ങളെയും മാറ്റിവച്ച് കുടുംബത്തിന്റെയും കുട്ടികളുടെയും അഭ്യുന്നതിക്ക് വേണ്ടി ജീവിക്കുകയെന്ന മാനസികാവസ്ഥയിലേക്കാണ് സ്ത്രീകളെ പരുവപ്പെടുത്തിയിട്ടുള്ളത്. ലിംഗവിവേചനത്തെ എതിർക്കാനായുമ്പോൾ അവർ ഏറ്റവും സ്നേഹിക്കുന്ന മനുഷ്യരെ - ഭർത്താവ്, സഹോദരൻ, സഹപ്രവർത്തകൻ - മറുവശത്ത് കാണുന്നു എന്നത് കാര്യങ്ങൾ ദുഷ്കരമാക്കുകയും ചെയ്യും. ശരിയായ കാഴ്ചപ്പാട് വികസിപ്പിച്ചെടുത്താൽ മാത്രമേ സ്ത്രീകൾ നേരിടുന്ന ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകു.

വികസനത്തിന്റെ മേഖലയിൽ പ്രത്യേകിച്ച് സ്ത്രീകളെക്കുറിച്ച് പരാമർശിക്കുന്നിടത്ത് ഉപയോഗിച്ചു വരുന്ന ഒരാശയമാണ് ശാക്തീകരണം (Empowerment). നയങ്ങളെയും പരിപാടികളെയും കുറിച്ചുള്ള ചർച്ചകളിൽ സ്ത്രീകളുടെ ഉന്നമനം, ക്ഷേമം, സാമൂഹ്യ പങ്കാളിത്തം, ദാരിദ്ര്യലഘൂകരണം തുടങ്ങി വികസനത്തിന്റെ ലക്ഷ്യങ്ങളും ഇടപെടലുകളും വിശദീകരിക്കുമ്പോൾ ഉപയോഗിക്കുന്ന വാക്കാണ് ശാക്തീകരണം. സ്ത്രീകൾ മാത്രമല്ല അതിന്റെ ഗുണഭോക്താക്കൾ.

സ്ത്രീശാക്തീകരണം ഭൗതികതലത്തിലും മാനസികമായും പുരുഷന്മാരെ മേധാവിത്വത്തിന്റെ പ്രതീകം എന്നതിൽ നിന്ന് മോചിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു. പുരുഷന്മാർക്കു മേധാവിത്വമുള്ള പ്രസ്ഥാനങ്ങളെ തങ്ങളുടെ എണ്ണംകൊണ്ടു മാത്രമല്ല, പുതിയ ഊർജ്ജം, ഉൾക്കാഴ്ച, നേതൃത്വം, സങ്കേതങ്ങൾ എന്നിങ്ങനെ പലതും നല്കി ശക്തിപ്പെടുത്താൻ സ്ത്രീകൾക്ക് കഴിയും. ലോകത്തിന്റെ പലഭാഗങ്ങളിൽ നിന്നുള്ള അനുഭവങ്ങൾ സൂചിപ്പിക്കുന്നത്, ഉത്തരവാദിത്തങ്ങളും തീരുമാനമെടുക്കൽ പ്രക്രിയയും പങ്കിടുന്നതുമൂലം പുരുഷന്മാർക്ക് വിമോചനത്തിന്റെ സംതൃപ്തി ലഭിക്കുന്നു എന്നാണ്. കുറച്ചുകൂടി മാനുഷികമായ ഒരു സമൂഹം കെട്ടിപ്പടുക്കാൻ അതവരെ സഹായിക്കും. ലിംഗഭേദമില്ലാതെ തങ്ങളുടെ മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്താനും ഓരോരുത്തരും പൂർണ്ണ വ്യക്തിത്വമുള്ളവരായി മാറാനും ഉള്ള സാഹചര്യം അതിലൂടെ സൃഷ്ടിക്കപ്പെടും.

അധികാരത്തെക്കുറിച്ച് പുതിയ ധാരണകൾ സൃഷ്ടിക്കാനും ശാക്തീകരണം വഴി കഴിയണം. പലതട്ടുകളുള്ളതും പുരുഷ മേധാവിത്വപരവുമായ സമൂഹങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞവയാണ് ഇന്നു നിലനിൽക്കുന്ന അധികാരത്തെക്കുറിച്ചുള്ള ധാരണകൾ. അധികാരത്തിലെത്തുന്ന സ്ത്രീകൾ അതേ മേധാവിത്വവും ചൂഷണരീതികളും ഉപയോഗിക്കലല്ല ശാക്തീകരണം. കൂടുതൽ ജനപങ്കാളിത്തപരമായ, കൂടുതൽ ജനാധിപത്യവൽക്കരിക്കപ്പെട്ട, കൂട്ടുത്തരവാദിത്തവും തീരുമാനമെടുക്കൽ പ്രക്രിയയും വികസിച്ചു വരണം.

## 1.7 ഉപസംഹാരം

രാഷ്ട്രീയമെന്നാൽ ഏറ്റുമുട്ടലല്ല. അങ്ങനെയാണെന്നൊരു തോന്നൽ സമൂഹത്തിൽ പ്രബലമായിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്ക് വികസന ചുമതലകളാണുള്ളത്. അവ നിയമനിർമ്മാണ സഭകളുടെ പകർപ്പല്ല. അതിനെ അനുകരിക്കേണ്ട ഇടമല്ല. മറ്റുള്ളവരെ ശ്രവിക്കുകയും മറ്റുള്ളവരുടെ അഭിപ്രായങ്ങളെ മാനിക്കുകയും, വൈവിധ്യങ്ങളെ അംഗീകരിക്കുകയും ചെയ്യുക എന്നത് പ്രധാനമാണ്. നമുക്ക് ലഭിച്ച ഈ രാഷ്ട്രീയ അവസരത്തെ നീതീപൂർവവും തുല്യവുമായ ഒരു സമൂഹം കെട്ടിപ്പടുക്കാനായി വിനിയോഗിക്കണം. അധികാരാവകാശങ്ങളെ വ്യക്തിപരവും രാഷ്ട്രീയവുമായ കേവല നേട്ടങ്ങൾക്ക് ഉപരിയായി മനുഷ്യനന്മയ്ക്കുവേണ്ടി പ്രയോജനപ്പെടുത്തുന്ന ഒരു രാഷ്ട്രീയ സംസ്കാരം രൂപപ്പെടുത്താനാണ് ശ്രദ്ധിക്കേണ്ടത്.

ജനകീയാസൂത്രണം മുന്നോട്ടുവച്ചിട്ടുള്ള വിവിധങ്ങളായ ജനകീയ വേദികളിലെല്ലാം സ്ത്രീകൾക്ക് വേണ്ടി സംസാരിക്കാൻ സ്ത്രീകൾക്കും അവസരം ലഭിക്കണം. ഇന്നത്തെ നിലയിൽ അവർ സ്വമേധയാ മുന്നോട്ട് വരണമെന്നില്ല. സ്ത്രീകളുടെ താൽപര്യങ്ങളും കാഴ്ചപ്പാടും കണക്കിലെടുക്കാതെ ഒരു തീരുമാനവും ഉണ്ടാവുകയില്ലെന്ന് ഉറപ്പാക്കാനായി തീരുമാനമെടുക്കുന്ന എല്ലാ തലങ്ങളിലും സ്ത്രീകളുടെ ഇടപെടൽ ബോധപൂർവം പ്രോത്സാഹിപ്പിക്കണം. സ്ത്രീകളുടെ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് പ്രവർത്തിക്കുന്നതിനായി സ്ത്രീനേതാക്കൾക്ക് എല്ലാ പിന്തുണയും നൽകണം.

സ്ത്രീകളുടെ മോചനമെന്നത് സമൂഹത്തിന്റെ മോചനമാണ്. അതുകൊണ്ടുതന്നെ അതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ സ്ത്രീയുടെ മാത്രം ഉത്തരവാദിത്തമല്ല. മറിച്ച്, പ്രാദേശിക ജനാധിപത്യ വികസനത്തിന്റെ മേഖലയിൽ സ്ത്രീകളും പുരുഷന്മാരും ചേർന്ന ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഉത്തരവാദിത്തമാകേണ്ടതാണ്.



## അദ്ധ്യായം 2

# ജെൻഡറും പഞ്ചായത്തിരാജ്/ നഗരപാലിക സംവിധാനവും

### ആമുഖം

സാമൂഹ്യനീതിയിലധിഷ്ഠിതമായ പ്രാദേശിക സാമ്പത്തിക വികസനം ഇന്ത്യൻ ഭരണഘടനയുടെ പ്രഖ്യാപിതലക്ഷ്യമാണ്. **'തുല്യത,വികസനം,സമാധാനം'** എന്ന സാർവ്വദേശീയ വനിതാവർഷത്തിലെ (1975) മുദ്രാവാക്യം അനുസരിച്ച് ഓരോ സൂചികയും നേടിയെടുക്കുന്നതിന് ദാരിദ്ര്യനിർമാർജ്ജനം, തൊഴിൽ സുരക്ഷ, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിലെ വളർച്ച, അതിക്രമങ്ങളും ചൂഷണങ്ങളും ഇല്ലാത്ത ആഹ്ലാദകരമായ കൗമാരം, ലിംഗ ലൈംഗിക ന്യൂനപക്ഷങ്ങൾക്കും ഭിന്നശേഷിക്കാർക്കും ആരോഗ്യത്തോടെയും അന്തസ്സു നഷ്ടപ്പെടാതെയും ജീവിക്കാനുള്ള അവസരങ്ങൾ, വൃദ്ധരുടെയും വിധവകളുടെയും സമാധാനപൂർണമായ ജീവിതം, അതിക്രമങ്ങളും ചൂഷണങ്ങളും ഇല്ലാത്ത സാമൂഹിക പൊതുമണ്ഡലം എന്നിവ ഉറപ്പാക്കേണ്ടതുണ്ട്. എഴുപത്തിമൂന്നും എഴുപത്തിനാലും ഭരണഘടനാ ഭേദഗതി പാർലമെന്റ് പാസാക്കിയപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മേൽസൂചിപ്പിച്ച ചുമതലകൾ നിർവഹിക്കുന്നതിനുള്ള വിപുലമായ സാധ്യതകളാണ് തുറന്നുകിട്ടിയത്. ഈ സാധ്യതകൾ പ്രാദേശിക വികസനത്തെ കുറേക്കൂടി ഉത്തരവാദിത്ത പൂർണ്ണമാക്കി.




### 2.1 പ്രാദേശിക വികസനം

വികസനരംഗത്തെ ചലനങ്ങളും നിയമങ്ങളും അതിന്റെ ദീർഘകാല പരിപ്രേക്ഷ്യവുമാണ് ഒരു സമൂഹത്തെ വിലയിരുത്താനുള്ള പ്രധാന അളവുകോൽ. ചലനാത്മകമായ സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണമാണ് പുരോഗതി.

1) സ്ഥായിയായതും പുനരുൽപാദിപ്പിക്കാൻ കഴിയുന്നതുമായ മനുഷ്യശേഷി യുൾപ്പടെയുള്ള എല്ലാ വിഭവങ്ങളുടേയും വികാസമാണ് പ്രാദേശിക വികസനം. മനുഷ്യശേഷി വിഭവമെന്നാൽ ജനങ്ങൾ അതായത് സ്ത്രീകൾ, പുരുഷന്മാർ, ലിംഗ ലൈംഗിക ന്യൂനപക്ഷങ്ങൾ, കുട്ടികൾ, വൃദ്ധർ, പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾ, ഭിന്നശേഷിക്കാർ ഇവരെല്ലാം ഉൾപ്പെടുന്ന ജനങ്ങളുടെ ബഹുമുഖശേഷി വികസനവും പ്രസ്തുത ശേഷിയുടെ സാമൂഹിക നിർമ്മിതിക്കുള്ള വിനിയോഗവും ആണ് ലക്ഷ്യമാക്കുന്നത്.

2) വികസനത്തിന്റെ ഫലമായുണ്ടാവുന്ന എല്ലാ നേട്ടങ്ങളും നീതിപൂർവമായി എല്ലാ വിഭാഗം ജനങ്ങളുടെയിടയിലും വിതരണം ചെയ്യപ്പെടേണ്ടതാണ്. വികസനത്തിന്റെ അവിഭാജ്യ ഘടകങ്ങളായ ആരോഗ്യസംരക്ഷണം, പരിസ്ഥിതിസംരക്ഷണം, കൃഷിഭൂമി, മികച്ച തൊഴിലും സൗഹൃദപരമായ തൊഴിലിടങ്ങളും, കുറ്റമറ്റ ശുചിത്വ സംവിധാനങ്ങൾ, ശുദ്ധമായ കുടിവെള്ളം, ശുദ്ധവായു, വിഷരഹിതവും പോഷണസമ്പുഷ്ടവുമായ ഭക്ഷണം, വാസയോഗ്യമായ പാർപ്പിടം, അറിവ്, അതിക്രമരഹിതവും ആഹ്ലാദകരവുമായ ജീവിതാന്തരീക്ഷം ഇതെല്ലാം 100% ജനങ്ങൾക്കും പ്രാപ്തമാവുമ്പോഴാണ് ഒരു നാട് വികസിതമായി എന്നു പറയാൻ കഴിയൂ. ലിംഗ-വർണ്ണ-വർഗ്ഗ വിവേചനങ്ങളില്ലാതെ എല്ലാ വിഭാഗങ്ങൾക്കും തുല്യനീതിയും തുല്യ അവസരങ്ങളും ഇതിന്റെ ഫലമായി പ്രാപ്തമാവേണ്ടതുണ്ട്.

## 2.2 അധികാരവികേന്ദ്രീകരണം – ജെൻഡർ പരിഗണന

നമ്മുടെ സാമൂഹിക ജീവിതത്തിൽ സമൂല പരിവർത്തനം വരുത്തിക്കൊണ്ടിരിക്കുന്ന സംവിധാനമാണ് പഞ്ചായത്തിരാജ്/നഗരപാലിക നിയമങ്ങൾ. വികസനാസൂത്രണത്തിലും തദ്ദേശഭരണ കാര്യങ്ങളിലും വർധിച്ച അളവിലുള്ള ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് 1992 ലെ, എഴുപത്തിമൂന്നാം ഭരണഘടനാ ഭേദഗതി പ്രകാരം ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളും എഴുപത്തിന്നാലാം ഭരണഘടനാ ഭേദഗതി പ്രകാരം നഗരഭരണ സംവിധാനവും രൂപീകരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അങ്ങനെ സ്വയംഭരണ സ്ഥാപനങ്ങൾ

### അധികാരവികേന്ദ്രീകരണ മൂല്യങ്ങൾ

- സ്വയംഭരണാധികാരം,
- കീഴ്തല മുൻഗണന,
- ചുമതല വ്യക്തത,
- അനുപൂരകത,
- ഏകത,
- ജനപങ്കാളിത്തം,
- ഉത്തരവാദിത്വം,
- സുതാര്യത

ആയി (പരമാധികാര സ്ഥാപനങ്ങളല്ല) പ്രവർത്തിക്കുന്നതിനും ഭരണഘടനയുടെ 11, 12 പട്ടികകളിലെ വിഷയങ്ങൾ സംബന്ധിച്ച് പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധ്യമായി.

### 2.2.1 73, 74 ഭരണഘടനാ ഭേദഗതി

ഇന്ത്യൻ പാർലമെന്റ് 1992 ൽ 73, 74 ഭരണഘടനാ ഭേദഗതികൾ ഐകകണ്ഠ്യേന പാസ്സാക്കി. ഇതിന്റെ ഭാഗമായി എഴുപത്തിമൂന്നാം ഭരണഘടനാ ഭേദഗതി മുഖേന ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് എന്ന ത്രിതല സംവിധാനവും എഴുപത്തിനാലാം ഭരണഘടനാ ഭേദഗതി മുഖേന നഗരപാലിക (മുനിസിപ്പാലിറ്റിയും കോർപ്പറേഷനും) സംവിധാനവും പ്രാബല്യത്തിൽ വന്നു. പ്രസ്തുത ഭരണഘടനാ ഭേദഗതിയുടെ സവിശേഷതകൾ:

- പ്രാദേശികഭരണകൂടങ്ങളിൽ മൂന്നിലൊന്ന് സ്ത്രീപ്രാതിനിധ്യം.
- എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി സംവരണം
- ഭരണഘടനാ പിൻബലത്തോടെ ഗ്രാമസഭകൾ/വാർഡ്സഭകൾ
- പതിനൊന്നാം പട്ടികയിൽ സാമൂഹിക നീതി ഉറപ്പാക്കുന്നതിനും പന്ത്രണ്ടാം പട്ടികയിൽ പ്രാദേശിക സാമ്പത്തിക വികസനം ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമതല.
- സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, മറ്റ് ദുർബലവിഭാഗക്കാർ ഇവരുടെ ക്ഷേമം ഉറപ്പുവരുത്തൽ .
- നയപരവും ഭരണപരവുമായ തീരുമാനങ്ങൾ എടുക്കുമ്പോൾ വനിതാ ജനപ്രതിനിധികൾക്ക് ഇടപെടാൻ അവസരം
- വികസനത്തിന്റെ ദിശ നിർണയിക്കുന്ന ഗ്രാമസഭകളിൽ നടക്കുന്ന ചർച്ചകളിൽ ജീവിതപ്രശ്നങ്ങൾ ഉന്നയിക്കുന്നതിന് ഗ്രാമീണ സ്ത്രീകൾക്ക് അവസരം

### 2.2.2 വികസന പ്രക്രിയകളിലെ സ്ത്രീപങ്കാളിത്തം

73, 74 ഭരണഘടനാ ഭേദഗതികളിലൂടെ ഭരണനിർവഹണത്തിന്റെ നടത്തിപ്പ് ഉന്നതാധികാര കേന്ദ്രങ്ങളിൽ നിന്ന് ജനസമൂഹങ്ങളിലേക്ക് ഇറങ്ങിവന്നു എന്നതാണ് സവിശേഷത. ഓരോ വ്യക്തിയുടേയും അനുദിന ജീവിതത്തിലെ അനുഭവങ്ങളെ സ്വാധീനിക്കുന്ന നിയമസംവിധാനവും ഭരണക്രമവും ആയി നിയമഭേദഗതികൾ പ്രയോഗത്തിൽ വന്നു. സ്ത്രീകൾക്കും ദുർബലവിഭാഗങ്ങൾക്കും ഭരണത്തിലും നയരൂപീകരണത്തിലും പദ്ധതി ആസൂത്രണത്തിലും പങ്കാളിത്തം ഉറപ്പാക്കുന്നതിന് സാധിച്ചു. സ്ഥിരംസമിതികളിലും കർമ്മസമിതികളിലും ഗ്രാമസഭകളിലും മറ്റ് ജനകീയ സമിതികളിലും ലഭിച്ച നിർണായകമായ പങ്കാളിത്തം അതിന് സഹായകമായി. ഇത് വികസന പ്രവർത്തനങ്ങളെ ഗുണകരമായി സ്വാധീനിച്ചു. നാളിതു വരെ റോഡുകളും പാലങ്ങളും ഷോപ്പിംഗ് കോംപ്ലക്സുകളും ആണ് വികസനത്തിൽ മുൻഗണന

നേടിയിരുന്നതെങ്കിൽ കുടിവെള്ളം, ശുചിത്വസംവിധാനം, ഭക്ഷണ ആവശ്യങ്ങൾ, തൊഴിൽ എന്നിവയിലേക്ക് വികസന മുൻഗണനകൾ മാറി. സ്കൂളുകളിൽ ശുചിമുറികൾ, കുടിവെള്ളസൗകര്യങ്ങൾ, ഭക്ഷണആവശ്യങ്ങൾക്കായി കാർഷികവികസനം, ആരോഗ്യസംവിധാനങ്ങളുടെ ഗുണപരത, കാര്യക്ഷമത എന്നിവയായി വികസന അജണ്ടകൾ. സാധാരണക്കാരുടെ ജീവിതപ്രശ്നങ്ങളിലേക്ക് ഭരണാധികാരികളുടെ സജീവശ്രദ്ധ ആകർഷിക്കുന്നതിന് ഇത് കാരണമായി.

### 2.2.3 അധികാരം എല്ലാവരിലേക്കും

സ്ത്രീകളും പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളും പ്രാദേശിക ഭരണകൂടങ്ങളിലെ പദവികളിൽ വന്നപ്പോൾ സാധാരണക്കാർക്ക് അവരുടെ വികസനപ്രശ്നങ്ങൾ ഉന്നയിക്കാൻ അവസരമൊരുങ്ങി. ഗ്രാമസഭകൾ എല്ലാവിഭാഗം ജനങ്ങളും പങ്കെടുക്കുന്ന വേദികളായി. കൃഷിഭവൻ, സ്കൂളുകൾ, ആരോഗ്യസ്ഥാപനങ്ങൾ തുടങ്ങിയവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടു. അതോടെ അവയുടെ മാനേജ്മെന്റ് കമ്മിറ്റികൾ സജീവമായി. അങ്കണവാടികളുടെ പ്രവർത്തനം കാര്യക്ഷമമായി. കുടിവെള്ള സൗകര്യം, ശുചിത്വസംവിധാനം, തൊഴിൽ/ വരുമാനവർദ്ധനവ്, സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങൾ രൂപീകരണം, ക്ലബ്ബുകളുടെയും വായനശാലകളുടെയും സജീവത എന്നിവ ഗ്രാമീണ മേഖലകളിൽ പുത്തനുണർവിന് കാരണമായി. ഗ്രാമസഭകൾ പദ്ധതി ആസൂത്രണത്തിനും ഗുണഭോക്തൃ തിരഞ്ഞെടുപ്പിനും പദ്ധതി വിശകലത്തിനും വേദികളായി. വർക്കിംഗ് ഗ്രൂപ്പുകൾ (കർമ്മസമിതികൾ) വികസന സെമിനാർ, സ്റ്റേക്ക് ഹോൾഡർ ചർച്ചകൾ, കാർഷിക വികസന സമിതികൾ കുടുംബശ്രീ സംവിധാനം, സ്കൂൾ രക്ഷാകർത്തൃ സമിതികൾ, മാതൃസംഗമങ്ങൾ, ആശുപത്രി വികസന സമിതികൾ ഇവയിലെല്ലാം സ്ത്രീകളുടെയും മറ്റു ദുർബലവിഭാഗങ്ങളുടെയും പങ്കാളിത്തം ഉയർന്നു.

## 2.3 കേരളത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനം

1995 ഒക്ടോബർ രണ്ടിന് പ്രാദേശിക സർക്കാരുകൾ കേരളത്തിൽ നിലവിൽ വന്നു. ഭരണഘടനാ പിൻബലമുള്ള ആദ്യത്തെ പ്രാദേശിക സർക്കാരുകൾ ഇവയാണ്. 1963 ൽ കേരളത്തിലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വനിതകൾ ഉൾപ്പെടുത്താത്ത പഞ്ചായത്തുകളിൽ ഒരു വനിതയെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള വകുപ്പ് നിയമത്തിൽ ഉൾപ്പെടുത്തിയിരുന്നു. 20 അംഗങ്ങളുള്ള മുൻസിപ്പാലിറ്റിയിൽ ഒരു സീറ്റും, ഇരുപതിലധികം ഉള്ളവയിൽ രണ്ട് സീറ്റുകളും വനിതകൾക്ക് സംവരണം ചെയ്തിരുന്നു. കോർപ്പറേഷനുകളിലും രണ്ട്സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്തിരുന്നു. 73, 74 ഭരണഘടനാ ഭേദഗതിയിലാവട്ടെ മൂന്നിലൊന്ന് സംവരണം അംഗത്വത്തിലും പദവികളിലും

വനിതകൾക്കും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ഉറപ്പുവരുത്തുകയുണ്ടായി. 2010 ൽ, 50 ശതമാനം വനിതാ സംവരണം അംഗത്വത്തിലും പദവിയിലും ഉറപ്പാക്കുകയുണ്ടായി. മാത്രവുമല്ല ജനാധിപത്യസംവിധാനം ശക്തമാക്കും വിധത്തിൽ ഗ്രാമസഭകളും/വാർഡ്സഭകളും ഭരണഘടനാ പിൻബലത്തോടെ രൂപപ്പെട്ടു എന്ന സവിശേഷതയുമുണ്ട്. പ്രദേശത്തെ വികസനപ്രശ്നങ്ങൾ, സാമൂഹ്യ പ്രശ്നങ്ങൾ, വിശേഷിച്ച് സ്ത്രീകളുടെ പ്രായോഗികവും നിർണായകവുമായ ആവശ്യങ്ങൾ ചർച്ചചെയ്ത് പരിഹാരം തേടുന്നതിനുള്ള പൊതുവേദികളായി ഗ്രാമസഭകളും വാർഡ് സഭകളും മാറി. സാക്ഷരതയിലും വിദ്യാഭ്യാസത്തിലും മുന്നിൽ നിൽക്കുന്ന കേരളത്തിൽ പ്രാദേശിക ഭരണ നിർവ്വഹണത്തിൽ സ്ത്രീകൾക്ക് മറ്റു സംസ്ഥാനങ്ങളിലേതിനേക്കാൾ കാര്യക്ഷമമായി ഇടപെടാൻ കഴിഞ്ഞിട്ടുണ്ട്.

അധികാര വികേന്ദ്രീകരണം എന്ന കേവല സിദ്ധാന്തത്തിനുമപ്പുറം പ്രയോഗത്തിൽ അത് വരുത്താൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. സാക്ഷരതാ പ്രസ്ഥാനത്തിനു ശേഷം നമ്മുടെ സംസ്ഥാനത്ത് നടന്ന ഏറ്റവും ജനകീയമായ പ്രവർത്തനമാണ് ജനകീയാസൂത്രണം. നിയമപരമായ അധികാര വികേന്ദ്രീകരണത്തിന് അപ്പുറം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അക്ഷരാർത്ഥത്തിൽ പ്രാദേശികസർക്കാരുകൾ ആയി മാറി. പ്രളയ കാലത്തും കോവിഡ് പ്രതിരോധത്തിലും നടന്ന പ്രവർത്തനങ്ങളിൽ അത് തെളിഞ്ഞിരിക്കുന്നു.

### 2.3.1 എല്ലാ സംവിധാനങ്ങളിലും പ്രാതിനിധ്യം

- വനിതാവികസന വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കപ്പെട്ടു
- എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലും 30% സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പാക്കി
- ഗ്രാമസഭയിൽ ജനസംഖ്യയുടെ പകുതിയിലധികം വരുന്ന സ്ത്രീകൾ സജീവ പങ്കാളികളായി. എല്ലാ വിഷയ ഗ്രൂപ്പുകളിലും ഗ്രാമസഭകളിലും ചർച്ചകൾക്കു നേതൃത്വം കൊടുക്കാൻ വനിതാ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ ഉണ്ടായി. സ്ത്രീകൾ അനുഭവിക്കുന്ന വികസന പ്രശ്നങ്ങൾ, വിവേചനം, ചൂഷണം, അതിക്രമങ്ങൾ എന്നിവ ഗ്രാമീണ ജനങ്ങൾക്കിടയിൽ ആദ്യമായി ചർച്ച ചെയ്യപ്പെട്ടു. ഇത്തരം ചർച്ചയിൽ നിന്ന് ഉയർന്നുവന്ന പരിഹാരനിർദേശങ്ങൾ ആണ് പ്രാദേശിക ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഇടം പിടിച്ചത്.
- ജില്ലാ തലത്തിലും പ്രാദേശിക തലത്തിലും നടന്ന പരിശീലനങ്ങളിൽ ധാരാളം സ്ത്രീകൾ സജീവമായി പങ്കെടുത്തു
- ഓരോ വിഷയ ഗ്രൂപ്പുകളിൽ നിന്നും രണ്ടുപേർ (അതിൽ ഒരാൾ സ്ത്രീ) വികസന സെമിനാറിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു

### 2.3.2 ഭരണനേതൃത്വത്തിൽ തുല്യ പ്രാതിനിധ്യം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ 50 ശതമാനം സംവരണം പ്രാവർത്തികമായപ്പോൾ

**പകുതിയിലധികം പ്രസിഡന്റുമാർ**



**ബാക്കിയുള്ളവരിൽ വൈസ് പ്രസിഡന്റുമാർ (ധനകാര്യ സമിതി അദ്ധ്യക്ഷർ)**

**ബാക്കിയുള്ള സ്ഥിരം സമിതികളിൽ പകുതിയിലേറെ അദ്ധ്യക്ഷർ വനിതകളായി എന്നത് സവിശേഷതയാണ്**

## ധനകാര്യ സഹായ സമിതി

### 2.3.3 പ്രാദേശിക വികസനത്തിലെ ജെൻഡർ കാഴ്ച്ചപ്പാട്

- വികസന സെമിനാറിൽ തദ്ദേശ സ്ഥാപനങ്ങളിലെ എല്ലാ വാർഡുകളിലെയും ഗ്രാമസഭയിൽ നിന്നുള്ള പ്രതിനിധികളും വിദഗ്ദ്ധരും പരിചയ സമ്പന്നരും ഒന്നിച്ചിരുന്ന് ചർച്ച ചെയ്ത് രൂപംകൊണ്ട വികസനരേഖയിൽ ഒരു അധ്യായം വനിതാക്ഷേമം ആണ്. സ്ത്രീകളുടെ അവസ്ഥാ വിശകലനം, സ്ഥിതി വിവര ക്കണക്കുകളുടെ അടിസ്ഥാനത്തിൽ പരിഹാരനിർദേശങ്ങൾ എന്നിവ അടങ്ങിയ അദ്ധ്യായം പദ്ധതിരേഖയിൽ നിർബന്ധമാക്കി.

- പദ്ധതിരേഖ തയ്യാറാക്കുമ്പോൾ വനിതക്ഷേമം എന്ന അധ്യായത്തിൽ വികസന മേഖലയിലെ പദ്ധതികൾ എന്തൊക്കെ, ലക്ഷ്യമെന്ത്, ഉദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തൊക്കെ എന്ന് ഉൾപ്പെടുത്താൻ നിർദ്ദേശമുണ്ടായി.
- മറ്റ് വിഷയമേഖലകളിലെ പദ്ധതികൾക്കും സ്ത്രീപരിഗണന നിർബന്ധമായി. തന്നെയുമല്ല ഓരോ പദ്ധതിയുടെ ഫോർമാറ്റിലും ഈ പദ്ധതി കൊണ്ട് സ്ത്രീകളുടെ പദവിയെ എങ്ങനെ ബാധിക്കും എന്ന പരാമർശം ചേർക്കുവാൻ നിഷ്കർഷിച്ചു.
- സ്ത്രീകൾക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതികൾ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 10 ശതമാനം എങ്കിലും നിർബന്ധമാക്കി. ഇതിനെ വനിതാ ഘടകപദ്ധതി എന്ന് വിളിച്ചു വരുന്നു.
- ലിംഗനീതിയിലധിഷ്ഠിതമായ വികസന കാഴ്ചപ്പാട് പ്രചരിപ്പിക്കുവാൻ നിർദ്ദേശിച്ചു
- ഒമ്പതാം പദ്ധതി കാലത്ത് ദാരിദ്ര്യനിർമ്മാർജ്ജനത്തിന് പ്രത്യേക ഊന്നൽ നൽകുവാനും പട്ടികവർഗ്ഗക്കാർ, പട്ടികജാതിക്കാർ, മത്സ്യത്തൊഴിലാളികൾ ഇവരുടെ ഇടയിലുള്ള സ്ത്രീകളുടെ ജീവിതപ്രശ്നങ്ങൾ, ദാരിദ്ര്യം, തൊഴിലില്ലായ്മ, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ സവിശേഷ ശ്രദ്ധ കൊടുക്കുവാനും നിർദേശിച്ചു.

### 2.3.4 പ്രതിഫലനങ്ങൾ

പ്രാദേശിക സർക്കാർ തലത്തിൽ ലിംഗപദവി (Gender)എന്നത് ആഴത്തിലുള്ള ചർച്ചയ്ക്ക് വിധേയമായി. സ്ത്രീകൾക്കനുകൂലമായ ചിലനേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ ധാരാളം സ്ത്രീ കൂട്ടായ്മകൾ ഉയർന്നുവന്നു. വനിതാ ജനപ്രതിനിധികൾ ഇവർക്ക് നേതൃത്വം നൽകി. വികസനവുമായി ബന്ധപ്പെട്ട് ഏത് സമിതികൾ രൂപീകരിക്കുമ്പോഴും സ്ത്രീപ്രാതിനിധ്യം അവിഭാജ്യ ഘടകമായി. നിർണ്ണായക ഘട്ടങ്ങളിൽ അഭിപ്രായം പറയാനും ഉറച്ചുനിൽക്കാനും കുറച്ചുപേരെങ്കിലും തയ്യാറായി. പൊതുവേദികളിൽ സ്ത്രീകൾ മടിയില്ലാതെ സംസാരിക്കാൻ തുടങ്ങി. പലരും അതിനായി കൂടുതൽ കാര്യങ്ങൾ പഠിക്കാൻ തയ്യാറായി. കുടുംബത്തിന്റെ പിന്തുണ ആർജ്ജിക്കാൻ ചിലർക്കെങ്കിലും സാധിച്ചു. ഗാർഹികാദ്ധ്വാനം പങ്കുവയ്ക്കൽ, കുടുംബത്തിലും തൊഴിലിടങ്ങളിലും ഉള്ള ചൂഷണവും അതിക്രമങ്ങളും എന്നിവ ചർച്ചയായി. ദാരിദ്ര്യനിർമാർജനത്തിലേക്ക്, വാസയോഗ്യമായ പാർപ്പിടത്തിലേക്ക്, കുടിവെള്ള ലഭ്യതയിലേക്ക്, നല്ല ശുചിത്വ സംവിധാനത്തിലേക്ക്, സ്ത്രീകളുടെ പ്രാഥമിക ആവശ്യങ്ങൾ പരിഹരിക്കുന്നതിലേക്ക്, അവരിലെ അപകർഷതാബോധം മാറ്റി വിശ്വാസത്തിലേക്ക് നയിക്കുന്നതിലേക്ക് ഒരു പരിധി വരെ ഈ പ്രസ്ഥാനത്തിന് സാധിച്ചു. തുടർന്നുവന്ന വിവരാവകാശ നിയമം, തൊഴിലുറപ്പ് നിയമം, ചെറുകിട സംരംഭങ്ങൾ, ആശ്രയ പദ്ധതി, പാലിയേറ്റീവ് കെയർ സംവിധാനങ്ങൾ, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഇവയ്ക്കെല്ലാം ഊർജ്ജം പകർന്നത് ജനകീയാസൂത്രണ പരിപാടിയായിരുന്നു.

## 2.4 വനിതാ ഘടകപദ്ധതി

ഓരോ പ്രദേശത്തെയും സ്ത്രീകൾ നേരിടുന്ന സവിശേഷ പ്രശ്നങ്ങൾ കണ്ടെത്താൻ വേണ്ട ശ്രമങ്ങൾ തദ്ദേശ സ്വയംഭരണ സർക്കാരുകൾ ഏറ്റെടുത്തിരുന്നു. സ്ത്രീകളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട് കുടുംബത്തിനുള്ളിലും പുറത്തും ഉണ്ടാകുന്ന സവിശേഷ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ഗ്രാമസഭകളിലെ വനിതാ വിഷയഗ്രൂപ്പുകൾ വേദിയായി.




ഈ ചർച്ചകൾ വികസനരേഖയിലെ വനിതാവികസന അധ്യായത്തിലും പ്രതിഫലിച്ചു. ഇത് സംസ്ഥാനതലത്തിൽ ശ്രദ്ധിക്കപ്പെട്ടതോടെ പദ്ധതിരൂപീകരണ മാർഗരേഖയിൽ 1997-98 വാർഷികപദ്ധതിയിൽ 10 ശതമാനം തുക സ്ത്രീകൾക്ക് നേരിട്ടു ഗുണകരമാകുന്ന പദ്ധതികൾക്ക് നീക്കിവയ്ക്കണമെന്നും പൊതു പദ്ധതികളിൽ സ്ത്രീകൾക്ക് മുൻഗണന നൽകണമെന്നും നിർദേശമുണ്ടായി.

അങ്ങനെ **ജനകീയാസൂത്രണത്തിലെ സ്ത്രീപരിഗണനയുടെ കേന്ദ്രബിന്ദുവായ 'വനിതാ ഘടക പദ്ധതി'** രൂപംകൊണ്ടു. ഇന്ത്യയിൽ ആദ്യമായി കേരളത്തിലാണ് എല്ലാ തദ്ദേശ സ്വയംഭരണ സർക്കാരുകളും സ്ത്രീകളുടെ സവിശേഷ പ്രശ്നങ്ങൾക്ക് പരിഹാരമായി 10 ശതമാനം തുക പദ്ധതിവിഹിതത്തിൽ നിന്ന് നീക്കിവയ്ക്കുന്നത്. പദ്ധതിയുടെ ആദ്യ വാർഷികപദ്ധതിയിൽ 10 ശതമാനം ഉണ്ടായില്ല. എന്നാൽ 1998-99 പദ്ധതി മുതൽ 10 ശതമാനം തുകയെങ്കിലും നിർബന്ധമായി വനിതാഘടക പദ്ധതിക്കായി നീക്കിവയ്ക്കണമെന്ന് മാർഗരേഖയിൽ നിർദ്ദേശിച്ചു. ഇതു കൂടാതെ പൊതുപദ്ധതികളിൽ സ്ത്രീകൾക്ക് മുൻഗണന നൽകേണ്ടതുണ്ട്.

### 2.4.1 വനിതാഘടക പദ്ധതി ലക്ഷ്യങ്ങൾ

- ഇന്ത്യൻ ഭരണഘടന ഒരു വ്യക്തിക്ക് ഉറപ്പാക്കുന്ന എല്ലാ അവകാശങ്ങളും സ്ത്രീകൾക്കും ലിംഗ ലൈംഗിക ന്യൂനപക്ഷങ്ങൾക്കും ലഭ്യമാക്കേണ്ട ഉത്തരവാദിത്തം പ്രാദേശിക സർക്കാരുകൾക്കുണ്ട് .
- പഞ്ചായത്തിലെ മുഴുവൻ സ്ത്രീകളുടെയും ബഹുമുഖ ശേഷി വികസനത്തിന് സാഹചര്യം ഒരുക്കണം.
- പ്രസ്തുത ശേഷികളെ നവസാമൂഹിക സൃഷ്ടിക്കായി വിനിയോഗിക്കുന്ന നയം ഉണ്ടാകണം.

- അടുത്ത അഞ്ചു വർഷത്തിനുള്ളിൽ തദ്ദേശസ്ഥാപന പരിധിക്കുള്ളിലെ സ്ത്രീകളുടെ ആരോഗ്യം, വിദ്യാഭ്യാസം, തൊഴിലിടങ്ങളിലെ സൗഹൃദ അന്തരീക്ഷം, സാങ്കേതിക വൈദഗ്ധ്യത്തിനുള്ള വളർച്ച, രാഷ്ട്രീയ സാംസ്കാരിക സാമൂഹിക പദവി എന്നിവയിൽ എത്രമാത്രം വളർച്ച ലക്ഷ്യം വയ്ക്കുന്നു എന്ന് തിട്ടപ്പെടുത്തണം.
- ദുർബ്ബല വിഭാഗങ്ങൾ, അവിവാഹിതരായ അമ്മമാർ, വിധവകൾ, ഒറ്റയ്ക്കായവർ, പട്ടികജാതി-വർഗ വിഭാഗങ്ങളിലെ സ്ത്രീകൾ എന്നിവരുടെ ജീവിത ഗുണനിലവാരം, അംഗീകാരം, ശേഷിവികസനം എന്നിവ എത്രമാത്രം മെച്ചപ്പെടണമെന്ന് ലക്ഷ്യമാക്കണം.

ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഒരു വനിതാനയത്തിന് തദ്ദേശ സ്ഥാപനങ്ങൾ രൂപം നൽകേണ്ടതുണ്ട്. രാഷ്ട്രീയ-പൊതു-സാമൂഹിക മണ്ഡലത്തിൽ അവസരങ്ങൾ ഉറപ്പാക്കാൻ ഇവയെല്ലാം ലക്ഷ്യമിട്ടുകൊണ്ടുള്ള വനിതാനയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രഖ്യാപിക്കേണ്ടതുണ്ട്.




### 2.4.2 മാർഗ്ഗനിർദ്ദേശങ്ങൾ

- വനിതാ ഘടക പദ്ധതി രൂപീകരണവും നിർവഹണവും സംബന്ധിച്ച് ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷം മുതൽ തന്നെ സർക്കാർ മാർഗരേഖ പുറപ്പെടുവിച്ചിരുന്നു. രൂപീകരണ/നിർവഹണ ഘട്ടങ്ങളിൽ ഉണ്ടാവുന്ന ആശയക്കുഴപ്പങ്ങളും പ്രതിസന്ധികളും മറികടക്കുന്നതിന് സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ യഥാസമയം പുറപ്പെടുവിച്ചിരുന്നു.
- വികസനരേഖകളിലെ വനിതാ അധ്യായം സംസ്ഥാനതലത്തിൽ വിലയിരുത്തിയപ്പോൾ സ്ത്രീകൾ വിവിധമേഖലകളിൽ അനുഭവിക്കുന്ന സവിശേഷ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി വിഹിതത്തിന്റെ 10 ശതമാനം തുക സ്ത്രീകൾക്ക് വേണ്ടി മാത്രം വിനിയോഗിക്കണമെന്ന് നിർദേശമുണ്ടായത്. 1997-98 ൽ കാര്യമായ വകയിരുത്തൽ സ്ത്രീകൾക്ക് വേണ്ടി ഉണ്ടായില്ല. ഇതിനെ തുടർന്ന് 1998-99 വർഷത്തിൽ 10 ശതമാനം തുക സ്ത്രീകളുടെ

സവിശേഷ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി നീക്കിവയ്ക്കാൻ നിർബന്ധിത മായി. അതിനായി പദ്ധതികൾ രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചു. ഇത് വനിതാ ഘടക പദ്ധതി (Women Component Plan) യായി അറിയപ്പെടുകയും ചെയ്തു.

- തുടർന്നുള്ള ഓരോ വാർഷിക പദ്ധതികളിലും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുന്ന പദ്ധതികൾ എന്തൊക്കെയാവാം എന്ന് വ്യക്തത വരുത്തിയിരുന്നു. വനിതാ ഘടക പദ്ധതി സ്ത്രീകളുടെ പ്രായോഗികവും നിർണായകവുമായ ആവശ്യങ്ങൾ കണ്ടെത്താൻ സവിശേഷ ഊന്നൽ നൽകി. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ ജാഗ്രതാസമിതി, ജെൻഡർ റിസോഴ്സ് സെന്റർ അടക്കമുള്ള പദ്ധതികൾക്ക് രൂപം നൽകാൻ കൂടുതൽ നിഷ്ക്കർഷിച്ചു.

### 2.4.3 നിലവിലെ അവസ്ഥ

- പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ എത്തിനിൽക്കുമ്പോൾ സ്ത്രീകളുടെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, കുടിവെള്ളം, ശുചിമുറി, തൊഴിൽ/ വരുമാനം തുടങ്ങിയവ പ്രാദേശികതലത്തിൽ പരിഗണിക്കപ്പെട്ടു എന്ന് കാണാൻ സാധിക്കും.
- പാരമ്പര്യേതര പരിപാടികളായ ഡ്രൈവിംഗ് പരിശീലനം, സൈക്ലിംഗ്, സ്വയം പ്രതിരോധ പരിശീലനം, കമ്പ്യൂട്ടർ പരിശീലനം, വനിതാ ട്രാൻസ്പോർട്ട്, പാരാമെഡിക്കൽ പരിശീലനം, കമ്മ്യൂണിറ്റി കോളേജ്, ഇലക്ട്രിക് ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ, റിപ്പയറിങ്ങിൽ പരിശീലനം, ലിംഗപദവി വിദ്യാഭ്യാസ പരിശീലനം, കൗമാരക്കാർക്കും വീട്ടമ്മമാർക്കും അതിക്രമങ്ങൾക്കും ചൂഷണത്തിനു മെതിരെ സ്വയം പ്രതിരോധ പരിശീലനം, കലാകായിക മത്സരങ്ങൾ എന്നിവ പരിഗണിക്കപ്പെട്ടിട്ടുണ്ട്.
- കുടുംബശ്രീയുടെ ആവിർഭാവവും പ്രവർത്തനങ്ങളും ഒട്ടേറെ ചലനങ്ങൾ ഗ്രാമീണ സ്ത്രീകൾക്കിടയിൽ ഉണ്ടാക്കിയിട്ടുണ്ട്. ചെറുകിട സംരംഭങ്ങളും ആശ്രയ തൊഴിലുറപ്പ് പദ്ധതികളുടെ നേതൃത്വവും, സ്ത്രീകളിലേക്കെത്തുന്നതിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ നിർണ്ണായകമായിട്ടുണ്ട്.
- സ്ത്രീകളുടെ സംഘടനാശേഷി, ധന മാനേജ്മെന്റ്, വ്യക്തിത്വ വികസനം, സാമ്പത്തിക വികസന പ്രവർത്തനങ്ങളിലുള്ള ഇടപെടൽ, കുടുംബത്തിലും സമൂഹത്തിലും അംഗീകാരം, ഗ്രാമസഭകളിലും പൊതുയോഗങ്ങളിലും പങ്കാളിത്തം എന്നിവ വർദ്ധിച്ചിട്ടുണ്ട്.
- എന്നാൽ സ്ത്രീകളുടെ സാമൂഹികപദവി ഉയർത്തുന്നതിന് ആവശ്യമായ പദ്ധതികൾ വേണ്ടത്ര നടപ്പാക്കപ്പെട്ടില്ല.

### 2.4.4 നടപ്പിലാക്കേണ്ട വിധം

**വനിതാ ഘടക പദ്ധതി ആസൂത്രണ ഘട്ടങ്ങൾ**

ഭരണസമിതി തീരുമാനം

↓

വനിതാ വർക്കിംഗ് ഗ്രൂപ്പ് പുനഃസംഘടന

↓

ഏകദിന ശിൽപശാല

↙ ↘

അവസ്ഥാ പഠനം പദവി പഠനം

↓

ഗ്രാമസഭ

↙ ↘

വനിതാ വികസന ഗ്രൂപ്പ് ചർച്ച മറ്റ് വിഷയ ഗ്രൂപ്പുകളിലും ചർച്ച

↓

പ്രശ്നങ്ങൾ, ആവശ്യങ്ങൾ

↙ ↘

പ്രയോഗികം നിർണായകം

↓

പരിഹാര പദ്ധതികൾ

↙ ↘

വനിതാ ഘടക പദ്ധതി പ്രശ്നപരിഹാര പദ്ധതികൾ


പൊതുപദ്ധതികളിലെ സ്ത്രീ പരിഗണന

### 2.4.5 നടപ്പിലാക്കപ്പെട്ട മാതൃകാപദ്ധതികൾ

- സ്ത്രീ പദവി പഠനം
- ജെൻഡർ റിസോഴ്സ് സെന്റർ
- കമ്യൂണിറ്റി കോളേജ്, വിവിധ സാങ്കേതിക മേഖലകളിൽ ആറുമാസം മുതൽ ഒരു വർഷം വരെയുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ, തുടർ പിന്തുണാ സംവിധാനം
- കലാ കായിക പരിശീലനങ്ങളും മത്സരങ്ങളും
- സാഹിത്യ ചർച്ചകൾ, രചനാ ക്യാമ്പുകൾ
- വനിതാ നാടകവേദി
- ജാഗ്രതാ സമിതികൾ
- തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും വാർഡുതലത്തിലും കുടുംബശ്രീ വിജിലന്റ് ഗ്രൂപ്പുകൾ, സംയോജന സാധ്യതകൾ
- വനിതാ സ്റ്റാർട്ടപ്പ് സെന്ററുകൾ – സാങ്കേതിക വിദ്യാഭ്യാസമുള്ള സ്ത്രീകളുടെ നേതൃത്വത്തിൽ കൂട്ടായ്മകൾ
- കാർഷികമേഖലയിലെ നൂതന സംരംഭങ്ങൾ
- വനിതാ സൂപ്പർ മാർക്കറ്റ്
- സ്ത്രീകളുടെ ഇവന്റ് മാനേജ്മെന്റ്
- ലേബർ ബാങ്ക് – തൊഴിൽദാതാക്കളും സേവനദാതാക്കളും പരസ്പരം ബന്ധിക്കുന്ന ഇടം
- പെൺകുട്ടികളുടെ രക്ഷിതാക്കൾക്ക് ജെൻഡർ നിയമ ബോധവൽക്കരണം
- സ്വയം പ്രതിരോധ പരിശീലനവും നിയമ ബോധവൽക്കരണവും (ക്ലാസ്സുകൾ, പോസ്റ്ററുകൾ, നാടകങ്ങൾ) സ്ത്രീകൾക്കും സമൂഹത്തിനും

## ഉപസംഹാരം


കേരളത്തിലെ തദ്ദേശ സ്വയംഭരണ സംവിധാനങ്ങൾ വഴി നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും ജെൻഡർ അവബോധത്തോടും എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തിയും കൂടിയാകാൻ ലക്ഷ്യം വച്ചുള്ളതാണ് പഞ്ചായത്തിരാജ് നഗരപാലികാ നിയമം. ഈ പ്രവർത്തനങ്ങൾ ലിംഗനീതിക്കും സാമൂഹികനീതിക്കും അനുസൃതമാണ് എന്നുറപ്പ് വരുത്തുകയാണ് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പ്രാദേശിക തലങ്ങളിലെ നേതാക്കൾ എന്നിവരുടെ ഉത്തരവാദിത്തം.



## അദ്ധ്യായം 3

# ജെൻഡറും അനുബന്ധ ആശയങ്ങളും

### 3.1 ആമുഖം




ബഹുസ്വരമായ ഒരു സമൂഹത്തിൽ സാമൂഹ്യനീതി എല്ലാ ജനവിഭാഗങ്ങളിലും എത്തിച്ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെങ്കിൽ മാനവ വൈവിധ്യങ്ങളെ കുറിച്ച് അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. വിവിധ തരത്തിലുള്ള മനുഷ്യരെ അറിയാനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും ജെൻഡറുമായി ബന്ധപ്പെട്ട തുടർ പഠനം അനിവാര്യമാണ്. എല്ലാ മനുഷ്യരുടെയും കഴിവുകളും സാധ്യതകളും ജാതി-മത-വർഗ്ഗ-ലിംഗ വ്യത്യാസമില്ലാതെ വികസിപ്പിക്കുകയും അവ ഉപയോഗിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും വേണം. അതുകൊണ്ടുതന്നെ വികസനത്തിലും ആസൂത്രണത്തിലും പങ്കാളികളാകുന്നവർ ജെൻഡറും അനുബന്ധ ആശയങ്ങളും മനസ്സിലാക്കേണ്ടതും അനിവാര്യമാണ്. അനുദിനം വികസിതമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ രംഗത്തെ അടിസ്ഥാനപരമായ ചില ആശയങ്ങളെ പരിചയപ്പെടാം.

> ലിംഗപദവിസംവേദനക്ഷമത എന്നത് ഒരു മനോഭാവം എന്നതിനപ്പുറം രാഷ്ട്രീയമായ ശരിയുടെയും കാര്യക്ഷമവും സുസ്ഥിരവുമായുള്ള വികസന പ്രക്രിയയുടെയും കാതലാണ്.

#### 3.1.1 ലിംഗവ്യത്യാസം (Sex)

ലിംഗവ്യത്യാസം ജൈവപരമാണ് (biological). മറ്റ് ഏകലിംഗജീവികളെ പോലെ മനുഷ്യനിലും സ്ത്രീപുരുഷന്മാർ തമ്മിലുള്ള ശാരീരിക വ്യത്യാസങ്ങളെ ഇത് സൂചിപ്പിക്കുന്നു (male, female, intersex). ഇത് ജന്മനാ ഉള്ളതും മാറ്റാൻ ബുദ്ധിമുട്ടുള്ളതുമാണ്.

**ഇന്റർ സെക്സ് (Intersex):** ലൈംഗിക-പ്രത്യുൽപാദന അവയവങ്ങൾ പൂർണമായും സ്ത്രീയുടെയോ പുരുഷന്റെയോ അല്ലാത്തതായോ, അവ രണ്ടും ചേർന്നതോ,

വ്യത്യസ്തങ്ങളായ ക്രോമസോം ഉള്ളവരോ ആയി ജനിച്ചവരാണ് ഇൻറർ സെക്സ്. ഇവരുടെ ലൈംഗികചായ്‌വ്, ലിംഗസ്വത്വം എന്നിവ പ്രായപൂർത്തിയാകുന്നതോടെ മാത്രമേ അറിയാനായി സാധിക്കുകയുള്ളൂ.

### 3.1.2 ലിംഗപദവി (Gender)

ലിംഗപദവി എന്നത് സാമൂഹികമായും സാംസ്കാരികമായും നിർമ്മിക്കപ്പെടുന്നതാണ് (social and cultural construction). ഒരു പ്രത്യേക സമൂഹത്തിലോ, ചരിത്രഘട്ടത്തിലോ സാംസ്ക്കാരിക സാഹചര്യത്തിലോ ഒരു സ്ത്രീയോ പുരുഷനോ ആയിരിക്കുന്നതിന് സാമൂഹികമായി നിലനിൽക്കുന്ന അർത്ഥമാണ് ലിംഗപദവി. ഇത് എല്ലാ കാലത്തും എല്ലായിടത്തും ഒരുപോലെയല്ല.

ലിംഗപദവി ബന്ധങ്ങൾ സാമൂഹികമാണ്, അവ അധികാര ബന്ധങ്ങളുമാണ്. സ്ത്രീ പുരുഷന്മാർക്ക് ഓരോ കാലഘട്ടത്തിലും സ്ഥലങ്ങളിലും ലഭിക്കുന്ന അധികാരത്തിന്റെ തോത് അനുസരിച്ച് ലിംഗപദവി ബന്ധങ്ങളിലും വ്യത്യാസങ്ങളുണ്ടാവും.


**ട്രാൻസ്ജെൻഡർ (Transgender):** ജന്മനായുള്ള ശാരീരിക ലിംഗവും മാനസികമായ ലിംഗത്വവും തമ്മിൽ വളരെയധികം വ്യത്യാസം അനുഭവപ്പെടുന്ന ന്യൂനപക്ഷ വിഭാഗമാണ് ട്രാൻസ്ജെൻഡർ വ്യക്തികൾ. ആണായി ജനിച്ച് പെണ്ണായി മാറാൻ ആഗ്രഹിക്കുന്നവരും പെണ്ണായി ജനിച്ച് ആണായി മാറാൻ ആഗ്രഹിക്കുന്നവരും ആൺ-പെൺ ദ്വന്ദ്വത്തിലൊതുങ്ങാത്തവരും എല്ലാം ഇതിന്റെ ഉപവിഭാഗങ്ങളാണ്. ചില ട്രാൻസ്ജെൻഡർ വ്യക്തികൾ ലിംഗമാറ്റ ശസ്ത്രക്രിയയിലൂടെയും തന്റെ ശാരീരികമായ ലിംഗാവസ്ഥയെ മാനസികമായ ലിംഗത്വത്തിന് അനുരൂപമാക്കി അവ തമ്മിലുള്ള പൊരുത്തക്കേടിനെ പരിഹരിക്കാറുണ്ട്.

**എൽ.ജി.ബി.ടി.ഐ.ക്യൂ.എ+ (LGBTIQA+):** ലിംഗ-ലൈംഗിക ന്യൂനപക്ഷങ്ങളെ ഒന്നായി സൂചിപ്പിക്കാനായി ഉപയോഗിക്കുന്ന ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, ട്രാൻസ്ജെൻഡർ, ഇന്റർ സെക്സ്, ക്വിയർ, അസെക്ഷ്വൽ എന്നതിന്റെ ചുരുക്കപ്പേരാണ് എൽ.ജി.ബി.ടി.ഐ.ക്യൂ.എ.+. ഈ ചുരുക്കപ്പേരുകളിൽ സൂചിപ്പിച്ച വിഭാഗങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല ലൈംഗിക സ്വത്വം. അതൊരു 'umbrella term' ആണ്. അതുകൊണ്ടാണ് പ്ലസ് എന്ന ചിഹ്നം ഉപയോഗിച്ചു വരുന്നത്.




### 3.2 ജെൻഡർ റോളുകൾ (Gender Roles)

സമൂഹത്തിൽ ആണോ പെണ്ണോ ആയി ജനിക്കുന്ന ഓരോ വ്യക്തിയിൽ നിന്നും, സമൂഹം ഒരു സ്ത്രീക്ക്, പുരുഷന് ആ സമൂഹത്തിന് ഉചിതമെന്ന് തോന്നുന്ന കുറേ സ്വഭാവവിശേഷങ്ങളും ചുമതലകളും പ്രതീക്ഷകളും ഉത്തരവാദിത്തങ്ങളും അടിച്ചേൽപ്പിക്കുന്നു. ഇതിനെയാണ് ജെൻഡർ റോളുകൾ എന്നു പറയുന്നത്. ഇത് പലപ്പോഴും വ്യക്തിയുടെ സവിശേഷമായ സ്വത്വത്തിനോ കഴിവുകൾക്കോ നൈപുണികൾക്കോ അടിസ്ഥാനമാകണമെന്നില്ല.




ഇത്തരം അടിച്ചേൽപ്പിക്കപ്പെടുന്ന ജെൻഡർ അടിസ്ഥാനത്തിലുള്ള 'റോൾ വിഭജനം' ഇന്റർ സെക്സ് വ്യക്തികളെയോ ട്രാൻസ്ജെൻഡേഴ്സിനെയോ മറ്റ് ലിംഗ ലൈംഗിക ന്യൂനപക്ഷങ്ങളെയോ പരിഗണിക്കാൻ പോലും തയ്യാറായിട്ടില്ല എന്നുമാത്രമല്ല പലപ്പോഴും അവർ അത്തരം ജെൻഡർ റോളുകളിൽ ഒതുങ്ങാൻ നിർബന്ധിക്കപ്പെടുകയും ചെയ്യും. അതായത് ആണോ പെണ്ണോ ഇൻഡർ സെക്സോ, ട്രാൻസ്ജെൻഡറോ ആയ വ്യക്തിയെ സാമൂഹ്യവൽക്കരണ പ്രക്രിയയിലൂടെയും സാമൂഹ്യ നിയന്ത്രണ പ്രക്രിയയിലൂടെയും സമൂഹത്തിലെ അധികാരബന്ധത്തിന്റെ ഭാഗമായി നിൽക്കുന്ന പുരുഷത്വത്തിന്റെയും സ്ത്രീത്വത്തിന്റേയും സങ്കൽപങ്ങൾക്കനുസരിച്ച് പരുവപ്പെടുത്തപ്പെടുന്നു.




Competency: Gives the words relating to occupation. (5,4)
Note to the teacher: Show the pictures related to different occupations and their related places.

## 3.3 ലിംഗപദവി വാർപ്പ്മാതൃകകൾ (Gender Steretoypes)

സ്ത്രീകൾ, പുരുഷന്മാർ, ലിംഗലൈംഗിക ന്യൂനപക്ഷങ്ങൾ എന്നിവരെക്കുറിച്ച് മുൻവിധിയിൽ അധിഷ്ഠിതമായ വാർപ്പുമാതൃകകളാണ് ലിംഗപദവി വാർപ്പുമാതൃകകൾ. സമൂഹത്തിൽ രൂഢമൂലമായി നിലനിൽക്കുന്ന വിശ്വാസങ്ങളുടെ ഭാഗമായി ഇത്തരം കൽപ്പനകൾ വളരെ സ്വാഭാവികമായി തന്നെ തോന്നിയേക്കും. ഏതാനും ചില മനുഷ്യരുടെ സവിശേഷതകളെയോ ന്യൂനതകളെയോ പർവ്വതീകരിച്ചോ വക്രീകരിച്ചോ ചിത്രീകരിച്ചു കൊണ്ട് അത് ആ സമൂഹത്തിന്റെ തന്നെ പ്രത്യേകതയായി അവതരിപ്പിക്കുന്നു. അയഥാർത്ഥമോ അർത്ഥസത്യത്തിലോ അധിഷ്ഠിതമായ ഇത്തരം മുൻവിധികൾ ലിംഗ വിവേചനത്തിന് കാരണമാകും. മാധ്യമങ്ങളും പരസ്യങ്ങളും ഇത്തരം വാർപ്പുമാതൃകകളെ പ്രബലമാക്കുവാൻ പ്രധാന പങ്കുവഹിക്കുന്നു .

## 3.4 ലിംഗവിവേചനം (Gender Discrimination)

പൂർണമായ മനുഷ്യാവകാശങ്ങൾ അനുഭവിക്കുന്നവരിൽ നിന്നും ഒരു വ്യക്തിയെ തടയുന്ന ലിംഗാടിസ്ഥാനത്തിലുള്ള വിവേചനങ്ങൾ ആണ് ഇതുകൊണ്ട് അർത്ഥമാ


ക്കുന്നത്. സ്ത്രീയായതുകൊണ്ട് ചില ജോലികൾക്ക് അപേക്ഷിക്കാൻ പാടില്ല, ചില സ്ഥലങ്ങളിൽ പോകാൻ പാടില്ല മുതലായവ ഉദാഹരണങ്ങളാണ്. ലിംഗപദവി വിവേചനങ്ങൾ പലപ്പോഴും സൂക്ഷ്മവും പരോക്ഷവുമായിരിക്കും. കുറഞ്ഞ ലിംഗാനുപാതവും, പെൺഭ്രൂണഹത്യയും പെൺശിശുഹത്യയും തുല്യജോലിക്ക് തുല്യ വേതനം ലഭിക്കാത്തതും അസമയങ്ങളിലും അന്യദേശങ്ങളിലേക്കുള്ള സഞ്ചാര വിലക്കും, വേതനമില്ലാത്ത തൊഴിലുകളും തുടങ്ങി, ഉയർന്ന സ്ഥാനമാനങ്ങളിലും തീരുമാന മെടുക്കുന്ന സഭകളിലും സ്ത്രീകളുടെ കടന്നുവരവിനെ തടയിടുന്ന ഗ്ലാസ്സ് സീലിംഗുകളും എല്ലാം ലിംഗവിവേചനത്തിന് ഉദാഹരണങ്ങളാണ്. LGBTIQA+ മനുഷ്യരെ അദൃശ്യമാക്കുന്ന തരത്തിൽ പോലും ക്രൂരമായി ലിംഗവിവേചനം സമൂഹത്തിൽ നിലനിൽക്കുന്നു.

## 3.5 ലിംഗസമത്വം (Gender Equaltiy)

നിയമങ്ങളിലും നയങ്ങളിലും പരിപാടികളിലും ലിംഗഭേദമില്ലാതെ എല്ലാ മനുഷ്യരേയും ഒരേപോലെ വീക്ഷിക്കുക, എല്ലാവർക്കും തുല്യപരിഗണനയും അവസരങ്ങളും ലഭിക്കുക, കുടുംബത്തിലെയും സമൂഹത്തിലെയും വിഭവങ്ങളിലും സേവനങ്ങളിലും തുല്യപ്രാപ്യതയും നിയന്ത്രണവും ഉണ്ടാവുക എന്നൊക്കെയാണ് ലിംഗസമത്വം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ലിംഗസമത്വം പ്രധാനപ്പെട്ട ഒരു മനുഷ്യാവകാശമാണ്.

## 3.6 ലിംഗനീതിയും സന്തുലനവും (Gender Equtiy and Justice)

മനുഷ്യരുടെ ഇടയിൽ ഉള്ള വ്യത്യസ്തതയെ അംഗീകരിക്കുകയും, പരിഗണി ക്കുകയും ചെയ്തുകൊണ്ട് ഉത്തരവാദിത്തങ്ങളുടെയും നേട്ടങ്ങളുടെയും കാര്യത്തിൽ



നടക്കേണ്ട നീതിപൂർവ്വമായ വിതരണമാണ് ലിംഗനീതി കൊണ്ട് അർത്ഥമാക്കുന്നത്. എല്ലാവരേയും ഒരുപോലെ പരിഗണിക്കുക എന്നതല്ല മറിച്ച് ഓരോരുത്തരുടെയും പ്രത്യേകതകൾ തിരിച്ചറിഞ്ഞ് നിലനിൽക്കുന്ന തുല്യതയില്ലായ്മ ഇല്ലാതാക്കാൻ അവർക്ക് ആവശ്യത്തിനനുസരിച്ചുള്ള പ്രത്യേക ഇടപെടലുകളും പിന്തുണയും നൽകലാണ് ലിംഗ നീതി. ബസ്സുകളിലെ സീറ്റ് സംവരണം മുതൽ പ്രാദേശിക സർക്കാരിലേക്കുള്ള വനിതാസംവരണവും പെൺകുട്ടികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഇത്തരത്തിലുള്ള ഇടപെടലിന്റെ ഭാഗമാണ്.

അവസര സമത്വവും വിഭവങ്ങളുടെ മേൽ തുല്യമായ പ്രാപ്യതയും എല്ലാവർക്കും ലഭിക്കണമെങ്കിൽ സാമൂഹിക-സാംസ്കാരിക നിയമങ്ങളിലും ശ്രേണിബന്ധങ്ങളിലും മാറ്റം ഉണ്ടാവണം. ഇതു നടക്കണമെങ്കിൽ പലപ്പോഴും സാമൂഹ്യഘടനയിൽ സമൂലമായ അഴിച്ചുപണി തന്നെ വേണ്ടിവരും.

## 3.7 ലിംഗപദവി മുഖ്യധാരാവൽക്കരണം (Gender Mainstreaming)

നിലവിലുള്ള അധികാര കേന്ദ്രീകരണം മാറ്റിത്തീർക്കാനും വികസനപ്രക്രിയയുടെ എല്ലാ ഘട്ടങ്ങളിലും പരിപാടികളിലും നയങ്ങളിലും നിലനിൽക്കുന്ന ലിംഗപദവി വ്യത്യാസങ്ങളെ തിരിച്ചറിഞ്ഞ് ഇവയിലെല്ലാം സ്ത്രീകൾക്കും പുരുഷന്മാർക്കും ലിംഗ ലൈംഗിക ന്യൂനപക്ഷങ്ങൾക്കും തുല്യപ്രാപ്യതയും നിയന്ത്രണവും ഉറപ്പുവരുത്താനുമുള്ള പ്രക്രിയയാണ് ലിംഗപദവി മുഖ്യധാരാവൽക്കരണം.

ജനങ്ങൾക്ക് നീതിയും ക്ഷേമവും ഉറപ്പാക്കാനും അശരണരും പുറന്തള്ളപ്പെട്ടവരും ആയ ജനവിഭാഗങ്ങളുടെ ശബ്ദങ്ങൾ കേൾക്കാനും ആവശ്യങ്ങൾ അംഗീകരിക്കാനും അവ നിവർത്തിക്കാനും കൈക്കൊള്ളുന്ന എല്ലാ നടപടികളും മുഖ്യധാരാവൽക്കരണത്തിൽപ്പെടും. സ്ത്രീകളിൽ തന്നെ പാർശ്വവൽക്കരിക്കപ്പെട്ടവരും, ഇരുളിൽ നിന്ന് ദൃശ്യതയിലേക്ക് ഉയർന്നു കൊണ്ടിരിക്കുന്ന ലിംഗലൈംഗിക ന്യൂനപക്ഷങ്ങളും നേരിടുന്ന പ്രശ്നങ്ങൾ സമൂഹത്തിന്റെ പ്രശ്നങ്ങളായി ഉൾക്കൊള്ളാനും അവ പരിഹരിക്കാനും പൊതുസമൂഹത്തെ പ്രാപ്തരാക്കുന്ന ഉത്തരവാദിത്തവും ലിംഗപദവി മുഖ്യധാരാവൽക്കരണത്തിന്റെ ഭാഗമാണ് .

## 3.8 ലിംഗപദവി സംവേദനക്ഷമത (Gender Sensitivtiy)

ലിംഗവിവേചനങ്ങളെയും പ്രശ്നങ്ങളെയും കുറിച്ചുള്ള വിമർശനപരവും വിശകലനാത്മകവുമായ അവബോധമാണ് ലിംഗപദവി സംവേദനക്ഷമത. നിരന്തരമായ പുനർ പഠനവും അപപഠനവും (Un learning) അതിനാവശ്യമാണ്. സ്ത്രീകളും പുരുഷന്മാരും മറ്റ് ലിംഗലൈംഗിക വിഭാഗങ്ങളും നിർവഹിക്കുന്ന റോളുകളും ചുമതലകളും എങ്ങനെയാണ് സാമൂഹികമായി നിർമ്മിക്കപ്പെടുന്നത് എന്നും ഇവ എങ്ങനെ

സാമൂഹികബന്ധങ്ങളെ സ്വാധീനിക്കുന്നു എന്നുമുള്ള തിരിച്ചറിവും ഇതിന്റെ ഭാഗമാണ്. ലിംഗപദവി വീക്ഷണത്തിലൂടെയുള്ള ആസൂത്രണത്തിൽ പങ്കാളികളാകുന്നവർ ലിംഗപദവി സംവേദനക്ഷമതയുള്ളവരും ഈ മേഖലയിൽ ശരിയായ കാഴ്ചപ്പാടും വൈദഗ്ധ്യവും ഉള്ളവരുമായിരിക്കണം. ഈ സാമൂഹിക രാഷ്ട്രീയ പ്രക്രിയയിൽ പങ്കാളികളാകുന്ന രാഷ്ട്രീയനേതൃത്വത്തിന്റെയും ഉന്നത ഉദ്യോഗസ്ഥരുടേയും മനോഭാവവും ലിംഗപദവി സംവേദനക്ഷമതയും ലിംഗസമത്വവും ലിംഗനീതിയും ഉറപ്പുവരുത്തുന്നതിൽ നിർണായക പങ്കുവഹിക്കുന്നു.

## 3.9 ലിംഗപദവി വീക്ഷണം (Gender Perspective)

പുരുഷാധിപത്യപരവും ഭിന്നവർഗ്ഗ ലൈംഗികതയെ സാധാരണവുമായി കാണുന്ന (heteronormative) ഒരു സമൂഹത്തിൽ വ്യക്തികൾ കാര്യങ്ങൾ എങ്ങനെ കാണണം എന്നുള്ളത് മുൻകൂട്ടി നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള കാഴ്ചകൾ ലിംഗപദവിയെയും അധികാരബന്ധങ്ങളെയും കണക്കിലെടുക്കാത്ത തരത്തിലുള്ളതാണ്. ഈ മങ്ങിയ കാഴ്ച തെളിവോടെ കാണണമെങ്കിൽ വ്യക്തികൾ ലിംഗപദവി സംവേദന ക്ഷമതയുള്ള ഒരു ജെൻഡർ ലെൻസ് (Gender Lens) സ്വായത്തമാക്കേണ്ടതുണ്ട്. ഒരേ സമൂഹത്തിൽ ആയിരിക്കുമ്പോളും സ്ത്രീകളും പുരുഷന്മാരും ലിംഗലൈംഗിക ന്യൂനപക്ഷങ്ങളും വ്യത്യസ്തങ്ങളായ ജീവിതമാണ് നയിക്കുന്നത്. അവരുടെ പ്രതീക്ഷകളും വെല്ലുവിളികളും വ്യത്യസ്തമായിരിക്കും, പരോക്ഷവും കാണാൻ കഴിയാത്തതുമായ ലിംഗപദവി വ്യത്യാസങ്ങളെ ഒരുപോലെ വീക്ഷിക്കുമ്പോൾ അല്ലെങ്കിൽ ഒരേ മാനദണ്ഡത്തിൽ അളക്കുമ്പോൾ മറ്റു പല കാഴ്ചകളും കണ്ണിൽ പെടാതെ പോകും. ലിംഗപദവി വീക്ഷണം മുഖ്യമായും പദവിയിലും അധികാരത്തിലുമുള്ള വ്യത്യാസങ്ങളെ വിമർശനാത്മകമായി കാണുന്നു. ലിംഗാധിഷ്ഠിത വിവേചനം എങ്ങനെ സ്ത്രീകളെയും പുരുഷന്മാരെയും ലിംഗലൈംഗിക ന്യൂനപക്ഷങ്ങളയും വ്യത്യസ്തമായി ബാധിക്കുന്നു എന്നും അവരുടെ വ്യത്യസ്തങ്ങളായ അനുഭവങ്ങളും ആവശ്യങ്ങളും എങ്ങനെ നയരൂപീകരണത്തിലും വികസനപ്രക്രിയുടെ വിവിധ ഘട്ടങ്ങളിലും ഉൾപ്പെടുത്താനാവുമെന്നും അതുവഴി തുല്യതയും തുല്യനീതിയും ഉറപ്പുവരുത്താനും ലിംഗപദവി വീക്ഷണം സഹായിക്കുന്നു.

## 3.10 പിതൃമേധാവിത്വവ്യവസ്ഥ (Patriarchy)

സ്ത്രീയേക്കാൾ ഉയർന്നതായി പുരുഷനെ കരുതുന്ന ഒരു സമൂഹിക വ്യവസ്ഥയാണ് പിതൃമേധാവിത്വ വ്യവസ്ഥ. ഇതിൽ പുരുഷന് വിഭവങ്ങളിലും തീരുമാനമെടുക്കുന്നതിലും പൂർണ്ണ നിയന്ത്രണമുണ്ട്. ഇത് ചരിത്രപരമായ നിർമ്മിതിയാണ്. അതിന്റെ ഉള്ളടക്കവും ഘടനയും വ്യാപ്തിയുമെല്ലാം കാലത്തിനും സാഹചര്യത്തിനും അനുസരിച്ച് മാറുന്നു.

സ്ത്രീകളുടെ തൊഴിൽ, ലൈംഗികത, പ്രത്യുൽപാദനം, ചലനാത്മകത, സമയം തുടങ്ങിയ അവരുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളുടെ മേലും പുരുഷനുള്ള നിയന്ത്രണമാണ് പിതൃമേധാവിത്വ വ്യവസ്ഥ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഭാഷയിലും പ്രതീകങ്ങളിലും മൂല്യങ്ങളിലും ഗുണങ്ങളിലും എല്ലാം ഇത് അന്തർലീനമായിരിക്കും. മറ്റു സാമൂഹിക വ്യവസ്ഥകളെപ്പോലെ പിതൃമേധാവിത്വ വ്യവസ്ഥയ്ക്കും ഒരു പ്രത്യയശാസ്ത്രവും ഘടനയും ഉണ്ട്. ഇവ പുരുഷനെ കുടുംബത്തിന്റെയോ ഗോത്രത്തിന്റെയോ തലവനും കുടുംബപ്പേരിന്റെയും സ്വത്തിന്റെയും അവകാശിയും ആക്കുന്നു. ഒരു സാമൂഹ്യവ്യവസ്ഥ എന്ന നിലയിൽ എല്ലാ പുരുഷന്മാർക്കും ഇത് അനുകൂലമായിരിക്കുമെങ്കിലും ഇതിലെ അധികാരത്തിലും ആനുകൂല്യങ്ങളിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം. മൂത്തമകനും സഹോദരനും ലഭിക്കുന്ന അധികാരവും ആനുകൂല്യങ്ങളും താഴെയുള്ള മറ്റു പുരുഷന്മാർക്ക് ലഭിക്കണമെന്നില്ല. ഈ അധികാരത്തിലെ ഏറ്റക്കുറച്ചിലുകളെ ജാതിയിലും മതത്തിലും വർഗ്ഗത്തിലുമുള്ള ശ്രേണിബന്ധങ്ങളും സ്വാധീനിക്കുന്നു. കുടുംബം, ഭരണകൂടം, വിദ്യാഭ്യാസം, മാധ്യമം, നിയമം തുടങ്ങിയ എല്ലാ സാമൂഹ്യ സ്ഥാപനങ്ങളും പുരുഷമേധാവിത്വപരമായാണ് പ്രവർത്തിക്കുന്നത്. ഈ സാമൂഹിക വ്യവസ്ഥയിൽ ജീവിക്കുന്ന സ്ത്രീകളും പുരുഷന്മാരും ഇതേ മൂല്യങ്ങൾ ആർജിക്കുന്നു. മനുഷ്യരെ പുരുഷൻ, സ്ത്രീ എന്നീ ദ്വന്ദ്വങ്ങൾ മാത്രമായി വീക്ഷിക്കുന്ന, ഭിന്നവർഗ്ഗ ലൈംഗികതയെ സാധാരണമായി കാണുന്ന പിതൃമേധാവിത്വ വ്യവസ്ഥയുടെ ലിംഗലൈംഗിക ന്യൂനപക്ഷങ്ങളോടുള്ള സമീപനവും കൂടുതൽ കലുഷിതമാണ്.

## 3.11 ശാക്തീകരണം (Empowerment)

സ്വന്തം ജീവിതത്തിന്റെ അവസ്ഥ തിരിച്ചറിഞ്ഞ് വിശകലനം ചെയ്തുകൊണ്ട് ആ അവസ്ഥയെ മെച്ചപ്പെടുത്തുന്നതിനോ മറികടക്കുന്നതിനോ വേണ്ടിയുള്ള അറിവ്, വൈദഗ്ദ്ധ്യങ്ങൾ, അവകാശബോധം എന്നിവ വ്യക്തികൾ ആർജ്ജിച്ചെടുക്കുന്ന പ്രക്രിയയാണ് ശാക്തീകരണം. തങ്ങളുടെ ജീവിതത്തെ ബാധിക്കുന്ന പ്രശ്നങ്ങളെ ചോദ്യംചെയ്യാനും വ്യക്തിപരമോ കൂട്ടായതോ ആയ നന്മയ്ക്ക് വേണ്ടി പ്രവർത്തിക്കാനുമുള്ള വൈദഗ്ധ്യവും കഴിവും വ്യക്തികൾ ഈ പ്രക്രിയയിലൂടെ വികസിപ്പിച്ചെടുക്കുന്നു.

സ്വന്തം കഴിവുകളെ സ്വതന്ത്രമായി വികസിപ്പിക്കാനും പരിധികളില്ലാതെ തെരഞ്ഞെടുക്കുവാനും വ്യക്തികൾക്ക് കഴിയണം. വ്യക്തികളിൽ ആത്മവിശ്വാസവും, സ്വാശ്രയത്വവും വർദ്ധിപ്പിച്ച് സ്വന്തം അവകാശങ്ങൾക്ക് വേണ്ടി വിലപേശുകയും സ്വത്തിലും വിഭവങ്ങളിലും അവർക്ക് പ്രാപ്യതയും നിയന്ത്രണമുണ്ടാവുകയും ചെയ്യുക വഴി സ്വന്തം ജീവിതത്തിന്റെ എല്ലാ മേഖലകളെയും നിയന്ത്രിക്കാനും കഴിവുണ്ടാകുന്ന അവസ്ഥയാണിത്.



സ്വന്തം ജീവിത സാഹചര്യങ്ങളെ വിമർശനാത്മകമായി വിലയിരുത്തുവാനുള്ള ശരിയായ സമീപനവും അറിവും കഴിവും സ്ത്രീകളും പെൺകുട്ടികളും നേടി യെടുക്കുകയും അതുവഴി ജീവിതത്തിന്റെ എല്ലാ തലങ്ങളെയും നിയന്ത്രിക്കാൻ കഴിവുണ്ടാക്കുകയും ചെയ്യുന്ന പ്രക്രിയയാണ് സ്ത്രീശാക്തീകരണം.

## ഉപസംഹാരം

നമ്മൾ ജനിച്ചുവളരുന്ന സമൂഹത്തിലെ പ്രബലമായ വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും എഴുതപ്പെട്ടതും എഴുതപ്പെടാത്തതുമായ സാമൂഹിക നിയമങ്ങളുടെയും (norms) സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗപദവി വാർപ്പു മാതൃക കളുടെയും സ്വാധീനത്തി ലാണ് നാം ഓരോരുത്തരും സാമൂഹികമായി പരുവപ്പെടു ന്നത്. കാലാകാലങ്ങളായി ശീലിച്ചുവന്ന പല കീഴ്വഴക്ക ങ്ങളും പെട്ടെന്ന് മാറ്റാൻ നമുക്ക് വൈമുഖ്യം ഉണ്ടാകാം. എന്നാൽ സൂക്ഷ്മമായ വിശ കലനത്തിൽ നമ്മൾ പഠിക്കു




കയും ആന്തരികവത്കരിക്കുകയും ചെയ്ത ജെൻഡർ ചുമതലകളും പ്രതീക്ഷകളും സങ്കല്പങ്ങളും ഓരോ സംസ്കാരത്തിലും കാലഘട്ടങ്ങളിലും വ്യത്യസ്തമായിരുന്നു എന്ന്

മനസ്സിലാക്കാം. ആസൂത്രിതവും അല്ലാത്തതുമായ കാരണങ്ങൾ കൊണ്ട് ഈ മാറ്റം സംഭവിക്കാം. എന്നാൽ മാറ്റത്തിന്റെ ഈ പ്രക്രിയ വളരെ പതുക്കെയാണ്. അവകാശ നിഷേധങ്ങൾക്കും അടിച്ചമർത്തലുകൾക്കും ചൂഷണത്തിനുമെതിരായ മാറ്റത്തിന് ഗതിവേഗം കൂട്ടേണ്ടതുണ്ട്.

ബാഹ്യമായി കാണുന്ന ലക്ഷണങ്ങൾക്ക് (symptoms) പ്രതിവിധി തേടാനാണ് പലപ്പോഴും നമ്മൾ ശ്രമിക്കുന്നത്. ഇത് യഥാർത്ഥ പ്രശ്നപരിഹാരമാവുന്നില്ല. നമ്മുടെ സാമൂഹിക ഇടപെടലുകൾ അർത്ഥവത്താകണമെങ്കിൽ ശരിയായ ഒരു സാമൂഹിക വിശകലന ഉപാധി (tool) നമുക്ക് വേണം. അത്തരത്തിൽ സമൂഹത്തെ വിശകലനം ചെയ്യാൻ കഴിയുന്ന ശക്തമായ ഒരു ഉപാധികൂടിയാണ് ജെൻഡർ.

**ജെൻഡർ സൗഹൃദ ജനപ്രതിനിധികളാകാം, ജെൻഡർ ആശയങ്ങളിൽ വ്യക്തത ഉള്ളവരാകാം**



## അദ്ധ്യായം 4

# ലിംഗപദവിയും വികസനവും

**വികസനം** എന്ന പദം വ്യാപകമായി ഇന്ന് സമൂഹത്തിൽ ഉപയോഗിക്കപ്പെടുന്ന ഒന്നാണ്. പൊതുവിൽ നിലവിലുള്ളതിൽ നിന്ന് കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്കുള്ള ഒരു സമൂഹത്തിന്റെയും, അതിന്റെ ഭാഗമായ ജനങ്ങളുടെയും ജീവിതാവസ്ഥയിലെ മാറ്റത്തെ ആണ് വികസനം (Development) എന്ന വാക്ക് കൊണ്ട് ഉദ്ദേശിക്കുന്നത്. വ്യാപകമായി ഉപയോഗിക്കപ്പെടുന്ന പദം എന്നതുപോലെ തന്നെ പ്രധാനമാണ് വ്യത്യസ്ത അർത്ഥ തലങ്ങളിൽ ഇത് ഉപയോഗിക്കപ്പെടുന്നു എന്നതും. ഓരോരുത്തരും അതിനെ എങ്ങനെ സമീപിക്കുന്നു എന്നതിന് അനുസൃതമായി വാക്കിന്റെ അർത്ഥതലങ്ങൾ മാറുന്നു. ചുരുക്കത്തിൽ വികസന സമീപനങ്ങളിലെ മാറ്റങ്ങൾ വികസനത്തെ സംബന്ധിച്ച നിർവചനത്തിലും മാറ്റം വരുത്തുന്നു.

### 4.1 യഥാർത്ഥ വികസനം

- എല്ലാ മനുഷ്യർക്കും വേണ്ടതായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങി എല്ലാ അടിസ്ഥാന ആവശ്യങ്ങളും നിറവേറ്റുന്ന പ്രക്രിയയെ വികസനം എന്നു പറയാം.
- തീരുമാനമെടുക്കുന്ന പ്രക്രിയയിൽ പങ്കെടുക്കാൻ എല്ലാവർക്കും അവസരം ഉണ്ടാകണം.
- സ്വാഭിമാനത്തോടെയുള്ള ജീവിതം എല്ലാവർക്കും സാധ്യമാകണം.
- മനുഷ്യരുടെ സാധ്യതകളും കഴിവും വികസിപ്പിക്കാനും പ്രയോജനപ്പെടുത്താനും കഴിയണം.
- സുരക്ഷിതവും, സ്വതന്ത്രവും, ഉത്തരവാദിത്വപൂർണവുമായ ഒരു ജീവിതം നയിക്കുക എന്ന ആഗ്രഹം സഫലീകരിക്കാൻ സാധ്യമാകുന്നതാകണം.
- അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ കഴിഞ്ഞാൽ മാത്രം പോരാ. നമുക്കുതന്നെ അവ ഉൽപാദിപ്പിക്കാനും ഉപയോഗിക്കാനും അതിജീവനം ഉറപ്പാക്കാനും കഴിയണം (വരുമാനം/തൊഴിൽ).
- പാരിസ്ഥിതിക നിലനിൽപ്പ് – പരിസ്ഥിതി, വിഭവങ്ങൾ എന്നിവ ഭാവിതലമുറയ്ക്കു വേണ്ടി സംരക്ഷിക്കാൻ കഴിയുന്നുണ്ടോ.
- വികസനസമീപനങ്ങളെ സ്വാധീനിക്കുന്ന മുഖ്യഘടകമായ രാഷ്ട്രീയപങ്കാളിത്തം നിർണായകമാണ്.

## 4.2 മനുഷ്യവികസനത്തെക്കുറിച്ചുള്ള നാല് പ്രധാന ആശയങ്ങൾ




മനുഷ്യവികസനത്തെക്കുറിച്ചുള്ള പ്രധാന ആശയങ്ങളായ ഉൽപാദനപരത, നീതി, സുസ്ഥിരത, ശാക്തീകരണം എന്നിവ നടപ്പിലാകണമെങ്കിൽ ജെൻഡർ ഒരു പ്രധാന വികസനപ്രശ്നവും മനുഷ്യാവകാശ പരിഗണനയും ആകണം. വികസനം ലിംഗനീതിക്കനുസൃതമല്ല എങ്കിൽ അത് അപകടത്തിലാണ്.

**Development if not endangered is endangered**

## 4.3 വികസനം ഒരു സമത്വകേന്ദ്രീകൃത കാഴ്ച്ചപ്പാട്

വ്യക്തികൾ, കുടുംബങ്ങൾ, സാമൂഹിക വിഭാഗങ്ങൾ, എന്നിവർക്ക് ഇടയിലും, അവർ തമ്മിലും നിലനിൽക്കുന്ന വിവിധ തരം അസമത്വങ്ങൾ ഇല്ലാതാകുന്ന സാമൂഹിക അവസ്ഥയാണ് തുല്യത (Equaltiy). ആ അവസ്ഥയിലേക്ക് എത്തുന്നതിന് ജീവിതത്തിന്റെ ഓരോ മേഖലയിലും നിലനിൽക്കു ന്ന അസമത്വങ്ങൾ ഇല്ലാതാകുന്ന മാർഗ്ഗമാണ് സമത്വം (Equtiy). തുല്യനീതി, വിവേചനമില്ലായ്മ, തുല്യ അവസരങ്ങൾ എന്നിവ സമത്വസങ്കൽപത്തിന്റെ ആധാരശിലകൾ ആണ്. അവസരങ്ങളും വിഭവങ്ങളും എല്ലാവർക്കും വിവേചനമില്ലാതെ തുല്യമായി ലഭ്യമാകുമ്പോൾ മാത്രമാണ് സമൂഹം സമത്വം എന്ന

**Productivity**
**Equity**
**Sustainability**
**Empowerment**

സങ്കൽപത്തിലേക്ക് എത്തുക. പ്രദേശം, ജാതി, ലിംഗം, പരമ്പരാഗത സ്വത്തുടമസ്ഥത എന്നിവയൊക്കെ വിവിധ തരം അസമത്വങ്ങളെ നിലനിർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു.

ഒരു രാജ്യത്ത് ലിംഗനീതി എത്രത്തോളം ഉണ്ട് എന്ന് മനസ്സിലാക്കി അതിന്റെ അടിസ്ഥാനത്തിൽ അവിടത്തെ വികസനത്തെ വിലയിരുത്തുന്നതിനുള്ള സൂചകം ആണ് ലിംഗപദവി വികസന സൂചിക (Gender Development index). സ്ത്രീകളുടെ ആയുർദൈർഘ്യം, സാക്ഷരത, സ്കൂൾ പ്രവേശന നിരക്ക്, സ്വയാർജ്ജിത വരുമാനം എന്നിവയെല്ലാം ഉൾച്ചേർന്നാണ് ലിംഗപദവി വികസന സൂചിക രൂപീകരിച്ചിട്ടുള്ളത്. ആരോഗ്യകരമായ ജീവിതം, അറിവ് നേടാനുള്ള ശേഷി, അതിജീവിക്കാനുള്ള വരുമാനം എന്നിവ ലിംഗപദവി വികസന സൂചികയുടെ ഘടകങ്ങളായി പരിഗണിക്കപ്പെടുന്നു. വിഭവങ്ങളുടേയും ശേഷികളുടേയും വികസനം എന്നതു തന്നെയാണ് സ്ത്രീശാക്തീകരണത്തിന്റെയും, ലിംഗനീതിയുടേയും അടിത്തറയായി പ്രവർത്തിക്കേണ്ടത് എന്ന് ഇത് അടിവരയിടുന്നു.

സമ്പത്തിന്റെയും വരുമാനത്തിന്റെയും കേന്ദ്രീകരണം കുറച്ചു കൈകളിലേക്ക് എത്തുമ്പോൾ രാജ്യത്തെ സമത്വപൂർണമായ വികസനത്തിന്റെ സാദ്ധ്യതകളെ അത് വലിയ തോതിൽ ബാധിക്കുന്നു. വികസനത്തിന്റെ സമത്വ സങ്കൽപ്പം അതിലൂടെ നഷ്ടപ്പെടുന്നു. ജാതി-മത-ഭാഷ-ലിംഗഭേദമന്യേ ഉള്ള വികസനം എന്ന സങ്കൽപ്പം ഒരു വിദൂര സ്വപ്നമായി തുടരുന്നു.

## 4.4 സ്ത്രീകളും വികസനവും (WID) ലിംഗപദവിയും വികസനവും (GAD)

മനുഷ്യരുടെ അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, ജോലി, തങ്ങളെ ബാധിക്കുന്ന തീരുമാനങ്ങളിൽ പങ്കെടുക്കാനുള്ള അവകാശം തുടങ്ങി അന്തസ്സോടെ ജീവിക്കാൻ വേണ്ട എല്ലാ കാര്യങ്ങളും ഉറപ്പുവരുത്തുന്ന പ്രക്രിയയാണ് വികസനം എന്ന് പൊതുവായി പറയാം. മനുഷ്യന്റെ അസ്തിത്വം, സുരക്ഷിതത്വം, സ്വാതന്ത്ര്യം തുടങ്ങിയ ആവശ്യങ്ങൾ നിറവേറ്റപ്പെടാനും അവന്റെ/അവളുടെ എല്ലാ സാദ്ധ്യതകളും പ്രയോജനപ്പെടുത്താനും കഴിയുന്ന പ്രക്രിയയാവണം വികസനം. അത് തുല്യതയോടു കൂടിയ, പങ്കാളിത്തമുള്ള, ചുറ്റുപാടുകളെ സംരക്ഷിച്ചുകൊണ്ടുള്ള വളർച്ചയാണ്. എന്നാൽ ഇത്തരത്തിലൊരു വികസനം ഇന്ത്യയുടെ ചരിത്രത്തിലെവിടെയും നമുക്ക് കണ്ടെത്താനാവില്ല എന്നതാണ് യാഥാർത്ഥ്യം. സമൂഹത്തെ വർഗ, ജാതി, മത, ലിംഗ അടിസ്ഥാനത്തിൽ ധ്രുവീകരിക്കുന്ന വികസനമാണിവിടെ നടക്കുന്നത്. ലാഭവും ഉൽപാദനക്ഷമതയും മാത്രം അടിസ്ഥാനപ്പെടുത്തിയ വികസന രീതികൾ പരിസ്ഥിതിയെയും പ്രകൃതിവിഭവങ്ങളെയും അമിതമായി ചൂഷണം ചെയ്യുന്നതിലാണ് എത്തിനിൽക്കുന്നത്. സ്വാതന്ത്ര്യാനന്തരം ആധുനികവൽക്ക രണത്തിലൂടെയും യന്ത്രവൽക്കരണത്തിലൂടെയും ഉള്ള വികസനത്തിന് ഊന്നൽ നൽകിയ ഭരണകൂടങ്ങൾ 90 കളിലെ ആഗോളവൽക്കരണ ഉദാരവൽക്കരണ പ്രക്രിയകളിൽ കൂടി

സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയ മേഖലകളിൽ നിലനിന്നിരുന്ന ധ്രുവീകരണം വർദ്ധിപ്പിക്കുകയാണ് ചെയ്തത്. സമ്പന്നരും ദരിദ്രരും തമ്മിലും വ്യക്തികൾ തമ്മിലും രാജ്യങ്ങൾ തമ്മിലും എല്ലാം ഈ ധ്രുവീകരണം നിലനിൽക്കുന്നു. ഏറ്റവും അടിസ്ഥാന പരമായ സാമൂഹിക ബന്ധങ്ങളുടെ സ്ത്രീ-പുരുഷബന്ധങ്ങളുടെ തലത്തിലും ഇത്തരം സങ്കീർണതകളും അസമത്വങ്ങളും നിലനിൽക്കുന്നുണ്ട്. സ്വന്തം അടിസ്ഥാനാവകാശങ്ങളെ മനുഷ്യാവകാശങ്ങളായി കണക്കാക്കിക്കിട്ടാനുള്ള പോരാട്ടത്തിലാണ് 21-ാം നൂറ്റാണ്ടിലും സ്ത്രീകൾ. ഒന്നാം വികസന ദശകത്തിനു ശേഷം 1970 കളുടെ തുടക്കത്തിലാണ് സാമ്പത്തിക-സാമൂഹിക ഘടകങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള പുതിയ വികസന അവബോധം രൂപപ്പെടുന്നത്. ഇത് വികസനത്തിൽ സ്ത്രീകളുടെ പങ്കിന് പ്രാധാന്യം കൊടുക്കുന്ന വിവിധ സമീപനങ്ങൾ രൂപപ്പെടാൻ കാരണമായി.

### 4.4.1 സ്ത്രീകൾ വികസനത്തിൽ (Women in Development -WID)

1970 കൾക്കു മുമ്പ് നടന്ന സാമ്പത്തിക-സാമൂഹിക വികസനപ്രവർത്തനങ്ങൾ സ്ത്രീകൾക്ക് കാര്യമായ പ്രയോജനം ചെയ്തില്ല എന്നതിന്റെ പ്രതികരണമായാണ് 70 കളിൽ സ്ത്രീകൾ വികസനത്തിൽ (Women in Development) എന്ന വികസനസമീപനം ഉയർന്നുവന്നത്. 1975 നെ വനിതാവർഷമായും 85 വരെയുള്ള ഒരു ദശകത്തെ വനിതാദശകമായും ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചത് ഈ സമീപനത്തിന് കൂടുതൽ പ്രാധാന്യം നേടിക്കൊടുത്തു. സ്ത്രീകൾ വെറും ഭാവിതലമുറയെ സൃഷ്ടിക്കുന്നവരും വികസനത്തിന്റെയും ക്ഷേമപ്രവർത്തനങ്ങളുടെയും ഗുണഫലമനുഭവിക്കുന്നവരും മാത്രമല്ലെന്നും ഉത്പാദനത്തിന്റെയും സാമ്പത്തിക വികസനത്തിന്റെയും ഉത്തരവാദിത്തം ഏറ്റെടുക്കാൻ കഴിവുള്ള സാമ്പത്തികശക്തി (Economic Agents)ആണെന്നും തിരിച്ചറിയപ്പെട്ടു. അതുകൊണ്ടുതന്നെ ഈ സമീപനം സ്ത്രീകളുടെ ഉത്പാദക കഴിവിന് ഊന്നൽ നൽകുന്നു. വികസനപ്രക്രിയകൾ സ്ത്രീകളെക്കൂടി ലക്ഷ്യം വയ്ക്കണമെന്ന് WID നിർദ്ദേശിക്കുന്നു. സ്ത്രീകളെ അവരുടെ പാരമ്പര്യ റോളുകളിൽ തന്നെ നിലനിർത്തിക്കൊണ്ട് അവരുടെ കാര്യശേഷി വർദ്ധിപ്പിക്കാനായി കൂടുതൽ വിഭവങ്ങൾ ലഭ്യമാക്കി, നിലനിൽക്കുന്ന വികസനപ്രക്രിയയിൽ അവരെ ഉൾച്ചേർക്കുന്ന സമീപനമാണിത്. ഇത് അഞ്ച് വ്യത്യസ്ത രീതിയിലുണ്ട്. ക്ഷേമ സമീപനം, ശാക്തീകരണ സമീപനം, കാര്യക്ഷമതാ സമീപനം, ദാരിദ്ര്യനിർമാർജന സമീപനം, തുല്യതാ സമീപനം എന്നിവയാണ് അവ.

### 4.4.2 സ്ത്രീകളും വികസനവും (Women and Development-WAD)

1970 കളുടെ രണ്ടാം പാദത്തിൽ ഉയർന്നുവന്ന സമീപനമാണ് സ്ത്രീകളും വികസനവും (WAD) എന്നത്. പെട്ടെന്ന് സാമ്പത്തിക സാമൂഹിക രംഗങ്ങളിലേക്ക് കടന്നുവന്നവരല്ല സ്ത്രീകളെന്നും മറിച്ച്, അവർ എല്ലായ്പ്പോഴും വികസന പ്രക്രിയയുടെ

ഭാഗമായിരുന്നുവെന്നുമുള്ള നിലപാടാണ് ഈ സമീപനത്തിന്റേത്. സ്ത്രീകളെ വികസനവുമായി ബന്ധിപ്പിക്കുക എന്ന ആശയം മൂന്നാംലോക രാജ്യങ്ങൾക്ക് , പ്രത്യേകിച്ച് ആഫ്രിക്കൻ രാജ്യങ്ങൾക്ക്, വ്യാവസായിക രാഷ്ട്രങ്ങളോടുള്ള സാമ്പത്തികാശ്രയത്വം നിലനിർത്താനുള്ള ശ്രമത്തിന്റെ ഭാഗമാണെന്ന അഭിപ്രായം 70 കളുടെ മദ്ധ്യത്തിൽ ഉയർന്നുവന്നു. എന്നാൽ ഇതുവഴി സ്ത്രീകളെ വികസനവുമായി ബന്ധിപ്പിക്കുന്ന തന്ത്രങ്ങളാവിഷ്കരിക്കുന്നതിനേക്കാളുപരി സ്ത്രീകളും വികസന പ്രക്രിയയും തമ്മിലുള്ള ബന്ധം വർദ്ധിപ്പിക്കാനാണ് ശ്രമിച്ചത്. സ്ത്രീകൾ സമൂഹത്തിന്റെ സാമ്പത്തിക വികസനത്തിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. കുടുംബത്തിനുള്ളിലും പുറത്തും സ്ത്രീകൾ ചെയ്യുന്ന ജോലികൾ സമൂഹത്തിനാവശ്യമാണ്. അതേസമയം ഇത് സമൂഹത്തിൽ നിലനിൽക്കുന്ന അസമത്വങ്ങളെ അതേപടി തുടരാൻ സഹായിക്കുകയാണ് ചെയ്യുന്നത്. മൂന്നാംലോക രാജ്യങ്ങളിലെ പുരുഷന്മാരും ഈ അസമത്വങ്ങൾ, പ്രത്യേകിച്ച് വർഗ്ഗപരമായവ, നേരിടുന്നുവെന്നാണ് കരുതപ്പെടുന്നത്. പക്ഷേ വിവിധ വർഗ്ഗങ്ങളിലെ സ്ത്രീപുരുഷപദവി ബന്ധങ്ങളെക്കുറിച്ച് ഇത് പരാമർശിക്കുന്നതേയില്ല.

സ്ത്രീകളുടെ സമൂഹത്തിലെ സ്ഥാനത്തെക്കുറിച്ച് ആദ്യത്തെ സമീപനം വിശകലനം ചെയ്യുന്നതിനേക്കാൾ കൂടുതൽ വിമർശനങ്ങൾ ഈ സമീപനം നൽകുന്നുണ്ട്. പിതൃമേധാവിത്വവും ഉത്പാദനരീതികളും തമ്മിലും സ്ത്രീകളുടെ അടിമത്തവും അടിച്ചമർത്തലും തമ്മിലുമെല്ലാമുള്ള ബന്ധങ്ങളെ വിശകലനം ചെയ്യുന്നതിൽ പരാജയപ്പെട്ടു. മാത്രമല്ല, ഈ രണ്ടു സമീപനങ്ങളും ഒരുപോലെ ഒഴിവാക്കിയ മറ്റൊരു മേഖല, സ്ത്രീകളുടെ ജീവന്റെ ഉത്പാദനവുമായി ബന്ധപ്പെട്ട സേവനങ്ങളാണ്. ജീവൻെറ ഉത്പാദന പരിപാലന ജോലികൾ, വീട്ടുജോലികൾ, പ്രായമായവരുടെ പരിചരണം തുടങ്ങിയവയ്ക്ക് യാതൊരു മൂല്യവും കൽപ്പിക്കപ്പെടുന്നില്ല.

### 4.4.3 ലിംഗപദവിയും വികസനവും (gender and development-GAD)

സോഷ്യലിസ്റ്റ് ഫെമിനിസത്തിലൂന്നിയ സൈദ്ധാന്തിക അടിത്തറയാണ് ഈ സമീപനത്തിന്റേത്. മാത്രമല്ല, ഉത്പാദനവും ജീവന്റെ ഉത്പാദനവും തമ്മിലുള്ള ബന്ധമുൾപ്പെടെ സ്ത്രീജീവിതത്തിന്റെ എല്ലാ മേഖലകളെയും കണക്കിലെടുക്കുന്ന സമീപനമാണ് ഇത്.

സ്ത്രീകൾ ചെയ്യുന്ന വീട്ടുജോലികളെ മൂല്യമില്ലാത്തതാക്കുന്ന പൊതു/സ്വകാര്യ വേർതിരിവുകൾ ഈ സമീപനം തള്ളിക്കളയുന്നു. 'സ്വകാര്യം' എന്നു കരുതി വിമർശനങ്ങൾക്കതീതമായി നിലനിൽക്കുന്ന കുടുംബത്തിൽ, സ്ത്രീകൾ അടിച്ചമർത്തപ്പെടുന്നതിനെയും ഈ സമീപനം വിശകലനം ചെയ്യുന്നു. സമൂഹത്തിലെ സ്ത്രീകളുടെ അവസ്ഥ മെച്ചപ്പെടുത്താനുള്ള ഉത്തരവാദിത്തം ഭരണകൂടത്തിനുണ്ടെന്ന് ഈ സമീപനം ഓർമ്മിപ്പിക്കുന്നു. വികസനത്തിന്റെ നിശബ്ദ ഗുണഭോക്താക്കളെന്നതിനുപരി സ്ത്രീകൾ സമൂഹത്തിൽ മാറ്റമുണ്ടാക്കാൻ കഴിവുള്ളവരാണെന്നും ലിംഗപദവിയും വികസനവും

അഭിപ്രായപ്പെടുന്നു. അതുകൊണ്ടുതന്നെ അവർ സംഘടിക്കേണ്ടതിന്റെ ആവശ്യകതയും ഈ സമീപനം ഊന്നിപ്പറയുന്നു. മറ്റു രണ്ടു സമീപനങ്ങളെക്കാളും ഒരുപടി കടന്ന് ഈ സമീപനം സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ ഘടനയിൽ നിലനിൽക്കുന്ന ധാരണകളെ ചോദ്യംചെയ്യാൻ തയ്യാറാകുന്നുണ്ട്.

വർഗവിവേചനത്തെ എതിർക്കുന്ന സോഷ്യലിസ്റ്റ് ഗവണ്മെന്റുകൾ നിലനിന്ന പ്രദേശങ്ങളിൽ പോലും, സ്ത്രീപുരുഷപദവി വിവേചനം അവസാനിപ്പിക്കാൻ സഹായിക്കുന്ന ലിംഗപദവി സമീപനം യഥാർത്ഥ രീതിയിൽ നടപ്പിലാക്കാൻ ഭരണകൂടങ്ങൾ ശ്രമിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഈ സമീപനം ഭാഗികമായി മാത്രം പ്രതിഫലിപ്പിക്കുന്ന വികസന സമീപനമാണെന്ന് പറയേണ്ടിവരും.

### 4.4.4 GAD യുടെ പ്രാധാന്യം

നിലവിലുള്ള സാഹചര്യങ്ങളിൽ വികസനപദ്ധതികൾ തയ്യാറാക്കുമ്പോൾ ആസൂത്രകർ കാണാതെ പോകുന്ന ചില യാഥാർത്ഥ്യങ്ങളുണ്ട്. കുടുംബം എന്നത് ഭാര്യയും ഭർത്താവും ഒന്നോ രണ്ടോ മക്കളും അടങ്ങിയതാണെന്ന മുൻധാരണയാണ് മിക്കവർക്കും. പുരുഷൻ കുടുംബത്തലവൻ എന്ന നിലയിൽ പുറത്ത് വരുമാനം ലഭിക്കുന്ന തൊഴിലിൽ ഏർപ്പെടുന്നുവെന്നും, കുടുംബത്തിനകത്തെ ജോലികളും പ്രത്യുൽപാദന ഉത്തര വാദിത്വങ്ങളും സ്ത്രീകൾ ചെയ്യേണ്ടവയാണെന്നും അവർ വിശ്വസിക്കുന്നു. കുടുംബ ത്തിനകത്ത് വിഭവങ്ങളുടെ നിയന്ത്രണത്തിലും തീരുമാനമെടുക്കൽ പ്രക്രിയയിലും പുരുഷന്മാർക്കാണ് അധികാരമെന്നും അവർ വിശ്വസിക്കുന്നു. ലിംഗപരമായ തൊഴിൽവിഭജനം സ്വാഭാവികമായി കരുതുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളും മാധ്യമങ്ങളും ഈ വിശ്വാസങ്ങളെ ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു. യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കാനും വിശകലനം ചെയ്യാനും ശ്രമിച്ചാലേ ഈ മുൻവിധികൾ മാറുകയുള്ളു.

## 4.5 സ്ത്രീകളും വികസനവും - വ്യത്യസ്ത സമീപനങ്ങൾ

കഴിഞ്ഞ കാലങ്ങളിൽ പിന്നോക്കാവസ്ഥയിൽ കഴിയുന്ന സ്ത്രീകളെ സഹായിക്കാനായി ഒട്ടേറെ പരിപാടികളും പദ്ധതികളും ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീകളുടെ നിലവിലുള്ള അവസ്ഥയെ മെച്ചപ്പെടുത്തുന്നതിനും പ്രശ്നങ്ങളെ പരിഹരിക്കുന്നതിനും ഇവ എത്രമാത്രം സഹായകരമായി എന്ന് മനസ്സിലാക്കണമെങ്കിൽ ഭാവിയിൽ കുറവുകൾ നികത്തി ഏത് സമീപനങ്ങൾ സ്വീകരിച്ചു മുന്നോട്ടുപോകണമെന്ന വ്യക്തതയ്ക്കും ഇത്തരം വികസന സമീപനങ്ങളുടെ കാഴ്ചപ്പാടും അവയുടെ ന്യായീകരണവും അറിയേണ്ടതുണ്ട്.

| | |
|---|---|
| ക്ഷേമസമീപനം | സ്ത്രീകളെ നല്ല അമ്മമാരും കുടുംബിനികളുമാക്കുക |
| ദാരിദ്ര്യ-നിർമാർജ്ജന സമീപനം | അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാനുള്ള സഹായം- വരുമാനദായക തൊഴിലുകൾ,നിക്ഷേപ-വായ്പാപദ്ധതികൾ മുതലായവ |
| കാര്യക്ഷമത സമീപനം | വികസനത്തിൽ സ്ത്രീകളെക്കൂടി ഉൾപ്പെടുത്തിയാൽ വികസനം കാര്യക്ഷമമാകും |
| തുല്യതാ സമീപനം | സ്ത്രീകൾക്ക് സ്വത്തിലും അറിവിലും തുല്യപ്രാപ്തി ഉണ്ടാകണം |

## 4.6 ലിംഗപദവിയും വികസനവും സമീപനം

ലിംഗാവബോധത്തോടെയുള്ള വികസനം ശാക്തീകരണ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

- ശാക്തീകരണ സമീപനം - സവിശേഷതകൾ
    - അടിച്ചമർത്തലുകളെ ചോദ്യംചെയ്യാനുള്ള കഴിവ്
    - ചലനസ്വാതന്ത്ര്യം
    - ആത്മവിശ്വാസം
    - കൂട്ടായ പ്രവർത്തനം.
    - സ്ത്രീകളുടെ അവസ്ഥാപദവി മെച്ചപ്പെട്ടാൽ പോരാ, പദവിയിലും വ്യത്യാസം ഉണ്ടാവണം

- സ്വത്തവകാശം.
- രാഷ്ട്രീയ പ്രക്രിയകളിൽ പങ്കാളിത്തം
- വീട്ടുജോലി, ശിശുപരിചരണം എന്നിവയിൽ പുരുഷ പങ്കാളിത്തം.

- **സ്ത്രീകൾ വികസനത്തിൽ (WD):** സ്ത്രീകളെ വികസനത്തിൽ ഉൾച്ചേർക്കുക. അതായത് സാമ്പത്തിക – സാമൂഹിക വളർച്ചയിലും മാറ്റങ്ങളിലും സ്ത്രീകളെക്കൂടി ഉൾപ്പെടുത്തുക.
- **സ്ത്രീകളും വികസനവും (WAD):** വികസന പ്രക്രിയയും സ്ത്രീകളും തമ്മിലുള്ള ബന്ധം പരിശോധിക്കുകയും സ്ത്രീകൾ സാമ്പത്തിക പ്രവർത്തനങ്ങളിൽ മുഖ്യ പങ്കു വഹിക്കുന്നു എന്ന് അംഗീകരിക്കുകയും ചെയ്യുക.
- **ലിംഗപദവിയും വികസനവും (GAD):** സമഗ്രമായ ഒരു കാഴ്ചപ്പാടിനെ അടിസ്ഥാനമാക്കിയാണ് ഈ സമീപനം ആരംഭിക്കുന്നത്. സാമൂഹിക – രാഷ്ട്രീയ – സാമ്പത്തിക ഘടനകളിൽ സ്ത്രീ – പുരുഷ അധികാരബന്ധം എങ്ങനെ പ്രവർത്തിക്കുന്നു എന്നു വിശകലനം ചെയ്യുകയും സമഗ്ര മാറ്റത്തിനു വേണ്ട സമീപനങ്ങൾ സ്വീകരിക്കുകയും ചെയ്യുക.

| ക്ഷേമസമീപനം | തുല്യത സമീപനം | ദാരിദ്ര്യവിരുദ്ധ സമീപനം | കാര്യക്ഷമത സമീപനം | ശാക്തീകരണ സമീപനം |
|---|---|---|---|---|
| • വികസനം എന്നത് ആസൂത്രണ പദ്ധതികൾ വഴിയുണ്ടാകുന്ന സാമ്പത്തികവളർച്ചയും അതിന്റെ ഫലങ്ങൾ ദരി ദ്രരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെടുമെന്നുമായിരുന്നു പ്രതീക്ഷ.<br>• സ്ത്രീകൾ വികസന പ്രക്രിയയുടെ സജീവ പങ്കാളിയല്ല മറിച്ച് നിഷ്ക്രിയരായ പ്രയോക്താക്കൾ<br>• അതിൽ സ്ത്രീകളുടെ മുഖ്യ ഉത്തരവാദിത്വം മാതൃത്വം<br>• മാതൃ ശിശു ആരോഗ്യ പരിപാടികൾ പോഷകാഹാര പരിപാടികൾ തുടങ്ങിയവ ഈ സമീപനങ്ങളെ അടിസ്ഥാനമാക്കിയവയാണ്<br>• സ്ത്രീകളുടെ മാതൃത്വം പദവിക്കു മാത്രം നൽകുന്ന ഇത്തരം സമീപനങ്ങൾ അവളുടെ പിന്നോക്കാവസ്ഥയെ ചോദ്യം ചെയ്യാനോ, അതിനെ മറികടക്കാനോ, അവളെ സഹായിക്കുന്നില്ല. | • കർഷകമേഖലയിലും മറ്റും ഭക്ഷ്യോത്പാദന പ്രവർത്തനങ്ങളിലും സ്ത്രീകൾ നിർണായകമായ പങ്കുവഹിക്കുന്നു ഉണ്ടെങ്കിലും ദേശീയ കണക്കുകളിൽ ആസൂത്രണ സമീപനങ്ങളിൽ പദ്ധതികളിൽ സ്ത്രീകളുടെ പങ്ക് പ്രതിഫലിക്കുന്നില്ല<br>• ധന പ്രത്യുല്പാദന ചുമതലകൾ നിറവേറ്റുക വഴി സ്ത്രീകൾ വികസനപ്രക്രിയയിൽ സജീവപങ്കാളികളാകണമെന്നും സാമ്പത്തിക വളർച്ചയിൽ നിർണായക പങ്കു വഹിക്കുന്നു<br>• ഇതിലൂടെ പദവിയെ സംബന്ധിച്ച് അംഗീകാരമുള്ള ഒരു സൂചികയുടെ അഭാവത്തിലും നിലവിലുള്ള സാമൂഹിക രാഷ്ട്രീയ സാമ്പത്തിക പദവിയെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങളുടെ അഭാവത്തിൽ പദവി മെച്ചപ്പെട്ടതാണോ എന്ന് അളക്കുക ബുദ്ധിമുട്ടായി. | • നിലനിൽക്കുന്ന സാമൂഹിക സാഹചര്യങ്ങളിൽ ദാരിദ്ര്യം കൂടുതൽ ബാധിക്കുന്നത് സ്ത്രീകളെയാണ് എന്നും അവരെ ലക്ഷ്യം വെച്ചുള്ള പ്രത്യേക പദ്ധതികൾ, സ്ത്രീകൾക്ക് സംവരണം തുടങ്ങിയവ ആവശ്യമാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.<br>• ദാരിദ്ര്യനിർമ്മാർജ്ജനത്തെ ലക്ഷ്യമാക്കിയുള്ള തൊഴിൽ പരിപാടികൾ സ്ത്രീകൾക്ക് വരുമാനം നൽകുമെങ്കിലും അത് അവരെ കൂടുതൽ സ്വാശ്രയത്വത്തിലേക്ക് നയിപ്പില്ലെങ്കിൽ സ്ത്രീകളുടെ പിന്നോക്കാവസ്ഥയെ മറിക്കടക്കാനാവില്ല.<br>• കുടുംബത്തിലെ സാമ്പത്തിക നിയന്ത്രണം സമ്പത്ത് പുരുഷന്റെ കൈകളിൽ തന്നെയായിരുന്നു. കുടുംബത്തിലെ ഉത്തരവാദിത്വങ്ങളിൽ മോചനം ലഭിക്കാത്ത തിനാൽ ഇരട്ട ജോലിഭാരം പേറേണ്ടി വരുന്നു. | • ജനസംഖ്യയുടെ പകുതിയോളം വരുന്ന സ്ത്രീകൾ വികസനപ്രക്രിയയിൽ ഉൾപ്പെടാതെ വരുന്നതുമൂലം വികസനത്തിന് പ്രയോജനപ്പെടുത്തേണ്ടത് വിലപ്പെട്ട മനുഷ്യശേഷി പാഴായി പോകുന്നു എന്ന ചിന്തയാണ് ഈ സമീപനത്തിന് പുറകിലുള്ളത്<br>• ഉയർന്ന കാര്യക്ഷമതയും ഉത്പാദന ക്ഷമതയും ഘടനാപരമായ ക്രമീകരണ നയങ്ങളുടെ പ്രധാന നയങ്ങളാണ് . | • ശാക്തീകരണ സമീപനം സ്ത്രീപുരുഷന്മാർ തമ്മിലുള്ള തുല്യത ഇല്ലായ്മ തിരിച്ചറിയുകയും സ്ത്രീകളുടെ അടിച്ചമർത്തലിന് ആരംഭം കുടുംബത്തിലാണ് എന്ന് അംഗീകരിക്കുന്നു<br>• സ്ത്രീകളുടെ വംശം, വർഗ്ഗം, ജാതി, രാജ്യങ്ങളുടെ ചരിത്രം,സാർവ്വദേശീയ സമ്പദ് വ്യവസ്ഥയിലെ സ്ഥാനം തുടങ്ങിയ ഘടകങ്ങൾക്കനുസരിച്ച് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും വ്യത്യസ്തങ്ങൾ ആയിരിക്കും. സ്ത്രീകളുടെ ആന്തരിക ശക്തി വർധിപ്പിക്കുക ഭൗതികവും ഭൗതികേതരവുമായ വിഭവങ്ങളിൽ നിയന്ത്രണം കൈവരിക്കുക |

## 4.7 ലിംഗപദവി ആസൂത്രണം/ജെൻഡർ പ്ലാനിംഗ്

ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിൽ ജെൻഡർ പരിഗണനകൾ എങ്ങനെ ഉപയോഗിക്കാം എന്ന് വിശകലനം ചെയ്യേണ്ടതുണ്ട്. സ്ത്രീ പുരുഷ അധികാര ബന്ധങ്ങളെക്കുറിച്ചും ഇത് സമൂഹത്തിൽ വിവിധ സ്ഥാപനങ്ങളിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനെക്കുറിച്ചും വ്യക്തമായ അറിവ് ഉണ്ടെങ്കിൽ മാത്രമേ ഇപ്രകാരമുള്ള ഉൾച്ചേർക്കൽ സാധ്യമാവൂ.

സമൂഹത്തിലെ എല്ലാ പ്രശ്നങ്ങളും സ്ത്രീകളുടെയും പ്രശ്നങ്ങളാണ്. ഓരോ പ്രശ്നവും ഓരോ വികസന ഇടപെടലും സ്ത്രീയേയും പുരുഷനേയും ബാധിക്കുന്നതും വ്യത്യസ്തമായിട്ടാണ്. വികസന ഇടപെടലുകളുടെ പല നേട്ടങ്ങളും സ്ത്രീപുരുഷന്മാർ അനുഭവിക്കുന്നതും വ്യത്യസ്തമായിട്ടാണ്. അതുകൊണ്ടുതന്നെയാണ് പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്യുമ്പോൾ ഈ വ്യത്യസ്തതകൾ കണക്കിലെടുക്കേണ്ടത്. പ്രായോഗികമായ ആവശ്യങ്ങളും തന്ത്രപരമായ അവകാശങ്ങളും (Practical Gender Needs & Strategic Gender Needs) തിരിച്ചറിഞ്ഞ് പദ്ധതികളിൽ ഉൾച്ചേർക്കാൻ കഴിയണം.

പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകളുടെ ശാക്തീകരണം നടക്കുന്നതോടൊപ്പം പൊതുസമൂഹത്തിന്റെ കാഴ്ച്ചപ്പാടിലും മനോഭാവത്തിലും മാറ്റം വരുത്തി മുഖ്യധാരാവൽക്കരണം കൂടി നടത്തേണ്ടതുണ്ട്. സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ സമൂഹത്തിന്റെ പ്രശ്നങ്ങളായി ഉൾക്കൊള്ളാനും അവ പരിഹരിക്കാനും പൊതു സമൂഹത്തെ പ്രാപ്തരാക്കുക എന്ന ഉത്തരവാദിത്തം കൂടി നടത്തേണ്ടതുണ്ട്

### 4.7.1 ലിംഗപദവി ആസൂത്രണ ഘട്ടങ്ങൾ

1. വിവരശേഖരണം
2. പ്രശ്നത്തെ നിർവചിക്കുക
3. തന്ത്രങ്ങൾ രൂപപ്പെടുത്തുക
4. പദ്ധതി ലക്ഷ്യം വെക്കുന്നവരെ കണ്ടെത്തുക
5. സ്ഥാപനപരമായ ചട്ടക്കൂടുകൾ രൂപപ്പെടുത്തുക
6. ലക്ഷ്യങ്ങൾ കൃത്യമായി നിർവചിക്കുക, ഫലപ്രാപ്തിയുടെ സൂചകങ്ങൾ
7. പ്രവർത്തനങ്ങൾ, നൽകുന്ന വിവരങ്ങൾ(inputs) , പരിണതഫലങ്ങൾ (output) ഇവ നിർവചിക്കുക
8. മോണിറ്ററിംഗ് , റിപ്പോർട്ടിംഗ് നടപടികൾ

### 4.7.2 ലിംഗപദവി ആസൂത്രണം പ്രത്യേകതകൾ

1. സാമൂഹ്യവും സാമ്പത്തികവും സാംസ്ക്കാരികവുമായി നിലനിൽക്കുന്ന അസമത്വങ്ങളെ തിരിച്ചറിഞ്ഞ് പരിഹാരം കാണാൻ സഹായിക്കുന്നു.
2. സ്ത്രീകൾ അനുഭവിക്കുന്ന ചൂഷണം, വിവേചനം, അടിച്ചമർത്തൽ തുടങ്ങിയ പ്രശ്നങ്ങളെ കണ്ടെത്തി അതിജീവിക്കാൻ സഹായിക്കുന്നു.
3. നിലനിൽക്കുന്ന ലിംഗവിവേചനത്തിലധിഷ്ഠിതമായ വാർപ്പ് മാതൃകകളെ പൊളിച്ചെഴുതാൻ സഹായിക്കുന്നു.
4. വികസന ആവശ്യങ്ങളുടെ കൃത്യമായ മുൻഗണന നിശ്ചയിച്ച് നടപ്പിലാക്കാൻ സഹായിക്കുന്നു.
5. സ്ത്രീകളുടെ പ്രായോഗിക ആവശ്യങ്ങളും നിർണ്ണായക ആവശ്യങ്ങളും തിരിച്ചറിഞ്ഞ് മുൻഗണനാ ക്രമത്തിൽ ഇടപെടാൻ സാധിക്കുന്നു.
6. വികസന പ്രക്രിയയിൽ സ്ത്രീകളുടെ ക്രിയാത്മക പങ്കാളിത്തം ഉറപ്പുവരുത്താൻ സഹായിക്കുന്നു.
7. വികസന പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും മേൽനോട്ടത്തിലും സ്ത്രീകൾക്ക് നിയന്ത്രണവും പ്രാപ്യതയും ഉറപ്പ് വരുത്താൻ സഹായിക്കുന്നു.
8. പൊതുസമൂഹത്തിന് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് തിരിച്ചറിവുണ്ടാവാൻ സാധിക്കുന്നു.

### 4.7.3 ആസൂത്രണത്തിലെ മുൻകാല സമീപനങ്ങളിൽ നിന്നുള്ള വ്യത്യസ്തതകൾ


| മുൻകാല സമീപനം | ലിംഗപദവി സമീപനം |
|---|---|
| സ്ത്രീകൾ ആസൂത്രണപ്രക്രിയയിലെ ഒരു ഉന്നം മാത്രം (Target) | സ്ത്രീകളുടെ പങ്കാളിത്തവും നിയന്ത്രണവും ഉറപ്പുവരുത്തുന്നു |
| സ്ത്രീകളെ, വീട്ടമ്മ, മാതൃത്വം, അനുബന്ധ വരുമാനം തുടങ്ങി ലിംഗപദവി റോളുകളുമായി ബന്ധപ്പെടുത്തുന്നു | അധികാരബന്ധങ്ങളെ പരിഗണിക്കുകയും നീതിനിഷേധങ്ങളും വ്യത്യസ്തതകളും കണക്കിലെടുക്കുകയും ചെയ്യുന്നു |
| സ്ത്രീകൾ നിർജീവ ഗുണഭോക്താക്കൾ മാത്രം | സ്ത്രീകൾ സജീവ പങ്കാളികൾ |
| പ്രായോഗിക ആവശ്യങ്ങൾക്ക് മാത്രം മുൻഗണന | പ്രായോഗിക ആവശ്യങ്ങൾക്കൊപ്പം നിർണായക ആവശ്യങ്ങൾക്കും മുൻഗണന |
| പൊതുവികസനത്തിന്റെ ഭാഗമായി മാത്രം പരിഗണിക്കുന്നു. | സ്ത്രീകളുടെ ആവശ്യങ്ങൾ പ്രത്യേകം പരിഗണിക്കപ്പെടുന്നു |


| ക്ഷേമ സമീപനം മാത്രം | ശാക്തീകരണ സമീപനം |
|---|---|
| സ്ത്രീകളെ മാത്രം കേന്ദ്രീകരിച്ചുള്ള പ്രവർത്തനം | പൊതുസമൂഹത്തിന്റെ മനോഭാവമടക്കം എല്ലാ ലിംഗ ലൈംഗിക ലക്ഷ്യം കേന്ദ്രീകരിച്ചുള്ള പ്രവർത്തനം |
| ആസൂത്രണം, നിർവഹണം, മേൽനോട്ടം തുടങ്ങിവയ്ക്ക് സംഘടനാസംവിധാനമുണ്ടായിരുന്നില്ല | ആസൂത്രണം, നിർവഹണം, മേൽനോട്ടം തുടങ്ങിവയ്ക്ക് സ്ത്രീകളുടെ നേതൃത്വത്തിലുള്ള സംഘടനാസംവിധാനങ്ങൾ |
| ലിംഗപദവി ആവശ്യങ്ങൾ പരിഗണിക്കപ്പെട്ടില്ല | സ്ത്രീകൾക്കിടയിലുള്ള വ്യത്യസ്ഥത, ലിംഗപദവി ആവശ്യങ്ങൾ കൂടി പരിഗണിക്കപ്പെടുന്നു. |

## 4.8 ലിംഗപദവി പഠനം

ഒരു പ്രദേശത്തെ ലിംഗസൗഹൃദമാക്കുന്നതിന് നടത്തേണ്ടുന്ന പ്രവർത്തനങ്ങൾ തിരിച്ചറിയുന്നതിനും സ്ത്രീകളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ ജനകീയമായി നേടാനും പൊതുസമൂഹത്തെക്കൂടി അക്കാര്യങ്ങൾ ബോധ്യപ്പെടുത്തി ഉത്തരവാദിത്വങ്ങൾ വിഭജിച്ച് നിർവ്വഹിക്കാനും സഹായകമായ പ്രക്രിയയാണ് ലിംഗപദവിപഠനം. സ്ത്രീകൾ നേരിടുന്ന പല പ്രശ്നങ്ങളും അദൃശ്യമാണ്. അതുകൊണ്ടുതന്നെ നിലവിലെ വികസന പ്രക്രിയകളിൽ ഇവ പരിഗണിക്കപ്പെടുന്നില്ല. വിശദമായ ഒരു പഠനത്തിലൂടെ സ്ത്രീകൾ നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് വേണ്ടിയാണ് ലിംഗപദവി പഠനം നടത്തുന്നത്.




ഈ പ്രക്രിയയിൽ പങ്കാളികളാവുന്ന ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുപ്രവർത്തകർ മുതലായവരുടെ മനോഭാവത്തിൽ മാറ്റം വരുത്തി സ്ത്രീകളുടെ പ്രശ്നങ്ങൾ മുഖ്യ അജണ്ടയാക്കി കൊണ്ടുവരിക എന്നതും ഈ പഠനത്തിന്റെ ലക്ഷ്യമാണ്. പഠന റിപ്പോർട്ട് ജനകീയ ചർച്ചയ്ക്ക് വിധേയമാക്കുന്നതുവഴി ഇതൊരു സാമൂഹ്യ പ്രശ്നമായി ഉൾക്കൊള്ളാനും കൂട്ടായി പരിഹരിക്കാനും പൊതുസമൂഹത്തെ സജ്ജരാക്കുന്നതിനും ഈ പഠനം സഹായിക്കും.

### 4.8.1 ലിംഗപദവി പഠനം എന്തിന്?

- സ്ത്രീകൾ അനുഭവിക്കുന്ന ശാരീരികവും മാനസികവും ഭൗതികവുമായ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് സ്ത്രീകളുടെ ഇന്നത്തെ അവസ്ഥ മനസ്സിലാക്കുക.
- പദ്ധതി രൂപീകരണത്തിൽ സഹായിക്കുംവിധം സ്ത്രീകളുടെ ആവശ്യങ്ങളും മുൻഗണനകളും തിരിച്ചറിയുക
- സമൂഹത്തിൽ വിവിധ വിഭാഗം ജനവിഭാഗങ്ങളുടെ ഇടയിൽ സ്ത്രീകൾ നേരിടുന്ന സവിശേഷ പ്രശ്നങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക
- ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ നേരിട്ട് ബോധ്യപ്പെടാനും തീരുമാനമെടുക്കൽ സുഗമമാക്കാനും സഹായകമാവുക.
- സ്ത്രീകൾക്ക് അവരുടെ പ്രശ്നങ്ങൾ സ്വയം തിരിച്ചറിയാനും മാറ്റത്തിന് വേണ്ടി ശ്രമിക്കാനും സഹായകമാവുക
- സ്ത്രീകളുടെ പ്രശ്നത്തെ ഒരു സാമൂഹ്യപ്രശ്നമായി കണ്ട് ഇടപെടാനും പരിഹരിക്കാനും വേണ്ട കൂട്ടായ്മകളും കർമ്മപദ്ധതികളും ആവിഷ്ക്കരിക്കാനും കഴിയുക .
- വനിതാ ഘടകപദ്ധതി കാര്യക്ഷമവും ഫലപ്രദവുമാക്കി മാറ്റുക.
- പഞ്ചായത്ത് തലത്തിൽ സ്ത്രീകളെക്കുറിച്ചുള്ള വിവരശേഖരണം തയ്യാറാക്കുക
- ഇതിന്റെ അടിസ്ഥാനത്തിൽ ജെൻഡകർ ആസൂത്രണം, ജെൻഡർ ബഡ്ജറ്റിംഗ്, ജെൻഡർ ഓഡിറ്റിംഗ് എന്നിവ സാധ്യമാക്കുക
- പഞ്ചായത്തിരാജ് സംവിധാനത്തിലെ നയരൂപീകരണ നിർവ്വഹണ പ്രക്രിയകളിൽ ഇടപെടാൻ സ്ത്രീകളെ പ്രാപ്തരാക്കുക .
- സമൂഹത്തിലെ വിവിധ വിഭാഗം ജനങ്ങളുടെ ഇടയിൽ സ്ത്രീകൾ നേരിടുന്ന സവിശേഷ പ്രശ്നങ്ങളെക്കുറിച്ചും ലിംഗപദവിയെക്കുറിച്ചും അവബോധം സൃഷ്ടിക്കുക.

## 4.9 ലിംഗപദവി ബജറ്റിംഗ്

സർക്കാരുകളുടെ പദ്ധതികളുടെ സാമ്പത്തിക നടത്തിപ്പിനുവേണ്ടി തയ്യാറാക്കുന്ന ബഡ്ജറ്റിൽ പണം വകയിരുത്തുമ്പോൾ മുഴുവൻ സ്ത്രീകൾക്കും പുരുഷന്മാർക്കും മറ്റ് ലിംഗവിഭാഗങ്ങൾക്കും നീതിപൂർവ്വകമായി വിഹിതം ലഭിക്കുന്നതിനുള്ള ധനകാര്യ ആസൂത്രണമാണ് ലിംഗപദവി ബഡ്ജറ്റിംഗ്.




### 4.9.1 ലക്ഷ്യങ്ങൾ

- ധനവിഭവ വിതരണത്തിൽ സ്ത്രീപുരുഷ തുല്യതയും സ്ത്രീകൾക്ക് തുല്യനീതിയും ഉറപ്പുവരുത്തുക
- സ്ത്രീകൾക്കിടയിൽ തന്നെയുള്ള ദുർബല വിഭാഗങ്ങളെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കുക
- ധനവിഭവങ്ങളിലുള്ള പ്രാപ്യതയും നിയന്ത്രണവും ഉറപ്പുവരുത്തി അസമത്വം അവസാനിപ്പിച്ച് സ്ത്രീശാക്തീകരണം സാധ്യമാക്കുക

### 4.9.2 ലിംഗപദവി ബജറ്റിംഗ് എന്തിന്?

- സ്ത്രീശാക്തീകരണത്തിനും സർക്കാരുകളുടെ സാമൂഹികവും സാമ്പത്തികവുമായ മുന്ഗണനകളിൽ ലിംഗനീതി പ്രതിഫലിപ്പിക്കുന്നതിനും
- നയരൂപീകരണവും പ്രഖ്യാപനവും ലിംഗപദവി തുല്യതക്ക് അനുകൂലമാക്കുന്ന രീതിയിൽ നടപ്പിലാക്കുന്നതിന്
- ബജറ്റിന്റെ ഓരോ ഘട്ടത്തിലും സുതാര്യത, പങ്കാളിത്തം, സാമൂഹ്യനീതി, അക്കൗണ്ടബിലിറ്റി മുതലായവ ഉറപ്പ് വരുത്താൻ

ജെൻഡർ ബജറ്റിംഗിൽ സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനായി എല്ലാ വിഭാഗങ്ങളെയും പ്രത്യേകം പരിഗണിക്കണം.



## 4.10 ലിംഗപദവി ഓഡിറ്റിംഗ്

ലിംഗപദവി കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഭരണസംവിധാനത്തിന്റെ വരുമാനത്തെയും ചെലവിനെയും വിശകലനം ചെയ്യുകയും നിയമനിർമ്മാണം, മാർഗ്ഗനിർദ്ദേശങ്ങൾ, നികുതികൾ,സാമൂഹിക പദ്ധതികൾ എന്നിവയടക്കമുള്ള വികസന പ്രവർത്തനങ്ങളെയും വിശകലനം നടത്തുകയും ചെയ്യുന്നതാണ് ലിംഗപദവി ഓഡിറ്റിംഗ് അഥവാ ജെൻഡർ ഓഡിറ്റിംഗ്. പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിലുപരി ലിംഗപദവി തുല്യതയും ശാക്തീകരണവും കൈവരുത്തുവാനായി ഒരു സ്ഥാപനം എത്രമാത്രം സാഹചര്യങ്ങളൊരുക്കി എന്നതിന്റെ പരിശോധന കൂടിയാണ് ജെൻഡർ ഓഡിറ്റിംഗ്.

പൊതു നയങ്ങൾ വളരെ വ്യത്യസ്തമായിട്ടാണ് സ്ത്രീകളെയും പുരുഷന്മാരെയും ബാധിക്കുന്നത് എന്ന അടിസ്ഥാനവീക്ഷണത്തിൽ നിന്നുകൊണ്ടാണ് ലിംഗപദവി ഓഡിറ്റിംഗ് നടത്തുന്നത്. ലിംഗപദവിയെയും സ്ത്രീശാക്തീകരണത്തെയും കുറിച്ച് വ്യക്തികളിലും സമൂഹത്തിലും സ്ഥാപനങ്ങളിലും നിലനിൽക്കുന്ന മുൻവിധികളും/ മുൻധാരണകളും കണ്ടെത്തുകയും ലിംഗപദവി അവബോധത്തോടെ പ്രവർത്തനങ്ങൾ മുമ്പോട്ട് കൊണ്ടുപോകത്തക്ക സാഹചര്യങ്ങൾ സൃഷ്ടിക്കാൻ വേണ്ട ഇടപെടലുകൾ നടത്തുകയും ചെയ്യാൻ ജെൻഡർ ഓഡിറ്റിംഗിന്റെ ഫലമായി സാധിക്കും.

### 4.10.1 ലക്ഷ്യങ്ങൾ

- നയങ്ങൾ, തന്ത്രങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയുടെ ചിട്ടയായ പരിശോധന നടത്തുക
- ലിംഗപദവിയെ പ്രവർത്തനങ്ങളുടെ എല്ലാ ഘടകങ്ങളിലേക്കും കൊണ്ടുവരുന്നതിന് വേണ്ടിയുള്ള ഉചിതമായ നയങ്ങൾ, തന്ത്രങ്ങൾ, പ്രവർത്തനങ്ങൾ മുതലായവ സർക്കാരുകൾക്ക് ശുപാർശ ചെയ്യുക
- പിന്നോക്കാവസ്ഥയിലുള്ള സ്ത്രീകളുടെ പ്രായോഗികവും നിർണ്ണായകവുമായ ആവശ്യങ്ങളെയും മുൻഗണനകളെയും ഉൾപ്പെടുത്തി നിലവിലുള്ളതും വരാനിരിക്കുന്നതുമായ പരിപാടികളുടെ നയങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവയിൽ ലിംഗനീതി കൊണ്ടുവരുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുക
- ഭരണപ്രക്രിയയിൽ സ്ത്രീകളുടെ അവസ്ഥയെയും സ്ഥാനത്തേയും മുൻനിർത്തി ശാക്തീകരണത്തിന്റെ തോത് വിലയിരുത്തുക
- ഓരോ വികസന പ്രവർത്തനവും തുല്യനീതിയിലേക്ക് വ്യക്തിയെയും സമൂഹത്തെയും സ്ഥാപനത്തെയും നയിക്കുന്നതാണെന്ന് ഉറപ്പ് വരുത്തുക


### 4.10.2 ലിംഗപദവി ഓഡിറ്റിംഗിന്റെ പ്രസക്തി

കണക്കുകളും രേഖകളും പരിശോധിക്കുന്ന സാമ്പ്രദായിക ഓഡിറ്റ് രീതിയിൽ നിന്ന് വ്യത്യസ്തമായി വികസന പ്രവർത്തനങ്ങളിൽ സ്വന്തം അഭിപ്രായങ്ങളുയർത്താനും പ്രവർത്തനങ്ങളെ വിലയിരുത്താനും ഏറ്റവും പിന്നോക്കം നിൽക്കുന്നവർക്ക് ജെൻഡർ ഓഡിറ്റിംഗിലൂടെ സാധിക്കുന്നു

ഒരു പദ്ധതി അല്ലെങ്കിൽ ഒരു നയം ആ സമൂഹത്തിലെ സ്ത്രീകളെയും പുരുഷന്മാരെയും എങ്ങനെയാണ് ബാധിച്ചിട്ടുള്ളത് എന്ന് മനസ്സിലാക്കി ലിംഗപദവി തുല്യത എന്ന ലക്ഷ്യത്തിലെത്താൻ അത് സഹായകമായിട്ടുണ്ടോ എന്ന് ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു.

## ഉപസംഹാരം

സ്ത്രീകളെ വികസന പ്രക്രിയയിൽ ഉൾച്ചേർക്കുക എന്നതിൽ വ്യത്യസ്ത ധാരണകളാണ് സർക്കാരിനും സാമ്പത്തിക സ്ഥാപനങ്ങൾക്കും സ്ത്രീസംഘടനകൾക്കും ഒക്കെ ഉള്ളതെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ആസൂത്രകരെയും നയങ്ങൾ രൂപീകരിക്കുന്നവരെയും സ്വാധീനിക്കുന്ന പ്രത്യയശാസ്ത്ര ചിന്തകൾക്കനുസൃതമായിട്ടായിരിക്കുമല്ലോ അവർ വിഭാവനം ചെയ്യുന്ന പദ്ധതി സമീപനങ്ങൾ. സ്ത്രീകളുടെ പ്രയോഗികവും തന്ത്രപരവുമായ ആവശ്യങ്ങളെ മനസ്സിലാക്കി, അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള വികസന സമീപനങ്ങൾ കൈക്കൊള്ളാൻ അവരെ പ്രേരിപ്പിക്കാനും സ്വാധീനിക്കാനും സ്ത്രീസംഘടനകൾക്കു കഴിയണം. സ്ത്രീസംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും പദ്ധതികളിലൂടെയും പരിപാടികളിലൂടെയും, ആസൂത്രണത്തിൽ ജെൻഡർ സമീപനമുണ്ടോ, സ്ത്രീകളെ ശാക്തീകരിക്കുന്ന പ്രക്രിയകളായി അവ മാറുന്നുണ്ടോ എന്ന് വിശകലനം ചെയ്യാനാവും.




## അദ്ധ്യായം 5

# ലിംഗനീതിക്കായുള്ള സംവിധാനങ്ങളും നിയമങ്ങളും

### 5.1 ജെൻഡർ പ്രശ്നം ഒരു സാമൂഹിക പ്രശ്നം

സ്ത്രീകളുടെ അവകാശങ്ങൾ ഉറപ്പുനൽകുന്നതും അവരുടെ മുഴുവൻ കഴിവിലും എത്തിച്ചേരാനുള്ള അവസരങ്ങൾ നൽകുന്നതും ലിംഗസമത്വം കൈവരിക്കുന്നതിന് മാത്രമല്ല, സാമൂഹ്യ ഉന്നമനം കൈവരിക്കുന്നതിനും നിർണ്ണായകമാണ്. ശാക്തീകരിക്കപ്പെട്ട സ്ത്രീകളും പെൺകുട്ടികളും അവരുടെ കുടുംബങ്ങളുടെയും കമ്മ്യൂണി റ്റികളുടെയും രാജ്യങ്ങളുടെയും ആരോഗ്യത്തിനും ഉൽപാദനക്ഷമതയ്ക്കും സംഭാവന നൽകുന്നു, ഇത് എല്ലാവർക്കും പ്രയോജനകരമായ ഒരു സമൂഹത്തെ സൃഷ്ടിക്കുന്നു. സ്ത്രീശാക്തീകരണം ലിംഗസമത്വം കൈവരിക്കുന്നതിനുള്ള നിർണാ യക ഘടകമാണ്. ഒരു സ്ത്രീയുടെ സ്വയംമൂല്യബോധം വർദ്ധിപ്പിക്കൽ, തീരുമാനമെടുക്കാനുള്ള ശക്തി, അവസരങ്ങളിലേക്കും വിഭവങ്ങളിലേക്കുമുള്ള പ്രാപ്യത, വീടിനകത്തും പുറത്തും സ്വന്തം ജീവിതത്തിന്മേലുള്ള ശക്തിയും നിയന്ത്രണവും, മാറ്റം വരുത്താനുള്ള കഴിവ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. സമൂഹത്തിൽ സ്ത്രീകൾക്ക് പുരുഷന്മാരേക്കാൾ അടിസ്ഥാന, ഉന്നത വിദ്യാഭ്യാസത്തിനുള്ള പ്രവേശനം, സാമ്പത്തിക പങ്കാളിത്തത്തിനുള്ള അവസരങ്ങൾ, ആരോഗ്യസുരക്ഷ, രാഷ്ട്രീയ പ്രാതിനിധ്യം എന്നിവയെല്ലാം കുറവാണ്. ഒരു വ്യക്തിയെന്ന നിലയിൽ സ്ത്രീകളുടെ അവകാശം മനുഷ്യാവകാശമായി പരിഗണിക്കപ്പെടേണ്ടതുണ്ട്. ആ അർത്ഥത്തിൽ നിഷേധിക്കപ്പെട്ട അവകാശങ്ങളും സുരക്ഷയും സംരക്ഷിക്കപ്പെടേണ്ടത് സാമൂഹ്യപരമായ ആവശ്യമാണ്. അതുകൊണ്ട് തന്നെ സർക്കാരിനും പൊതുസമൂഹത്തിനും നിയമത്തിനും സംവിധാനത്തിനും എല്ലാം ഈ പ്രശ്നങ്ങളെ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനുള്ള ചുമതലയുണ്ട്. എന്നാൽ ലിംഗപരമായ പ്രശ്നങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നത് സ്ത്രീകളെ



മാത്രമല്ല, സമൂഹത്തിലെ പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള ബന്ധത്തിലാണ്. ലിംഗസമത്വം കൈവരിക്കുന്നതിൽ പുരുഷന്മാരുടെയും ആൺകുട്ടികളുടെയും പ്രവർത്തനങ്ങളും മനോഭാവങ്ങളും ഒരു പ്രധാന പങ്ക് വഹിക്കുന്നു.

ലിംഗ നീതിയതിലധിഷ്ഠിതമായ സമൂഹം പ്രാവർത്തികമാകണമെങ്കിൽ സർക്കാർ സംവിധാനങ്ങളും സമൂഹവും ഒരുപോലെ പ്രവർത്തിക്കണം. കേന്ദ്ര സംസ്ഥാന സർക്കാരുകളും പ്രാദേശിക സർക്കാരുകളും ഇത് ലക്ഷ്യംവച്ച് ഒരുപാട് നയങ്ങളും പരിപാടികളും പദ്ധതികളും നടപ്പിലാക്കി വരുന്നു. അവയിൽ ചിലത് ചുവടെ ചേർക്കുന്നു.

## 5.2 സ്ത്രീകൾക്കും പെൺകുട്ടികൾക്കും വേണ്ടിയുള്ള സംവിധാനങ്ങൾ, പദ്ധതികൾ, ഇടപെടലുകൾ

### 5.2.1 കേന്ദ്ര സംവിധാനങ്ങളും പദ്ധതികളും

- **വനിതാ ശിശു വികസന മന്ത്രാലയം (Ministry of Women and Child Development)**

ലിംഗസമത്വത്തിൽ അധിഷ്ഠിതവും ശിശു കേന്ദ്രീകൃതവുമായ നിയമനിർമ്മാണങ്ങൾ, നയങ്ങൾ, പരിപാടികൾ എന്നിവ സൃഷ്ടിക്കുന്നതിനും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവ പ്രോത്സാഹിപ്പിക്കുന്നതിനും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സംസ്ഥാനതലത്തിലുള്ള നടപടികളിലെ വിടവുകൾ പരിഹരിക്കുന്നതിനുമുള്ള പ്രധാന ഉദ്ദേശ്യത്തോടെയാണ് ഈ മന്ത്രാലയം രൂപീകരിച്ചത്.

- **ദേശീയ വനിതാ കമ്മീഷൻ**

സ്ത്രീകളുടെ അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി 1990 ൽ ഇന്ത്യൻ പാർലമെന്റ് ദേശീയ വനിതാ കമ്മിഷൻ നിയമം പാസാക്കുകയും തുടർന്ന് 1992 ജനുവരിയിൽ ദേശീയ വനിതാ കമ്മിഷൻ രൂപീകരിക്കുകയും ചെയ്തു.

**National Commission for Women**

**Phone No- 011-26942369, 26944740**

**Email Id- ncw@nic.in**

**• ദേശീയ വനിതാ നയം, 2001 (National Policy For the Empowerment of Women, 2001)**

സ്ത്രീകളുടെ സർവതോമുഖമായ പുരോഗതി നേടിയെടുക്കുന്നതിന് വേണ്ട സാമൂഹ്യ-സാമ്പത്തിക-ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക, അതിലൂടെ സ്ത്രീകളുടെ പൂർണ്ണ വ്യക്തിത്വ വികാസം സാധ്യമാക്കുക എന്നതാണ് 2001 ലെ ദേശീയ വനിതാ നയം മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാട്. സ്ത്രീകൾ ഇന്ന് നേരിടുന്ന എല്ലാവിധ വെല്ലുവിളി കളെയും നേരിടാൻ അവരെ പ്രാപ്തമാക്കുന്നതിനും എല്ലാ തരത്തിലുമുള്ള അതിക്രമങ്ങളിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനും ഉദ്ദേശിച്ചു കൊണ്ടുള്ള പുതിയ ദേശീയ വനിതാനയം (National Policy for The Empowerment of Women 2016) കേന്ദ്രസർക്കാർ ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട് . 2001 ലെ നയത്തിന്റെ പരിഷ്ക്കരിച്ച രൂപമാണ് 2016 ലെ കരട് നയം. 2016ലെ നയം അംഗീകരിക്കുന്നതോടെ 2001 ലെ നയം പ്രാബല്യത്തിലൂ ണ്ടാകുകയില്ല.

**• പ്രധാനമന്ത്രി മാതൃ വന്ദന യോജന (PMMVY)**

ഗർഭകാല പരിചരണം ലക്ഷ്യമാക്കിയുള്ള ഈ പദ്ധതിയിൽ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ധനസഹായം ലഭിക്കും. ഗഡുക്കളായാണ് ധനസഹായം ലഭ്യമാവുക. ഗർഭിണിയായ വ്യക്തി അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യണം.

**• ബേട്ടി ബച്ചാവോ ബേട്ടി പഠാവോ**

ഇന്ത്യയിൽ 0-6 പ്രായത്തിലുള്ള കുട്ടികളിൽ പെൺകുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നത് തടയുന്നതിന് വേണ്ടി ആരംഭിച്ച പദ്ധതിയാണ് ബേട്ടി ബച്ചാവോ ബേട്ടി പഠാവോ. പെൺകുട്ടികളുടെ അതിജീവനം, സംരക്ഷണം, ശാക്തീകരണം എന്നിവ ഉറപ്പുവരുത്തുക യാണ് പ്രധാന ലക്ഷ്യം.

- പെൺ ഭ്രൂണഹത്യ, ജനനത്തിന് ശേഷമുള്ള വിവേചനം എന്നിവ നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തുക
- പെൺകുട്ടികളുടെ അതിജീവനം, സംരക്ഷണം എന്നിവ ഉറപ്പുവരുത്തുക. ഇതിനായി നിലവിലുള്ള നിയമ സംവിധാനങ്ങളും ഫലപ്രദമായി ഉപയോഗിക്കുക
- പെൺകുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക
- എല്ലാ മേഖലകളിലും പെൺകുട്ടികളുടെ പങ്കാളിത്തം വർധിപ്പിക്കുക

**• സുകന്യ സമൃദ്ധി യോജന (SSY)**

ഇത് ബേട്ടി ബച്ചാവോ ബേട്ടി പഠാവോ പദ്ധതിയിൽ ഉൾപ്പെട്ട ഒരു സമ്പാദ്യ പദ്ധതി യാണ്. 10 വയസ്സിന് താഴെയുള്ള പെൺകുട്ടികളുടെ രക്ഷിതാക്കൾക്ക് SSY അക്കൗണ്ട്

തുടങ്ങാം. ഒരു രക്ഷിതാവിന് 2 പെൺകുട്ടികളുടെ പേരിൽ അക്കൗണ്ട് തുടങ്ങാവുന്നതാണ്. അക്കൗണ്ട് ആരംഭിച്ച് രണ്ടു വർഷം കഴിയുമ്പോഴോ 18 വയസ്സിന് ശേഷം പെൺകുട്ടി വിവാഹിതയാകുമ്പോഴോ ആണ് കാലാവധി കഴിഞ്ഞ് പണം തിരികെ ലഭിക്കുക. നിക്ഷേപത്തിന്റെ പലിശ ഗവൺമെൻറ് കാലാകാലങ്ങളിൽ നൽകും. ഇപ്പോൾ 8.5 ശതമാനം പലിശയാണുള്ളത്. കാലാവധി 21 വർഷമാണെങ്കിലും 15 വർഷം മാത്രമാണ് പണം അടക്കേണ്ടത്. ഒരു വർഷത്തിൽ അടയ്ക്കാവുന്ന തുക മിനിമം 250 രൂപയും പരമാവധി 1.5 ലക്ഷം രൂപയുമാണ്. പെൺകുട്ടിയുടെ വിവാഹ പ്രായമാകുമ്പോഴേക്കും ഏകദേശം സമ്പാദ്യത്തിന്റെ ഇരട്ടിയോളം ലഭ്യമാകുന്ന സ്കീം ആണിത്.

- **കിഷോരി ശക്തി യോജന**

കൗമാരപ്രായക്കാരായ (11-18) പെൺകുട്ടികളുടെ ശാക്തീകരണം ലക്ഷ്യമാക്കിയുള്ളതാണ് ഈ സ്കീം. പോഷകാഹാരം, ആരോഗ്യം, ശുചിത്വം എന്നിവ ഉറപ്പുവരുത്തുക, ജീവിത നൈപുണികൾ വികസിപ്പിക്കുക, കൂടുതൽ അറിവും ആത്മവിശ്വാസവും ഉള്ളവരാക്കി മാറ്റുക എന്നിവയാണ് പ്രധാന ലക്ഷ്യം. ICDS വഴിയാണ് ഈ സ്കീം നടപ്പിലാക്കുന്നത്.

- **സ്കീം ഫോർ അഡോളസെന്റ് ഗേൾസ്**

കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണം ലക്ഷ്യമാക്കി തെരഞ്ഞെടുക്കുപ്പെട്ട ജില്ലകളിൽ നടപ്പിലാക്കുന്ന സ്കീം ആണിത് . പോഷണനിലവാരം, ആരോഗ്യം, നൈപുണികൾ എന്നിവ മെച്ചപ്പെടുത്തുകയാണ് ലക്ഷ്യം. 11-14 വയസ്സു വരെയുള്ള സ്കൂളിൽ പോവാത്ത പെൺകുട്ടികളാണ് ഇതിന്റെ ഗുണഭോക്താക്കൾ. ഇവരെ ഔപചാരിക വിദ്യാഭ്യാസത്തിലേക്ക് കൊണ്ടുവരിക എന്നത് കൂടി ഇതിന്റെ ലക്ഷ്യമാണ്. ICDS വഴിയാണ് ഇത് നടപ്പിലാക്കുന്നത്.

- **മദർ ആന്റ് ചൈല്ഡ്ഡ് ട്രാക്കിംഗ് സിസ്റ്റം (MCTS)**

2009 ൽ ആരംഭിച്ച വെബ് അധിഷ്ഠിത സംവിധാനമാണിത്. എല്ലാ ഗർഭിണികളെയും ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നു. രജിസ്റ്റർ ചെയ്യുന്ന മുഴുവൻ ഗർഭിണികളുടെയും പ്രതിരോധ മരുന്നുകൾ, കുത്തിവയ്പുകൾ, ഗർഭകാല പരിചരണം, പ്രസവം, പ്രസവാനന്തര ശുശ്രൂഷ എന്നിവയെല്ലാം മോണിറ്റർ ചെയ്യപ്പെടുന്നു. ഓരോ ഘട്ടത്തിലും ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുന്നു.

- **ജനനി സുരക്ഷാ യോജനാ (ജെ.എസ്.വൈ)**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകളുടെയും, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ

പ്പെട്ട സ്ത്രീകളുടെയും പ്രസവം ആശുപത്രിയിലാക്കുന്നതിനും അതിലൂടെ മാതൃ, ശിശു മരണനിരക്ക് കുറയ്ക്കുന്നത് ലക്ഷ്യം വച്ചുകൊണ്ടും കേന്ദ്ര ഗവണ്മെതന്റ് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ആശുപത്രിയിൽ പ്രസവിക്കുന്നവർക്കുള്ള ധനസഹായ പദ്ധതിയാണിത്.

- **സബല**

കൗമാരക്കാരായ പെൺകുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും ശാക്തീകരണത്തിനും വേണ്ടി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്യത പദ്ധതിയാണ് സബല. 11 മുതൽ 18 വരെയുള്ള പെൺകുട്ടികളെല്ലാം സബല പദ്ധതിയുടെ ഭാഗമായിരിക്കും. ഇവരുടെ വിവരങ്ങൾ അങ്കണവാടികളിൽ പ്രത്യേക രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. അർഹതപ്പെട്ടവർക്ക് പോഷകാഹാരം വിതരണം ചെയ്യേണ്ടതാണ്. സ്കൂളിൽ നിന്നും കൊഴിഞ്ഞു പോയവരെ കണ്ടെത്തി സ്കൂളുകളിൽ എത്തിക്കുക, പെൺകുട്ടികൾക്ക് ആരോഗ്യശുചിത്വം, പൊതുസംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് ധാരണ ഉണ്ടാക്കുക തുടങ്ങിയവയെല്ലാം ഈ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. കേരളത്തിൽ കൊല്ലം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളാണ് സബല പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്.

- **രാഷ്ട്രീയ മഹിളാഘോഷ് (RMK)**

രാഷ്ട്രീയ മഹിളാഘോഷ് നാഷണൽ ക്രെഡിറ്റ് ഫണ്ട് ഓഫ് വുമൺ എന്ന പേരിലും അറിയപ്പെടുന്നു. പാവപ്പെട്ട വനിതകളുടെ വായ്പ ആവശ്യങ്ങൾ നിറവേറ്റുകയാണ് പ്രധാന ലക്ഷ്യം. സ്വയം സഹായക സംഘങ്ങളുടെ മൈക്രോ ക്രെഡിറ്റ് സൗകര്യമാണ് ഇതിലൂടെ ലഭ്യമാവുന്നത്. ഈ വായ്പ ഉപയോഗിച്ച് ഇവരുടെ സാമൂഹ്യ-സാമ്പത്തിക വികസനത്തിന് ആക്കം കൂട്ടുകയാണ് ലക്ഷ്യം.

- **സ്വാധാർ സ്കീം**

ജയിൽ മോചിതരായവർ, വിധവകൾ, അഗതികളായ സ്ത്രീകൾ, എന്നിവർക്കു താമസം, ഭക്ഷണം, വസ്ത്രം, കൗൺസിലിംഗ്, തൊഴിൽ പരിശീലനം എന്നിവ നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സ്വാധാർ സ്കീം. അപേക്ഷ നൽകേണ്ടത് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്കാണ്

- വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം
- ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് പഠനസഹായം. ഒരു കുടുംബത്തിൽ പരമാവധി രണ്ടു കുട്ടികൾക്കു വരെ അർഹത.
- എസ്.എസ്.എൽ.സി. മുതൽ പ്ലസ്ടു വരെ പ്രതിമാസം 250 രൂപ

- ഡിഗ്രി മുതൽ തുടർ വിദ്യാഭ്യാസത്തിന് പ്രതിമാസം 500 രൂപ

- **ഉജ്വല സ്കീം**

ലൈംഗിക ചൂഷണത്തിന് ഇരയായവർക്കും, ചൂഷണത്തിന് ഇരയാകാൻ സാദ്ധ്യതയുള്ളവർക്കും പുനരധിവാസ ധനസഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഉജ്ജ്വല സ്കീം. സാമൂഹ്യനീതി ഡയറക്ടർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത് .

### 5.2.2 സംസ്ഥാന സംവിധാനങ്ങൾ

- **സംസ്ഥാന വനിതാ-ശിശു വികസന വകുപ്പ്**

സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്രമായ ശാരീരികവും മാനസികവും വൈജ്ഞാനികവും വൈകാരികവുമായ വികാസങ്ങൾ ഉറപ്പുവരുത്തുന്നതിനും ലിംഗ സംവേദനക്ഷമതയുള്ള ഒരു കുടുംബവും സമൂഹവും സൃഷ്ടിക്കുവാനും ഇതുവരെ സാമൂഹ്യനീതി വകുപ്പാണ് പ്രവർത്തിച്ചു വന്നിരുന്നത്. 2017 ൽ ഇതിനായി പ്രത്യേകമായി വനിതാ-ശിശു വികസന വകുപ്പ് രൂപികരിക്കപ്പെട്ടു .ശിശു വികസനം (ICDS), ശിശു സംരക്ഷണം (ICPS), വനിതാ സംരക്ഷണം, സ്ത്രീ ശാക്തീകരണം എന്നിവയ്ക്കായി വകുപ്പ് വിവിധ സംരംഭങ്ങളും പരിപാടികളും നടപ്പിലാക്കിവരുന്നു.

- **സംസ്ഥാന വനിതാ കമ്മീഷൻ**

ദേശീയ വനിതാ കമ്മീഷൻ നിയമം 1990 ൽ പാർലമെന്റ് പാസ്സാക്കിയതിനെ തുടർന്ന് 1990 ൽ കേരള നിയമസഭ കേരള സംസ്ഥാന വനിതാ കമ്മീഷൻ ബിൽ പാസ്സാക്കി രാഷ്ട്ര പതിയുടെ അംഗീകാരത്തിനയച്ചെങ്കിലും രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചത് 1995 ലാണ്. രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചതിനെ തുടർന്ന് 1995 ൽ കേരള വനിതാ കമ്മിഷൻ നിയമം പാസ്സാക്കുകയും 1996 ൽ സംസ്ഥാന വനിതാ കമ്മിഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. സംസ്ഥാന വനിതാ കമ്മിഷന്റെ വിലാസം ചുവടെ കൊടുക്കുന്നു.

**Kerala Women's Commission**
**Lourde Church, PMG, Pattom.P.O**
**Thiruvananthapuram**
**Phone No- 0471-2302590, 2300509**
**Email Id- keralawomenscommission@yahoo.co.in**

• **സംസ്ഥാന വനിതാ നയം 2015**

ദേശീയ വനിതാ നയം പ്രഖ്യാപിച്ചതിന്റെ തുടർച്ചയെന്നോണം 2005 ൽ സംസ്ഥാന വനിതാ നയം പ്രഖ്യാപിക്കുകയുണ്ടായി. 2009 ൽ അത് പരിഷ്ക്കരിക്കുകയുണ്ടായി. തുടർന്ന് 2015 ൽ വീണ്ടും പരിഷ്ക്കരിക്കുകയുണ്ടായി. അതിനുശേഷം 2015 ൽ തന്നെ Gender Equtiy and Women Empowerment Policy 2015 (GEWE 2015) എന്ന പേരിൽ വീണ്ടും പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (G.O (MS) No.207/2015/SJD dt 16.04.2015)

• **നിർഭയ** – സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ലൈംഗിക അതിക്രമങ്ങൾ തടയുന്നതിന് രൂപംനൽകിയ പദ്ധതിയാണ് 'നിർഭയ'. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സർക്കാരിതര സന്നദ്ധ സംഘടനകൾ, സ്വയം സഹായ സംഘടനകൾ, ജനമൈത്രി പോലീസ് തുടങ്ങിയവയുടെ സഹായത്തോടെ, ലൈംഗിക അതിക്രമങ്ങൾ തടയൽ, ലൈംഗിക പീഡനങ്ങൾക്കിരയാവുന്നവരെ രക്ഷപ്പെടുത്തൽ, അവരുടെ സംരക്ഷണം, പുനരധിവാസം തുടങ്ങിയവയാണ് നിർഭയയുടെ പ്രധാന പ്രവർത്തനങ്ങൾ. സംസ്ഥാനതലത്തിൽ മുഖ്യമന്ത്രി ചെയർപേഴ്സണായുള്ള സമിതിയും ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ചെയർപേഴ്സണായുള്ള നിർഭയ കമ്മിറ്റികളുമാണ് പദ്ധതിക്ക് നേതൃത്വം നൽകുക. മുന്സിപ്പൽ ചെയർമാൻ/ മേയർ/ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ ചെയർപേഴ്സണായ ജാഗ്രതാ സമിതികളാണ് പ്രാദേശിക തലത്തിൽ പദ്ധതിക്ക് നേതൃത്വം നൽകുക .

• **നിർഭയ ഷെൽട്ടർ ഹോം** – ലൈംഗിക പീഡനത്തിനിരയായ പെൺകുട്ടികളെ സുരക്ഷിതമായി താമസിപ്പിക്കാൻ നിർഭയ സെല്ലിന്റെ മേൽനോട്ടത്തിൽ ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു.

• **മഹിളാമന്ദിരം** – പരിചരിക്കുവാൻ ആളില്ലാത്ത വിധവകൾ, വിവാഹമോചിതർ, അഗതികൾ, ആരും സംരക്ഷിക്കാനില്ലാത്ത സ്ത്രീകൾ തുടങ്ങി സംരക്ഷണം ആവശ്യമുള്ള 18 വയസ്സിന് മുകളിൽ പ്രായമുള്ളവരെയാണ് മഹിളാമന്ദിരത്തിൽ പ്രവേശിക്കുന്നത്.

• **ആശാഭവൻ** – മാനസികാരോഗ്യം വീണ്ടെടുത്തെങ്കിലും സംരക്ഷിക്കുവാനാളില്ലാത്ത രോഗികളായ സ്ത്രീകളുടെ പരിചരണത്തിനും സംരക്ഷണത്തിനുമുള്ളതാണ് ആശാഭവൻ.

• **റസ്ക്യൂ ഹോം** – ലൈംഗികചൂഷണത്തിന് വിധേയരായ സ്ത്രീകൾക്ക് പരിചരണവും സംരക്ഷണവും നൽകി പുനരധിവസിപ്പിക്കുകയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളാണ് റെസ്ക്യൂ ഹോമുകൾ.

• **ആഫ്റ്റർ കെയർ ഹോം** – സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള ബാലമന്ദിരം, സ്പെഷ്യൽ ഹോം എന്നീ സ്ഥാപനങ്ങളിൽ നിന്നു പുറത്തിറങ്ങുന്നവരെ ആഫ്റ്റർ കെയർ ഹോമിൽ പുനരധിവിസിപ്പിക്കും. കെയർ ഹോമിൽ പരിശീലനത്തിനും, വിദ്യാഭ്യാസം തുടരുന്നതിനും സൗകര്യമുണ്ടായിരിക്കും. കൊല്ലത്തും കോഴിക്കോടുമായി പെൺകുട്ടികൾക്കും തലശ്ശേരിയിൽ ആൺക്കുട്ടികൾക്കും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

• **സ്ത്രീകൾക്കു വേണ്ടി ഒരു ദിവസത്തെ സുരക്ഷിത താമസ സൗകര്യം** – പലവിധ കാര്യങ്ങൾക്കായി ഒറ്റയ്ക്ക് തലസ്ഥാനത്തെത്തുന്ന സ്ത്രീകൾക്ക് മിതമായ നിരക്കിൽ താമസവും ഭക്ഷണവും ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയാണ് (പരീക്ഷ, ഇന്റർവ്യൂ, മീറ്റിംഗ് തുടങ്ങിയ ആവശ്യങ്ങൾക്കായി). കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബിൽഡിംഗിൽ എട്ടാംനിലയിലാണ് ഇത് പ്രവർത്തിക്കുന്നത്. തിരുവനന്തപുരം കോർപ്പറേഷനും സാമ്യൂഹ്യനീതി വകുപ്പും ചേർന്നാണ് ഈ പദ്ധതി നടത്തുന്നത്

• **എന്റെ കൂട് സ്കീം** – സാമ്യൂഹ്യനീതി വകുപ്പിന്റെ കീഴിൽ ആരംഭിച്ച നൂതന പദ്ധതിയാണിത്. വീടില്ലാതെ അലഞ്ഞു തിരിഞ്ഞു നടക്കുന്നതും താൽക്കാലിക വീടുകളിൽ കഴിയുന്നതുമായ സ്ത്രീകൾക്ക് രാത്രികളിൽ സുരക്ഷിതമായി തങ്ങുന്നതിന് വേണ്ടിയാണിത്. വരുന്നതിനോ പോകുന്നതിനോ യാതൊരു തടസ്സങ്ങളോ മാനദണ്ഡങ്ങളോ ഇല്ല എന്നതും ഇതിന്റെ പ്രത്യേകതയാണ്. ആദ്യ ഘട്ടമെന്ന നിലയിൽ കോഴിക്കോടും തിരുവനന്തപുരത്തുമാണ് നിലവിൽ ഈ പദ്ധതിയുള്ളത്

• **ജെൻഡർ പാർക്ക്** – ജെൻഡർ പ്രശ്നങ്ങളെ കുറിച്ച് പഠിക്കുന്നതിനും ലിംഗനീതി ഉറപ്പുവരുത്തുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കുമായി സംസ്ഥാന സർക്കാർ കോഴിക്കോട് തുടങ്ങിയ സ്ഥാപനമാണ് ജെൻഡർ പാർക്ക് . സ്ത്രീകളെ സാമ്പത്തികമായും സാമൂഹികമായും ശാക്തീകരിക്കുന്നതിന് വേണ്ടി ഇതിന് കീഴിൽ തുടങ്ങിയ പദ്ധതിയാണ് ഷീ ടാക്സി.

• **വിവാഹ ധനസഹായം** – ഓർഫനേജ് കണ്ട്രോൾ ബോർഡിന് കീഴിലുള്ള വനിതാ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള വിവാഹ ധനസഹായമാണിത്

• **ശ്രദ്ധ പദ്ധതി** – സ്ത്രീകൾക്കും കുട്ടികൾക്കും നിയമാവബോധം ലഭ്യമാക്കുന്നതിനായുള്ള പദ്ധതിയാണ്. ആദ്യഘട്ടമെന്ന നിലയിൽ വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ, സേവനദാതാക്കൾ, യൂത്ത് ക്ലബ് അംഗങ്ങൾ, ആശാ വർക്കാർമാർ, സാക്ഷരതാ പ്രേരക് എന്നിവർക്കാണ് പരിശീലനം ലഭ്യമാക്കുന്നത്

• **കൈത്താങ്ങ് സ്കീം –** ഗവണ്മെന്റ് വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടെ കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കാർമാർ, സാക്ഷരതാപ്രേരക്, ജനമൈത്രി പോലീസ്, യൂത്ത് ക്ലബ് അംഗങ്ങൾ, റസിഡന്റസ് അസോസിയേഷൻ പ്രതിനിധികൾ എന്നിവർ അംഗങ്ങളായി, 70 പഞ്ചായത്തുകളിൽ 350 വാർഡുകളിലായി ഒരോ റെസ്പോൺസ് ടീം രൂപികരിച്ചു. വാർഡുകൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്ന് ഉപയോഗം എന്നിവ മൂലം ദുരിതത്തിൽ കഴിയുന്ന വീടുകളെ റെസ്പോൺസ് ടീം കണ്ടെത്തി മുഖ്യ ധാരയിലേക്കു കൊണ്ടുവന്ന് അവർക്ക് ആവശ്യമായ സഹായം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. റെസ്പോൺസ് ടീമിന്റെ പ്രവർത്തനങ്ങൾ പഞ്ചായത്ത് ജാഗ്രതാ സമിതിയുടെയും വനിതാ പ്രൊട്ടക്ഷൻ ഓഫീസറുടെയും നേതൃത്വത്തിൽ മാസത്തിൽ ഒരിക്കൽ അവലോകനം നടത്തും.

• **അഭയകിരണം പദ്ധതി –** സ്വന്തമായി വീടില്ലാത്ത വിധവകൾക്ക് സാമൂഹ്യ നീതി വകുപ്പ് മാസം 1000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയാണ് അഭയകിരണം.

• **മംഗല്യ പദ്ധതി (വിധവാ വിവാഹ പ്രോത്സാഹനം) –** വിധവകൾ, നിയമപരമായി വിവാഹമോചനം നേടിയവർ എന്നിവരുടെ പുനർവിവാഹത്തിനു കേരള സർക്കാർ സാമൂഹികനീതി വകുപ്പ് മുഖേന ധനസഹായം നൽകുന്ന പദ്ധതി. 18 മുതൽ 50 വയസ്സു വരെയുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കാണ് അർഹത. 2500 രൂപയാണ് ധനസഹായം.

• **ക്ഷേമസ്ഥാപനങ്ങളിലുള്ള സ്ത്രീകൾക്ക് വോക്കേഷണൽ പരിശീലനം –** സ്ത്രീകൾക്ക് ജോലി ലഭ്യമാകുന്ന തരത്തിലുള്ള പരിശീലനം കൊടുക്കുന്നത് സ്റ്റെഡ് (STED) വഴിയാണ്.

• **ആശ്വാസ നിധി –** ലൈംഗിക ചൂഷണത്തിന് ഇരയായവർക്കും, ജെൻഡർ പ്രശ്നങ്ങൾ (ഗാർഹികാതിക്രമം, ആസിഡ് അറ്റാക്ക് തുടങ്ങിയവർക്കും ) നേരിടുന്നവർക്കും സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് ആശ്വാസ നിധി. ജില്ലാ വനിതാ പ്രോട്ടക്ഷൻ ഓഫീസർക്കും ജില്ലാ ശിശു സംരക്ഷണ ഓഫീസർക്കുമാണ് ചുമതല.

• **സ്നേഹസ്പർശം –** ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിക്കേണ്ടി വരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് സ്നേഹസ്പർശം. പ്രതിമാസം 1000 രൂപ വീതമാണ് ഈ പദ്ധതിയിലൂടെ ധനസഹായമായി നൽകുന്നത്.

• **പ്രത്യാശ വിവാഹ ധനസഹായപദ്ധതി –** വ്യക്തികളും കോർപ്പറേഷനുകളും കേരള സാമൂഹ്യസുരക്ഷാ മിഷനും സംയുക്ത സംരംഭമായി ആരംഭിച്ച നൂതനമായ പദ്ധതിയാണിത്. ദരിദ്ര കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ ചെലവ് കണ്ടെത്തുന്നതിനുള്ള പദ്ധതിയാണിത് . വ്യക്തികളോ സ്ഥാപനങ്ങളോ 25000 രൂപയോ അതിന്റെ ഗുണിതങ്ങളോ സംഭാവനയായി നൽകിയാൽ തത്തുല്യമായ തുക മിഷനും വഹിച്ചുകൊണ്ട് 50000 രൂപ ഒരു ദരിദ്ര യുവതിക്ക് വിവാഹ ധനസഹായമായി നൽകുന്ന പദ്ധതിയാണിത്. ഈ ഇനത്തിൽ സംഭാവന ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ധനസഹായം ലഭിക്കുകയുള്ളൂ. ഗുണഭോക്താക്കൾ 22 വയസ്സ് കഴിഞ്ഞവരും നിർദ്ധന കുടുംബത്തിൽപ്പെട്ടവരും ആയിരിക്കണം. സംഭാവന നൽകുന്നവർക്ക് ഗുണഭോക്താക്കളെ നിർദ്ദേശിക്കാവുന്നതാണ്.

• **വനിതാ വികസന കോർപ്പറേഷൻ**

സാമൂഹികമായും സാമ്പത്തികമായും സ്ത്രീകളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ വനിതാ വികസന കോർപ്പറേഷൻ ആരംഭിച്ചു. ഒരുപാട് പദ്ധതികളും പരിശീലന പരിപാടികളും ഇതിന് കീഴിൽ നടക്കുന്നുണ്ട്.

1. വായ്പാ പദ്ധതികൾ.
   - സ്വയംതൊഴിൽ വായ്പ
   - മൈക്രോ ഫൈനാൻസ് പദ്ധതി (പട്ടികജാതി വിഭാഗത്തിലെ സ്ത്രീകൾക്ക്)
   - വിദ്യാഭ്യാസ വായ്പാപദ്ധതി (പിന്നോക്ക വിഭാഗത്തിൽപ്പെട്ട പ്രൊഫഷനൽ കോഴ്സ് ചെയ്യുന്ന കുട്ടികൾക്ക് )
2. വർക്കിംഗ് വുമൺസ് ഹോസ്റ്റലുകൾ

   നഗരപ്രദേശങ്ങളിൽ ജോലിയെടുക്കുന്ന വനിതാ ഉദ്യോഗസ്ഥർക്ക് കുറഞ്ഞ നിരക്കിൽ സുരക്ഷിതമായ താമസ സൗകര്യം ലഭ്യമാക്കുന്നതിനായി വനിതാ വികസന കോർപ്പറേഷൻ തിരുവനന്തപുരം, വയനാട്, തിരൂർ, കണ്ണൂർ, മഞ്ചേരി, എറണാകുളം തുടങ്ങിയ സ്ഥലങ്ങളിൽ വർക്കിംഗ് വുമൺസ് ഹോസ്റ്റലുകൾ നേരിട്ട് നടത്തി വരുന്നു.
3. മിത്ര 181

   പൊതുസ്ഥലങ്ങൾ സ്ത്രീകൾക്കും പെൺകുട്ടികൾക്കും സുരക്ഷിതമാക്കുന്നതിനും അവിടെ അവർ പ്രശ്നങ്ങൾ നേരിടു

> **181**
> **എന്ന ഫോൺ നമ്പറിൽ 24 മണിക്കൂറും സേവനം ലഭ്യമാകുന്നു**

മ്പോൾ അവരെ തത്സമയം സഹായിക്കുന്നതിനുമായി ഏർപ്പെടുത്തിയിട്ടുള്ള ടോൾഫ്രീ ഹെൽപ് ലൈൻ സംവിധാനമാണ് മിത്ര 181.

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനാണ് മിത്ര 181 ന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നത്. രാജ്യവ്യാപകമായി സ്ത്രീസുരക്ഷാ സംവിധാനം ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഈ സംവിധാനം ഇവിടെയും ഒരുക്കിയിട്ടുള്ളത്.

4. ബോധ്യം

ലിംഗാവബോധം സൃഷ്ടിക്കുന്നതിനു സംസ്ഥാന പോലീസ് സേനയിലെ ഉദ്യോഗസ്ഥർക്കായി വനിതാ വികസന കോർപ്പറേഷൻ സംഘടിപ്പിക്കുന്ന സമഗ്ര പരിശീലന പരിടിപാടിയാണ് ബോധ്യം .

### 5.2.3 വിവിധ വകുപ്പുകളിലുള്ള ലിംഗനീതിക്കായുള്ള പദ്ധതികൾ

## ഗ്രാമ വികസന വകുപ്പ്

- **മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരണ്ടി സ്കീം (MGNREGS)**

മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരണ്ടി ആക്റ്റ്, (എംജിഎൻ ആർജിഎ) ഒരു ഇന്ത്യൻ തൊഴിൽ നിയമവും സാമൂഹ്യ സുരക്ഷാ നടപടിയുമാണ്. അത് 'ജോലി ചെയ്യാനുള്ള അവകാശം' ഉറപ്പുനൽകുന്നു. മുതിർന്ന അംഗങ്ങൾ, അവിദഗ്ദ്ധരായ സ്വമേധയാലുള്ള ജോലികൾ ചെയ്യാൻ സന്നദ്ധത പ്രകടിപ്പിക്കുന്ന 18 വയസ്സ് കഴിഞ്ഞ ആർക്കും സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസത്തെ വേതന തൊഴിൽ നൽകിക്കൊണ്ട് ഗ്രാമീണ മേഖലയിലെ ഉപജീവന സുരക്ഷ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത് രൂപീകരിച്ചത്. സാമ്പത്തിക സുരക്ഷ നൽകുന്നതിനും ഗ്രാമീണ സ്വത്തുക്കൾ സൃഷ്ടിക്കുന്നതിനും പുറമെ, പരിസ്ഥിതി സംരക്ഷിക്കുന്നതിനും ഗ്രാമീണ സ്ത്രീകളെ ശാക്തീകരിക്കുന്നതിനും ഗ്രാമീണ-നഗര കുടിയേറ്റം കുറയ്ക്കുന്നതിനും സാമൂഹിക തുല്യത വളർത്തുന്നതിനും എംജിഎൻആർജിഎ സഹായിക്കും. സമയനിരക്ക് അടിസ്ഥാനത്തിലോ അല്ലെങ്കിൽ ഒരു പീസ്റ്റേറ്റ് അടിസ്ഥാനത്തിലോ ലിംഗസമത്വത്തിനൊപ്പം നൽകേണ്ട വേതനത്തിന് ഈ നിയമം മിനിമം പരിധി നിശ്ചയിക്കുന്നു. NREGA യുടെ മറ്റൊരു പ്രധാന ആകർഷണം ശമ്പളമുള്ള ജോലികൾക്ക് അവസരങ്ങൾ നൽകിക്കൊണ്ട് സ്ത്രീ ശാക്തീകരണത്തിനുള്ള സാധ്യതയാണ്. എല്ലാ തൊഴിലുകളുടെയും മൂന്നിലൊന്നു സ്ത്രീകൾക്കായി നീക്കിവച്ചിരിക്കുന്നു, പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യവേതനം, വർക്ക്സൈറ്റിൽ ശിശുസംരക്ഷണ സൗകര്യങ്ങൾ എന്നിവയ്ക്കുള്ള വ്യവസ്ഥയുണ്ട്. ഇവ ഈ നിയമത്തിലെ സ്ത്രീകൾക്ക് അനുകൂലമായ മൂന്ന് പ്രധാന വ്യവസ്ഥകളാണ്. അതേസമയം, രാജ്യത്തെ ദരിദ്രരും ദുർബലരുമായ ആളുകൾക്ക്

തൊഴിൽ ഉറപ്പ് നൽകുന്നതിനുള്ള സുപ്രധാന നിയമനിർമ്മാണമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം (എംജിഎൻആർജിഎ). ഗ്രാമീണ കുടുംബങ്ങൾക്ക് അനുബന്ധ തൊഴിൽ നൽകുന്നതിനൊപ്പം സാമ്പത്തിക ഉൾപ്പെടുത്തലിലൂടെയും സ്വാതന്ത്ര്യത്തിലൂടെയും സ്ത്രീശാക്തീകരണത്തിന് ഇത് സഹായിക്കുന്നു.

## പോലീസ് വകുപ്പ്

- **വനിതാ സെല്ല്**

സ്ത്രീകൾക്കെതിരെയുള്ള അതിക്രമം അന്വേഷിക്കുന്നതിന് വേണ്ടി പോലീസ് സൂപ്രണ്ട് തലവനായി സംസ്ഥാന വനിതാ സെല്ല് പ്രവർത്തിക്കുന്നുണ്ട് കൂടാതെ എല്ലാ ജില്ലകളിലും വനിതാ സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ വനിതാ സെല്ല് പ്രവർത്തിക്കുന്നുണ്ട്.

- **പിങ്ക് പട്രോൾ (Pink Patrol)**

പൊതുസ്ഥലങ്ങളിൽ സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷിതത്വം വർദ്ധിപ്പിക്കുന്നതിനായി കേരള പോലീസ് ആരംഭിച്ചിട്ടുള്ള സംവിധാനമാണ് പിങ്ക് പട്രോൾ (Pink Beat Partol). ഓരോ ജില്ലയിലേയും പോലീസ് മേധാവിയുടെ ചുമതലയിലാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. പിങ്ക് പട്രോൾ ടീമിന്റെ നേതൃത്വം പ്രത്യേക പരിശീലനം നേടിയ ഒരു വനിതാ പോലീസ് ഓഫീസർക്കാണ്. അതിനായി ബസ്സുകളിലും ബസ് സ്റ്റാന്റുകളിലും സ്കൂൾ-കോളേജ് പരിസരങ്ങളിലും മറ്റ് പൊതു ഇടങ്ങളിലും സ്ഥിരമായി പട്രോളിംഗ് നടത്തുന്നു .

## കാർഷിക വകുപ്പ്

- **മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (MKSP)**

ഇന്ത്യയിലെ സ്ത്രീകളിൽ ഭൂരിഭാഗവും കാർഷികമേഖലയെ ആശ്രയിച്ച് ജോലി ചെയ്യുന്നവരാണ്. കാർഷികമേഖലയിൽ സ്ത്രീകൾക്കുള്ള പിന്തുണാ സംവിധാനം ശക്തിപ്പെടുത്തുകയാണ് ഈ സ്കീമുകളിലൂടെ ലക്ഷ്യമിടുന്നത്. ദരിദ്രരായ സ്ത്രീ കർഷകരുടെ സാമൂഹിക സംഘടനകളെ ശാക്തീകരിച്ച് കാർഷികമേഖലയിൽ സ്ത്രീകൾക്ക് സുസ്ഥിര വരുമാനം നേടിക്കൊടുക്കലാണ് ലക്ഷ്യം. കേരളത്തിൽ കുടുംബശ്രീയുമായി സഹകരിച്ചാണ് ഇത് നടപ്പിലാക്കുന്നത്.

### 5.2.4 കുടുംബശ്രീ സംവിധാനം

കേരള സംസ്ഥാനത്താകമാനം വ്യാപിച്ചു കിടക്കുന്ന വനിതകളുടെ ഒരു കമ്മ്യൂണിറ്റി ശൃംഖലയാണ് കുടുംബശ്രീ. സ്ത്രീശാക്തീകരണത്തിലൂന്നിയ സാമ്പത്തിക-സാമൂഹ്യ

ശാക്തീകരണത്തിലൂടെയുള്ള ദാരിദ്ര്യ നിർമാർജനമാണ് കുടുംബശ്രീയുടെ ലക്ഷ്യം. സ്വതന്ത്ര വനിതാ കൂട്ടായ്മയായ അയൽക്കൂട്ടത്തിന്റെ ഭരണപരവും സംഘടനാപരവുമായ പ്രവർത്തനത്തിലൂടെ ലഭിക്കുന്ന ശേഷിയും ആത്മവിശ്വാസവും മുഖേന സ്ത്രീകൾ സ്വയം ശാക്തീകരിക്കപ്പെടുന്നു. അയൽക്കൂട്ടം, എ.ഡി.എസ്, സി.ഡി.എസ് എന്നിങ്ങനെയുള്ള ത്രിതല സംഘടനാ സംവിധാനത്തിലൂടെ പ്രവർത്തിക്കുന്ന കുടുംബശ്രീ ലോകത്തിലെ തന്നെ ഏറ്റവും വലിയ വനിതാ കൂട്ടായ്മയാണ്. കേരള ചരിത്രത്തിലെ ഏറ്റവും വലിയ സ്ത്രീ കൂട്ടായ്മയായ കുടുംബശ്രീ കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളിലായി ഒട്ടേറെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങളെ പ്രതിരോധിക്കുക, സ്ത്രീ ശിശു സൗഹൃദ പ്രാദേശിക ഇടം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ നിരവധി പ്രവർത്തനങ്ങൾ കുടുംബശ്രീ നടത്തി വരുന്നുണ്ട്.

- **വിജിലന്റ് ഗ്രൂപ്പ്**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും സ്ത്രീ സൗഹൃദ പ്രാദേശിക ഇടം സൃഷ്ടിക്കുന്നതിനുമായി കുടുംബശ്രീ സി ഡി എസ്സുകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്വയം സന്നദ്ധ പ്രവർത്തകരുടെ കൂട്ടായ്മയാണ് കുടുംബശ്രീ വിജിലന്റ് ഗ്രൂപ്പ്. സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷ ലക്ഷ്യമാക്കി, പ്രശ്നങ്ങളെ ഉത്ഭവ സ്ഥാനത്ത് ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി, കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഒരു സന്നദ്ധ സംഘമാണ് വിജിലന്റ് ഗ്രൂപ്പ്. പ്രാദേശിക പ്രശ്നങ്ങളിൽ ഇടപെടുന്നതോടൊപ്പം ഒരു സ്ത്രീ ശിശു സൗഹൃദ ഇടമായി പ്രദേശത്തെ മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് വാർഡ്തലങ്ങളിൽ വിജിലന്റ് ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നത്.

- **സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക്**

അതിക്രമങ്ങൾക്ക് ഇരയാവുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശ്രയ കേന്ദ്രമാണ് സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക്. കുടുംബശ്രീ, സംസ്ഥാന ശിശുക്ഷേമ സമിതി, പോലീസ്, സാമൂഹികനീതി വകുപ്പ് എന്നീ വകുപ്പുകളുമായി സംയോജിച്ചാണ് സ്നേഹിതയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. അതിക്രമങ്ങൾ നേരിട്ട് സ്നേഹിത യിലെത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും കൗൺസിലിംഗ് നൽകും. ആവശ്യമായ നിയമസഹായവും ലഭ്യമാക്കും. കൂടാതെ പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന വിജിലന്റ് ഗ്രൂപ്പുകൾ വഴി അതിക്രമങ്ങൾക്കിരയാവുന്നതായി കണ്ടെത്തുന്നവർക്ക് സ്നേഹിതയുടെ ഷോർട്ട് സ്റ്റേ ഹോമിൽ സുരക്ഷിതതാമസവും സൗജന്യ നിയമ സഹായവും മാനസിക പിന്തുണയും ലഭ്യമാക്കും. കൂടാതെ രാത്രിയിൽ ഒറ്റയ്ക്ക് യാത്ര

ചെയ്യേണ്ടി വരുന്ന സ്ത്രീകൾക്ക് ആവശ്യമെങ്കിൽ ഷോർട്ട് സ്റ്റേ ഹോമിൽ താമസിക്കാനുള്ള സൗകര്യം ലഭ്യമാക്കും.

- **സ്നേഹിത കാളിംഗ് ബെൽ**

കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ സമൂഹത്തിൽ ഒറ്റപ്പെട്ട് താമസിക്കുന്നവരെയും മുതിർന്ന പൗരന്മാരെയും ശ്രദ്ധയും പരിചരണവും ആവശ്യമുള്ള വ്യക്തികളെയും കണ്ടെത്തി നിരന്തര സമ്പർക്കം പുലർത്തി ആവശ്യമായ പിന്തുണ നൽകുന്ന പദ്ധതിയാണ് സ്നേഹിത കാളിംഗ് ബെൽ. ഒറ്റയ്ക്ക് താമസിക്കുന്നവരുടെ സുരക്ഷ ഉറപ്പാക്കാൻ അയൽക്കൂട്ടങ്ങൾ പോലീസുമായും ക്ലബുമായും സഹകരിച്ച് സി.ഡി.എസ്സ് വഴി ഗൃഹ സന്ദർശനം നടത്തും

## 5.3 ട്രാൻസ് ജെൻഡർ വ്യക്തികൾക്കായുള്ള സംവിധാനങ്ങൾ, പദ്ധതികൾ, ഇടപെടലുകൾ

### സംസ്ഥാന ട്രാൻസ് ജെൻഡർ ബോർഡ്

ട്രാൻസ് ജെൻഡർ വിഭാഗങ്ങളുടെ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ മാര്ഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും, ബോധവത്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും നേതൃത്വം നൽകുന്നത് ട്രാൻസ് ജെൻഡർ ബോർഡാണ്. ജില്ലകളിൽ ട്രാൻസ് ജെൻഡർ കമ്മിറ്റികൾ പ്രവർത്തിക്കുന്നു. നിലവിൽ കേരള സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ 24 മണിക്കൂറും ട്രാൻസ് ജെൻഡർ ഹെൽപ്പ് ലൈൻ പ്രവർത്തിച്ചുപോരുന്നു. ഇതിനായി കമ്മ്യൂണിറ്റി കൗൺസിലേഴ്സിന്റെ സേവനം ഏതു സമയത്തും ലഭ്യമാക്കുന്നുണ്ട്. ലഭിക്കുന്ന പരാതികൾ ഉടനടി പോലീസിന്റെ സഹായത്തോടെ പരിഹരിക്കുന്നതിനും കഴിയുന്നുണ്ട്. ട്രാൻസ് ജെൻഡർ വിഭാഗത്തെ അതിജീവനത്തിനു പ്രാപ്തരാക്കുന്നതിനുവേണ്ടി C-STED, കുടുംബശ്രീ, സാമൂഹ്യനീതി വകുപ്പ്, വനിതാ വികസന കോർപ്പറേഷൻ തുടങ്ങി വിവിധ വകുപ്പുകൾ നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഓരോരുത്തരുടേയും കഴിവും, താൽപര്യവും, അഭിരുചിയും അനുസരിച്ച് സംരംഭങ്ങൾ തെരഞ്ഞെടുക്കുന്നതിനും അതിനാവശ്യമായ പരിശീലനങ്ങൾ, വിപണന പിന്തുണാ സഹായങ്ങൾ, സാമ്പത്തിക സഹായം എന്നിവ ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ നിലവിൽ സ്വീകരിച്ച് പോരുന്നു. അതിൽ ചിലത് ചുവടെ ചേർക്കുന്നു

- **സമന്വയ തുടർ വിദ്യാഭ്യാസ പരിപാടി**

പാതിവഴിയിൽ പഠനം ഉപേക്ഷിക്കപ്പെട്ട മുഴുവൻ ട്രാൻസ് ജെൻഡർ വിഭാഗത്തിലുള്ളവർക്കും കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ സഹായത്തോടെ തുടർ വിദ്യാഭ്യാസം സാധ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. നിലവിൽ കേരളത്തിൽ 914 പേരെ ഇത്തരത്തിൽ

കണ്ടെത്തി അവർക്ക് തുടർപഠനത്തിനുള്ള പിന്തുണ ഉറപ്പുവരുത്തുന്നതിനു കഴിഞ്ഞിട്ടുണ്ട്. ഓരോ പഞ്ചായത്തിലേയും സാക്ഷരതാ പ്രേരക്മാർ മുഖേനയാണ് തുടർ വിദ്യാഭ്യാസ കോഴ്സിന് അപേക്ഷ നൽകേണ്ടത്. തികച്ചും സൗജന്യമായിട്ടാണ് വിദ്യാഭ്യാസ പരിപാടി നടത്തപ്പെടുന്നത്. പഠിതാക്കൾക്ക് പ്രതിമാസം നിശ്ചിത തുക സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്.

- **ട്രാൻസ് ജെൻഡർ സ്കോളർഷിപ്പ്**

വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന ഈ വിഭാഗത്തിലെ വ്യക്തികൾക്ക് കൂടുതൽ പരിഗണനയും പിന്തുണയും ലഭ്യമാക്കുക എന്നത് അത്യാവശ്യമാണ്. സ്ക്കൂൾ തലം മുതൽ പ്രൊഫഷണൽ-ഡിഗ്രി തലം വരെ ട്രാൻസ് ജെൻഡർ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിവരുന്നു. അപേക്ഷകൾ ട്രാൻസ് ജെൻഡർ ബോർഡ് സെല്ലിലേക്കാണ് സമർപ്പിക്കേണ്ടത്.

- **ബ്യൂട്ടീഷ്യൻ പദ്ധതി**

ട്രാൻസ് ജെൻഡർ വിഭാഗത്തിന്റെ ഉന്നമനത്തിനും ക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കുന്ന ധ്വയം ട്രാൻസ് ജെൻഡേഴ്സ് ആർട്ട്സ് ആന്റ് ചാരിറ്റബിൾ സൊസൈറ്റിയും സാമൂഹ്യനീതി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. പരിശീലന കാലാവധി 3 മാസമാണ്. നിലവിൽ 100 ൽ അധികം പേർക്ക് പരിശീലനം ലഭ്യമാക്കുക വഴി ഉപജീവനത്തിനുള്ള സാധ്യത ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്

- **തയ്യൽ മെഷീൻ വിതരണ പദ്ധതി**

ട്രാൻസ് ജെൻഡർ പോളിസിയുടെ ഭാഗമായി സാമൂഹ്യനീതി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്. നിലവിൽ 100 ലധികം പേർക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസ് മുഖാന്തിരമാണ് തയ്യൽ മെഷീനുകൾ വിതരണം ചെയ്യുന്നത്.

- **ട്രാൻസ് ജെൻഡർ സൗഹൃദ വിദ്യാലയങ്ങൾ**

കൗമാര കാലഘട്ടങ്ങളിലാണ് ട്രാൻസ് ജെൻഡർ വ്യക്തികളുടെ കൊഴിഞ്ഞുപോക്ക് കൂടുതൽ സംഭവിക്കുന്നത്. നിലവിലെ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതിന് സാധിക്കാതെ വരുകയും അദ്ധ്യാപകർ അടക്കമുള്ളവരുടെ വിവേചനപരമായ ഇടപെടലുകൾ, കളിയാക്കൽ, ഒറ്റപ്പെടൽ എന്നിവയെല്ലാമാണ് ഇത്തരക്കാരുടെ പിൻവലിയലിനു കാരണം. വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചാണ് സർക്കാർ ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രാഥമികമായി സംസ്ഥാനത്തെ 5 സ്ക്കൂളുകളും, 5 കോളേജുകളും കേന്ദ്രീകരിച്ച് ഇതിന്റെ ബോധവത്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നു.

• **ഡ്രൈവിംഗ് പരിശീലനം**

ഉപജീവന പദ്ധതിയുടെ ഭാഗമായി ട്രാൻസ് ജെൻഡർ വിഭാഗക്കാർക്ക് ഡ്രൈവിംഗ് പരിശീലനം നൽകിവരുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്നു. ഒരു ജില്ലയിൽ 5 പേർക്ക് വീതമാണ് ആദ്യഘട്ടത്തിൽ പിന്തുണ ഉറപ്പുവരുത്തുന്നത്. ജില്ലാ ട്രാൻസ് ജെൻഡർ ബോർഡിന്റെ അംഗീകാരത്തോടെയാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

• **ട്രാൻസ് ജെൻഡർ ദമ്പതികൾക്ക് വിവാഹ ധനസഹായം**

നിയമപരമായി വിവാഹംകഴിച്ച ട്രാൻസ് ജെൻഡർ ദമ്പതികൾക്കാണ് ഈ പദ്ധതി പ്രകാരം ഗുണം ലഭ്യമാകുന്നത്. 30000 രൂപയാണ് ധനസഹായമായി ലഭിക്കുക. വിവാഹശേഷം 6 മാസത്തിനുശേഷവും ഒരു വർഷത്തിനകവും അപേക്ഷ നൽകണം. അപേക്ഷകൾ നിശ്ചിതഫോറത്തിൽ സംസ്ഥാന സാമൂഹ്യനീതി ഡയറക്ടറേറ്റിലേക്കാണ് സമർപ്പിക്കേണ്ടത്. ദമ്പതികളിൽ ഒരാൾ മാത്രം ട്രാൻസ് ജെൻഡർ വ്യക്തിയാണെങ്കിലും ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും

• **ട്രാൻസ് ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം**

ട്രാൻസ് ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2% സീറ്റ് സംവരണം ഉറപ്പുവരുത്തി സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. എറണാകുളം മഹാരാജാസ് കോളേജിലാണ് ആദ്യമായി സംവരണം ഉറപ്പാക്കി പ്രവേശനം അനുവദിച്ചത്. തുടർ വർഷങ്ങളിൽ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും ഈ സംവരണം ഗവണ്മെന്റ് ഉറപ്പു വരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ യൂണിവേഴ്സിറ്റികളിലും യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്ട്സ്/സയൻസ് കോളേജുകളിലും യു.ജി/പി.ജി കോഴ്സുകളിലേക്കാണ് സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്.

• **ട്രാൻസ് ജെൻഡർ അയൽക്കൂട്ടം**

ട്രാൻസ് ജെൻഡർ വിഭാഗക്കാർക്ക് കുടുംബശ്രീ അയൽക്കൂട്ട യൂണിറ്റുകൾ രൂപീകരിച്ച് പിന്തുണ ഉറപ്പുവരുത്തി വരുന്നു. തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രത്യേക പദ്ധതി, തൊഴിൽ പരിശീലനം, വിവിധ സാമ്പത്തിക പിന്തുണാ സഹായങ്ങൾ, നിയമ പരിരക്ഷ, സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനുള്ള വേദികൾ, കേരളത്തിന്റെ അഭിമാനമായ കൊച്ചി മെട്രോ പോലുള്ള സ്ഥലങ്ങളിൽ മറ്റുള്ളവരെപ്പോലെ ജോലി ചെയ്യുന്നതിനുള്ള സാഹചര്യം എന്നിവ ഉറപ്പുവരുത്തുന്നതിനും കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ട്. നിലവിൽ കേരളത്തിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ 47 ഓളം ട്രാൻസ് ജെൻഡർ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

• **ട്രാൻസ് ജെൻഡർ തിരിച്ചറിയൽ കാർഡ്**

ട്രാൻസ് ജെൻഡർ വ്യക്തികളുടെ അസ്തിത്വം അംഗീകരിച്ചു കൊണ്ടുള്ള അടിസ്ഥാന ഔദ്യോഗികരേഖ, ജില്ലാ കമ്മിറ്റികളുടെ ശുപാർശയോടെ വകുപ്പ് നൽകുന്നു. വിവിധ ക്ഷേമപദ്ധതികൾക്ക് അടിസ്ഥാനരേഖ ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷിക്കുവാൻ സാധിക്കും.

• **ട്രാൻസ് ജെൻഡർ കെയർ ആന്റ് ഷോർട്ട് സ്റ്റേ ഹോമുകൾ**

സംസ്ഥാനത്ത് അടിയന്തിര സാഹചര്യങ്ങൾ നേരിടുന്ന ട്രാൻസ് വ്യക്തികൾക്കും ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവർക്കും താൽക്കാലിക താമസ, കൗൺസിലിംഗ് സൗകര്യം ഒരുക്കിയിട്ടുള്ളതാണ്. തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ 5 ഹോമുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

### 5.3.1 വിവിധ വകുപ്പുകളും പദ്ധതികളും/സേവനങ്ങൾ

• **ആരോഗ്യ വകുപ്പ്**

സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ട്രാൻസ് ജെൻഡർ ക്ലിനിക്കുകൾ നടത്തി പോരുന്നു. നിലവിൽ കോട്ടയം മെഡിക്കൽ കോളേജിൽ ഹോർമോൺ ചികിൽസ (Hormone Replacement Theraphy), ലേസർ ചികിൽസ എന്നിവ നടത്തി വരുന്നു. കോഴിക്കോട് ബീച്ച് ആശുപത്രിയിൽ പ്രത്യേകം ട്രാൻസ് ക്ലിനിക് നടത്തി പോരുന്നു. ഹോമിയോ വകുപ്പ് തിരുവനന്തപുരം ജില്ലാ ആശുപത്രിയിൽ ആഴ്ചകൾ തോറും നിസർഗ്ഗ എന്ന പേരിൽ ആരംഭിച്ചിട്ടുണ്ട്.

• **പൊതു വിതരണ വകുപ്പ് (Civil Supplies Department)**

സംസ്ഥാനത്തെ ട്രാൻസ് ജെൻഡർ വ്യക്തികൾക്ക് BPL റേഷൻ കാർഡുകൾ അനുവദിക്കുന്ന പദ്ധതി 2020 ജനുവരി മുതൽ ഓൺലൈനായി ആരംഭിച്ചു.

• **വനിത വികസന കോർപ്പറേഷൻ**

ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ ഭേദഗതി വരുത്തി ട്രാൻസ് ജെൻഡർ വ്യക്തികളെക്കൂടി കോർപ്പറേഷൻ ഗുണഭോക്താക്കളാക്കിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ സ്വയംതൊഴിൽ ധനസഹായമായ 3 ലക്ഷം രൂപ വനിതാ വികസന കോർപ്പറേഷൻ വഴി നൽകിവരുന്നു.

## 5.4 പ്രാദേശിക സംവിധാനങ്ങൾ

ഭരണഘടനാ ഭേദഗതിയുടെ സാധ്യത പരമാവധി ഉപയോഗപ്പെടുത്തി കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകൾ എന്ന നിലയിലേക്ക് ഉയർത്തിക്കൊണ്ടു വരുവാൻ സാധിച്ചിട്ടുണ്ട്. അടിസ്ഥാനസൗകര്യ വികസനം, കൃഷി, മൃഗസംരക്ഷണം, ചെറുകിട വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം, വനിതാക്ഷേമം, പട്ടികജാതി-പട്ടികവർഗ്ഗവികസനം തുടങ്ങിയ എല്ലാ മേഖലകളിലും സമഗ്രമായ ഇടപെടലുകൾ പ്രാദേശിക സർക്കാരുകൾ നടത്തിവരികയാണ്. സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്തുന്നതിന് ബോധപൂർവ്വമായ ഇടപെടൽ ഇതിന്റെ ഭാഗമായി നടപ്പിലാക്കുകയുണ്ടായി. സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിച്ചും സാമൂഹിക അസമത്വങ്ങൾ ഇല്ലാതാക്കിയും വിവേചനങ്ങളും അതിക്രമങ്ങളും ഒഴിവാക്കിയും ലിംഗതുല്യതയിലധിഷ്ഠിതമായ വികസന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ലിംഗ നീതിയിലധിഷ്ഠിതമായ പ്രാദേശികഭരണം സാധ്യമാക്കുന്നതിന് സഹായകരമായ സംവിധാനങ്ങളെയും ഇടപെടൽ സാധ്യതകളെയും കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ ഫണ്ട്, ഫങ്ഷൻ, ഫങ്ഷണറീസ്- സമീപനവും സാധ്യതകളും

73, 74 ഭരണഘടനാ ഭേദഗതിയിൽ പട്ടിക 11 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക അധികാരം നൽകിക്കൊണ്ട് അതിനു സഹായകമായ ഫണ്ട്, ഫങ്ഷൻ, ഫങ്ഷണറീസ് എല്ലാം നൽകി.

- **ഫണ്ട്**

ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ തുടക്കം മുതൽ തന്നെ ഓരോ പ്രാദേശിക ഭരണതലത്തിലും സർക്കാർ അനുവദിക്കുന്ന പദ്ധതി വിഹിതത്തിന്റെ 10% തുകയിൽ കുറയാതെ സ്ത്രീകളുടെ സവിശേഷപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് വേണ്ടി ചെലവഴിക്കണമെന്ന് നിർദ്ദേശിച്ചു. ഒപ്പം തന്നെ പൊതു പദ്ധതികളിലും സ്ത്രീപരിഗണന ഉറപ്പുവരുത്തണമെന്ന് നിഷ്ക്കർഷിച്ചു. കഴിഞ്ഞ 22 വർഷക്കാലമായി കേരളത്തിൽ വനിതാ ഘടകപദ്ധതി എന്ന പേരിൽ വനിതാ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. എന്നാൽ വനിതാ ഘടകപദ്ധതി സ്ത്രീകളുടെ അവസ്ഥ മെച്ചപ്പെടുത്തിയിട്ടുണ്ടെങ്കിലും പദവിയിൽ കാര്യമായ മാറ്റം വരുത്തുന്നതിന് സാധിച്ചിട്ടില്ല എന്നത് നിലനിൽക്കുന്ന വസ്തുതയാണ്. സാമൂഹ്യനീതി ഉറപ്പാക്കുന്നതിന് ലിംഗപദവി തുല്യത കൂടിയേ കഴിയൂ. അതുകൊണ്ടുതന്നെ സ്ത്രീകളുടെ സവിശേഷ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വനിതാ ഘടകപദ്ധതി അനിവാര്യമാണ്. ദാരിദ്ര്യ ലഘൂകരണം എന്ന കേവല ലക്ഷ്യത്തിൽ നിന്ന് കേരളത്തിലെ മുഴുവൻ സ്ത്രീകളേയും വികസനത്തിന്റെ

വിവിധ മേഖലകളിലേക്ക് കണ്ണിചേർക്കുന്ന വിധത്തിൽ സാങ്കേതിക വൈദഗ്ദ്ധ്യം നൽകി കാര്യശേഷിയെ വളർത്തി സമഗ്രവികസനത്തിനായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ വനിതാ ഘടകപദ്ധതിയും പൊതുപദ്ധതികളും രൂപപ്പെടേണ്ടതുണ്ട്. മനുഷ്യശേഷി വിഭവം എന്ന നിലയിൽ ജനസംഖ്യയുടെ പകുതിയോളം വരുന്ന സ്ത്രീകളുടെ 100% ശേഷി വികസനം നടത്തിക്കൊണ്ട് മാത്രമേ യഥാർഥത്തിൽ സുസ്ഥിര വികസനം സാധ്യമാകൂ. സുസ്ഥിര വികസന ലക്ഷ്യങ്ങളിലും സഹസ്രാബ്ദ വികസന ലക്ഷ്യങ്ങളിലും പ്രധാനവും അതുതന്നെയാണ്. പദ്ധതി വിഹിതത്തിന്റെ 5% തുകയിൽ കുറയാതെ ട്രാൻസ് ജെൻഡർ വ്യക്തികൾ, കുട്ടികൾ, ഭിന്നശേഷിക്കാർ എന്നിവരുടെ സവിശേഷപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുവേണ്ടി ചെലവഴിക്കണമെന്ന് പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ നിർദ്ദേശിച്ചിട്ടുള്ളതാണ്.

- **ഫങ്ഷൻ, ഫങ്ഷനറീസ്**

കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ എല്ലാ പ്രവർത്തനങ്ങളിലും സുതാര്യതയും പങ്കാളിത്തവും സാമൂഹ്യനീതിയും ഉറപ്പുവരുത്തുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് വലുതാണ്. എന്നാൽ അവയുടെ പ്രവർത്തനങ്ങൾ എത്ര മാത്രം ലിംഗനീതിയിലധിഷ്ഠിതമാണ് എന്നത് ഇന്നും നമ്മെ അലട്ടുന്ന ഒന്നാണ്. ആദ്യമായി എല്ലാ സ്ഥാപനങ്ങളും ലിംഗസൗഹൃദമാക്കുകയും ഉദ്യോഗസ്ഥരുടെ മനോഭാവം മാറ്റുകയുമാണ് വേണ്ടത്.

**കൈമാറി കിട്ടിയ സ്ഥാപനങ്ങളും അവയുടെ സാധ്യതകളും എന്തെല്ലാം എന്ന് പരിശോധിക്കാം**

| സ്ഥാപനം | ജെൻഡർ സമീപനവും സാധ്യതകളും |
|---|---|
| കൃഷി വകുപ്പ് | കാർഷിക പദ്ധതികളിൽ ഇതുവരെ സ്ത്രീപങ്കാളിത്തം കുറവാണ്. കൃഷിയുമായി ബന്ധപ്പെട്ട പദ്ധതികളിൽ അവർക്ക് അതിന് കഴിയില്ല എന്ന മനോഭാവം മാറ്റി കാർഷിക മേഖലയിൽ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിച്ചു കൊണ്ടുള്ള പദ്ധതികൾ വയ്ക്കാൻ കൃഷിവകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തയ്യാറാകണം. |
| മൃഗ സംരക്ഷണ വകുപ്പ് | സ്ത്രീകൾക്കുവേണ്ടി ഒരുപാട് പദ്ധതികൾ ഈ വകുപ്പുമായി ബന്ധപ്പെട്ട് പ്രാവർത്തികമാക്കുന്നുണ്ട്. കന്നുകാലി വളർത്തൽ, മുട്ടക്കോഴി കൃഷി എന്നിവ ഇതിലെ ചില പദ്ധതികളാണ്. ഈ ജോലികൾ സ്ത്രീകളാണ് നിർവഹി |

| | |
|---|---|
| | ക്കുന്നതെങ്കിലും പലപ്പോഴും ഉടമസ്ഥതയും പ്രാപ്യതയും അവർക്ക് ലഭ്യമാകുന്നില്ല. ഇതിനായുള്ള പ്രവർത്തനങ്ങൾ തുടങ്ങുകയും സ്ത്രീകൾക്കായുള്ള പദ്ധതികളിൽ മാത്രമല്ലാതെ എല്ലാ പദ്ധതികളിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക. |
| മത്സ്യബന്ധന വകുപ്പ് | വകുപ്പുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും സ്ത്രീപങ്കാളിത്തം വർദ്ധിപ്പിക്കുകയും അതിനായുള്ള സാഹചര്യം സൃഷ്ടിക്കുകയും വേണം. സ്ത്രീകൾക്കായുള്ള പദ്ധതികളിൽ മാത്രമല്ലാതെ എല്ലാ പദ്ധതികളിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. |
| സാമൂഹ്യനീതി വകുപ്പ്/ വനിതാ ശിശു വികസന വകുപ്പ് | വനിതാ ഘടകപദ്ധതിയുടെ ഒട്ടു മിക്ക പദ്ധതികളുടെയും നിർവഹണ ഉദ്യോഗസ്ഥയാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ. ജാഗ്രതാസമിതികളുടെ കേന്ദ്രമായും അങ്കണവാടികൾ പ്രവർത്തിക്കുന്നു. എല്ലാ വകുപ്പുകളുടെയും പദ്ധതികൾ സംയോജിപ്പിക്കുകയും ലിംഗതുല്യത മുൻനിറുത്തിക്കൊണ്ട് ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹിക്കുകയും ചെയ്യുന്നുണ്ട്. അങ്കണവാടികൾ തൊട്ടു തന്നെ കുട്ടികളിൽ ജെൻഡർ വിവേചനമില്ലാതെ പഠിപ്പിക്കാൻ അങ്കണവാടി വർക്കർമാർ ശ്രദ്ധിക്കണം. |
| ആരോഗ്യ വകുപ്പ് | ആരോഗ്യ വകുപ്പ് ഇന്ന് രോഗം മാറ്റാൻ വേണ്ടി മാത്രം പ്രവർത്തിക്കുന്നവരല്ല. ആരോഗ്യ സംരക്ഷണം കൂടി ലക്ഷ്യമാണ്. അതിൽ സ്ത്രീകളുടെ ആരോഗ്യം വളരെയധികം ശ്രദ്ധ കൊടുക്കേണ്ട ഒന്നാണ്. ശാരീരികാരോഗ്യം മാത്രമല്ല, സ്ത്രീകളുടെ മാനസികാരോഗ്യത്തിനും പ്രത്യുൽപ്പാദനാരോഗ്യത്തിനും മുൻഗണന നൽകുന്നതിനുള്ള പദ്ധതികൾ ആരംഭിക്കണം. |
| ആയുർവേദ വകുപ്പ് | ആരോഗ്യ വകുപ്പ് ഇന്ന് രോഗം മാറ്റാൻ വേണ്ടി മാത്രം പ്രവർത്തിക്കുന്നവരല്ല. ആരോഗ്യ സംരക്ഷണം കൂടി ലക്ഷ്യമാണ്. അതിൽ സ്ത്രീകളുടെ ആരോഗ്യം വളരെയധികം ശ്രദ്ധ കൊടുക്കേണ്ട ഒന്നാണ്. ശാരീരികാരോഗ്യം മാത്രമല്ല, സ്ത്രീകളുടെ മാനസികാരോഗ്യത്തിനും പ്രത്യുൽപ്പാദനാരോഗ്യത്തിനും മുൻഗണന നൽകുന്നതിനുള്ള പദ്ധതികൾ ആരംഭിക്കണം. |

| | |
|---|---|
| ഹോമിയോപ്പതി | ആരോഗ്യ വകുപ്പ് ഇന്ന് രോഗം മാറ്റാൻ വേണ്ടി മാത്രം പ്രവർത്തിക്കുന്നവരല്ല. ആരോഗ്യ സംരക്ഷണം കൂടി ലക്ഷ്യമാണ്. അതിൽ സ്ത്രീകളുടെ ആരോഗ്യം വളരെയധികം ശ്രദ്ധ കൊടുക്കേണ്ട ഒന്നാണ്. ശാരീരികാരോഗ്യം മാത്രമല്ല, സ്ത്രീകളുടെ മാനസികാരോഗ്യത്തിനും പ്രത്യുൽപ്പാദനാരോഗ്യത്തിനും മുൻഗണന നൽകുന്നതിനുള്ള പദ്ധതികൾ ആരംഭിക്കണം. |
| പൊതു വിദ്യാഭ്യാസ വകുപ്പ് | അദ്ധ്യാപകരുടെയും ജീവനക്കാരുടെയും മനോഭാവ മാറ്റം വളരെ അത്യാവശ്യമാണ്. ലിംഗപദവിയിലധിഷ്ഠിതമായ പാഠ്യപദ്ധതി ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. |
| പട്ടികജാതി വികസന വകുപ്പ് (ജില്ലാ പഞ്ചാത്ത്, ബ്ലോക്ക് പഞ്ചാത്ത്, നഗരസഭ) | പ്രീമെട്രിക്ക്, പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളിലെ ഉദ്യോഗസ്ഥരിലും വിദ്യാർത്ഥികളിലും ജെൻഡർ അവബോധം കൊണ്ടുവരികയും അവർക്കായുള്ള എല്ലാ പദ്ധതികളും ജെൻഡർ കാഴ്ച്ചപ്പാടോടു കൂടി ഉള്ളതാണെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക. |
| പട്ടിക വർഗ്ഗ വികസന വകുപ്പ് (ജില്ലാ പഞ്ചാത്ത്, ബ്ലോക്ക്പഞ്ചാത്ത്, നഗരസഭ,) | പ്രീമെട്രിക്ക്, പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളിലെ ഉദ്യോഗസ്ഥരിലും വിദ്യാർത്ഥികളിലും ജെൻഡർ അവബോധം കൊണ്ടുവരികയും അവർക്കായുള്ള എല്ലാ പദ്ധതികളും ജെൻഡർ കാഴ്ച്ചപ്പാടോടു കൂടി ഉള്ളതാണെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക. |
| ഗ്രാമ വികസന വകുപ്പ്, വ്യവസായ വകുപ്പ്, സഹകരണ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, ക്ഷീരവികസന വകുപ്പ്, ചെറുകിട ജലസേചന വകുപ്പ്, ഖാദി (ഗ്രാമ പഞ്ചായത്ത്/ ജില്ലാ പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത്/നഗരസഭ യിൽ ഉൾപ്പെടുന്ന മറ്റു വകുപ്പുകൾ) | എല്ലാ പദ്ധതികളും ജെൻഡർ കാഴ്ച്ചപ്പാടോടു കൂടി ഉള്ളതാണെന്ന് ഉറപ്പു വരുത്തുക. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ പങ്കാളിത്തം ഉണ്ടാകുന്ന പദ്ധതികൾക്ക് രൂപം നൽകുക. |

• **ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

സ്ത്രീകളുടേയും കുട്ടികളുടേയും വികസനം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലാണ്. കൂടാതെ സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷ, ദാരിദ്ര്യ നിർമ്മാർജ്ജനം, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം എന്നിവയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങൾ, പരിഹാരങ്ങൾ തുടങ്ങിയവയെല്ലാം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ അപ്പപ്പോൾ തന്നെ കൊണ്ടുവരാൻ സാധിക്കണം. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ ഇവ ചർച്ചാവിഷയങ്ങളായി വരുന്നുവെന്ന് ഉറപ്പ് വരുത്താൻ സാധിക്കണം.

• **വർക്കിംഗ് ഗ്രൂപ്പുകൾ**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ രൂപീകരിക്കുന്നതിനും തുടർപ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനുമായി വിവിധ വിഷയ മേഖലകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എല്ലാ വർക്കിംഗ് ഗ്രൂപ്പിലും വനിതകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ വനിതാ വികസനം എന്ന പ്രത്യേക വർക്കിംഗ് ഗ്രൂപ്പു രൂപീകരിച്ചിട്ടുണ്ട്. വാർഷിക പദ്ധതി രൂപീകരണ സമയത്ത് സ്ത്രീകളുടെ അവസ്ഥയും പദവിയും മെച്ചപ്പെടുത്തുന്നതിനുള്ള വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തുന്നതിനും വികസനപദ്ധതികൾ രൂപപ്പെടുത്തുന്നതിനും വർക്കിംഗ് ഗ്രൂപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമുള്ള ഇടപെടൽ നടത്താൻ സാധിക്കണം. വനിതാ വികസന പദ്ധതികളുടെ ഫലപ്രദമായ മോണിറ്ററിംഗും ഉറപ്പുവരുത്തേണ്ടതാണ്.

• **വനിതാ ഘടക പദ്ധതി**

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ലഭിക്കുന്ന മൊത്തം വികസനത്തിന്റെ 10% തുക വനിതകൾക്ക് മാത്രമായി പ്രയോജനം ലഭിക്കുന്ന പരിപാടികൾക്കായി വകയിരുത്തി പ്രത്യേക പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. ഇതിനെയാണ് വനിതാ ഘടക പദ്ധതി എന്ന് പറയുന്നത്. സ്ത്രീക്കും പുരുഷനും ഒരുപോലെ പ്രയോജനകരമായ ഭൗതിക സൗകര്യ വർദ്ധനവ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യരുത് (ഉദാ വീട്, കക്കൂസ്, കിണർ തുടങ്ങിയവ). മറിച്ച് സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക പദവി മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികളാണ് ഉൾപ്പെടുത്തേണ്ടത്.

• **ജാഗ്രതാ സമിതി**

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ, പീഡനങ്ങൾ, സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം എന്നിവയിൽ ഇടപെട്ട് സ്ത്രീകളുടേയും

കുട്ടികളുടേയും പക്ഷത്തു നിന്നുകൊണ്ട് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കിക്കൊടുക്കുവാനും അവർക്ക് നീതി ലഭ്യമാക്കുവാനും തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡ് തലത്തിലും ഗ്രാമപഞ്ചായത്ത്/നഗരസഭാ തലത്തിലും ജില്ലാ പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുന്ന സമിതികളാണ് ജാഗ്രതാസമിതികൾ.

- **ജെൻഡർ റിസോഴ്സ് സെന്റർ**

നിലവിലുള്ള സാമൂഹ്യസ്ഥിതിയിൽ സ്ത്രീകളും ലിംഗ ലൈംഗിക ന്യൂനപക്ഷങ്ങളും നേരിടുന്ന സവിശേഷ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും അവരുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിനുമായി  തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിലും സംസ്ഥാനസർക്കാരിന്റെ വിവിധ വകുപ്പുകളിലുമായി നടക്കുന്ന പ്രവർത്ത നങ്ങളെ കുറേക്കൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. സമൂഹത്തിൽ ഇന്ന് നിലനിൽക്കുന്ന സവിശേഷ പ്രശ്നങ്ങളിൽ പ്രാദേശികമായി ഇടപെടേണ്ടതുമുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഏകോപനവും സംയോജനവും ഏറെ പ്രധാനമാണ്. ഇതുവരെ നടന്ന പ്രവർത്തനങ്ങളിൽ നിന്ന് കുറേക്കൂടി മുന്നോട്ട് പോകുന്നതിനും ലിംഗസമത്വത്തിലധിഷ്ഠിതമായ ഒരു സാമൂഹ്യക്രമം കൊണ്ടുവരുന്നതിനുവേണ്ടി ബോധപൂർവ്വമായ ഇടപെടൽ നടത്തുന്നതിനു മുള്ള ഒരു പുതിയ സംവിധാനമാണ് ജെൻഡർ റിസോഴ്സ് സെന്റർ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകളുടെ വികസനം ലക്ഷ്യമിട്ടുകൊണ്ട് നടത്തുന്ന എല്ലാ പ്രവർത്തനങ്ങൾക്കും മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകുന്ന ഒന്നാണ് ജെൻഡർ റിസോഴ്സ് സെന്റർ. വനിതാ പദ്ധതികളുടെ ആസൂത്രണത്തിലും നിർവഹണത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുടർച്ചയായ സഹായം നൽകൽ ഈ സംവിധാനം കൊണ്ട് ലക്ഷ്യമിടുന്നു.

- **കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ**

ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിലെയും ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ജെൻഡർ റിസോഴ്സ് സെന്റർ പ്രവർത്തനങ്ങൾ നടത്തുന്ന തിനും എം.എസ്.ഡബ്ല്യു. യോഗ്യതയോ അതിന് തത്തുല്യമായ വിമൻസ് സ്റ്റഡീസ്, സൈക്കോളജി, സോഷ്യോളജി എന്നീ വിഷയങ്ങളിലെ ബിരുദാനന്തര ബിരുദ യോഗ്യതയോ ഉള്ള (റെഗുലർ ബാച്ചിൽ പഠിച്ച് ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള) ഒരു വനിതയെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കാവുന്നതും വേതനം നൽകാവുന്ന തുമാണ്. ജാഗ്രതാ സമിതി പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് പീരിയോഡിക്കലായി ഭരണസമിതിക്ക് നൽകുക, ജെൻഡർ റിസോഴ്സ് സെന്റർ പ്രവർത്തനങ്ങളുടെ നെടുന്തൂണായി പ്രവർത്തിക്കുക, വനിതാ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾക്ക് വേണ്ട സഹായം നൽകുക എന്നിവയാണ് പ്രധാന ചുമതലകൾ.

## 5.5 വകുപ്പുതല പ്രവർത്തനങ്ങളുടെ സംയോജനത്തിന്റെ പ്രാധാന്യം

പ്രാദേശികാസൂത്രണം കാര്യക്ഷമമാക്കുന്നതിന് അത്യാവശ്യം വേണ്ട സമീപനമാണ് സംയോജിത സമഗ്ര സമീപനം. സംയോജിതം എന്നാൽ പല വകുപ്പുകളിലുമുള്ള സമാന പദ്ധതികളെ യോജിപ്പിച്ചു പ്രവർത്തിപ്പിക്കുക എന്നാണ്. അടിസ്ഥാന സൗകര്യം, വികസനം, കൃഷി, മൃഗസംരക്ഷണം, ചെറുകിട വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം, വനിതാ ക്ഷേമം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം തുടങ്ങിയ എല്ലാ മേഖലകളിലും സ്ത്രീകൾക്ക് വേണ്ടി ഒരുപാട് പദ്ധതികളും സമഗ്രമായ ഇടപെടലുകളും കേന്ദ്ര സംസ്ഥാന പ്രാദേശിക സർക്കാരുകൾ നടത്തിവരികയാണ്. ഇതിൽ മിക്ക പദ്ധതികളും സമാന സ്വഭാവമുള്ളവ യാണ്. ഇവിടെയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്. പദ്ധതികളും പ്രവർത്ത നങ്ങളും സംയോജിപ്പിക്കുന്നതിലൂടെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാകുന്നത് സുതാര്യവും വേഗത്തിലും ആകുന്നു.

## ലിംഗനീതിക്കായുള്ള നിയമങ്ങളും അവയുടെ പ്രാപ്യതയും

| ക്രമ നം | സംവിധാനം | ബാധകമായ നിയമങ്ങൾ | ആരെ/എവിടെ ബന്ധപ്പെടണം? | ഉപയോഗപ്പെടുത്തേണ്ടി വരുന്ന സന്ദർഭങ്ങൾ |
|---|---|---|---|---|
| 1. | Women Protection Officer | DV Act 2005 | 14 ജില്ലകളിലേയും Women Protection Officer | സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക പീഡനങ്ങൾ |
| 2. | ജില്ലാ കളക്ടർ | Policy For Prevention Of Sexual Harassment (**POSH**) 1 | ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി (സ്ഥാപന തലത്തിൽ) | സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗികാതിക്രമം സംബന്ധിച്ച പരാതികളിൽ |
| 3. | സ്ത്രീധന നിരോധന ഓഫീസർ | സ്ത്രീധന നിരോധന നിയമം 1961 | സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ (മുഖ്യ സ്ത്രീധന നിരോധന ഓഫീസർ), റീജിയണൽ സ്ത്രീധന നിരോധന ഓഫീസർമാർ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) | സ്ത്രീധനം സംബന്ധിച്ചുള്ള പരാതികൾ |
| 4. | ശൈശവവിവാഹ നിരോധന ഓഫീസർ | Child Marriage Protection Act 2012 | ഓരോ Integrated Child Development Project ലെ സി.ഡി.പി.ഒ മാർ (ബ്ലോക്ക് തലത്തിലും നഗരസഭാതലത്തിലും) | ശൈശവ വിവാഹങ്ങൾ തടയുന്നതിനും അത് നടത്തിക്കൊടുക്കുന്നവരെ ശിക്ഷാനടപടികൾക്ക് വിധേയമാക്കുന്നതിനും |
| 5. | നിർഭയ സെൽ | Nirbhaya Policy 2012, POCSO 2012 തൊഴിലിടങ്ങളിൽ ലൈംഗികാതിക്രമം തടയൽ നിയമം 2013 | തദ്ദേശസ്ഥാപനങ്ങളിലെ ജാഗ്രതാസമിതികൾ, ജില്ലാതല നിർഭയസെൽ, സംസ്ഥാന നിർഭയ സെൽ | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ |

| ക്രമ നം | സംവിധാനം | ബാധകമായ നിയമങ്ങൾ | ആരെ/എവിടെ ബന്ധപ്പെടണം? | ഉപയോഗപ്പെടുത്തേണ്ടി വരുന്ന സന്ദർഭങ്ങൾ |
|---|---|---|---|---|
| 6. | KELSA/DLSA/TLSC | | KELSA സംസ്ഥാനതല യൂണിറ്റ്, DLSA ജില്ലാതല യൂണിറ്റുകൾ, TLSC താലൂക്ക്തല യൂണിറ്റുകൾ | പീഡനത്തിനും അതിക്രമങ്ങൾക്കും ഇരയാകുന്നവർക്ക് നിയമസഹായം ജാഗ്രതാസമിതികൾക്ക് നിയമസഹായ പരിശീലനങ്ങൾ |
| 7. | One Stop Crisis Cell (OSCC) | നിർഭയ പദ്ധതി | ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, തിരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികൾ, മെഡിക്കൽ കോളേജ് ആശുപത്രികൾ (21 സെല്ലുകൾ) | സ്ത്രീകൾക്കുംകുട്ടികൾക്കും എതിരെയുള്ള ലൈംഗികാതിക്രമങ്ങൾ, സ്ത്രീകൾക്കെതിരായ ഗാർഹിക പീഡനം |
| 8. | പ്രത്യേക പോലീസ് ഓഫീസർ (OSCC) | നിർഭയ പദ്ധതി | ജില്ലാതലത്തിൽ പ്രത്യേക ചുമതലയുള്ള കുറഞ്ഞത് 7 പോലീസ് ഇൻസ്പെക്ടർമാർ | സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള എല്ലാ കുറ്റകൃത്യങ്ങളുടേയും അന്വേഷണം, അതിക്രമങ്ങൾക്ക് ഇരയായവർക്ക് വേണ്ട സഹായം |
| 9. | പ്രത്യേക മെഡിക്കൽ ഓഫീസർ | DV Act 2005 | സംസ്ഥാനത്തെ എല്ലാ ജില്ലാ-താലൂക്ക് ആശുപത്രികൾ | ഗാർഹികപീഡനം, ലൈംഗിക പീഡനം എന്നിവയ്ക്ക് വിധേയരാകുന്ന സ്ത്രീകൾ |

| ക്രമ നം | സംവിധാനം | ബാധകമായ നിയമങ്ങൾ | ആരെ/എവിടെ ബന്ധപ്പെടണം? | ഉപയോഗപ്പെടുത്തേണ്ടി വരുന്ന സന്ദർഭങ്ങൾ |
|---|---|---|---|---|
| 10. | പ്രത്യേക മെഡിക്കൽ ഓഫീസർ (OSCC) | നിർഭയ പദ്ധതി | ജില്ലാ-താലൂക്ക് ആശുപത്രികളിലെ പ്രത്യേകം ചുമതലപ്പെടുത്തിയ ഗൈനക്കോളജിസ്റ്റുകൾ | സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ |
| 11. | വനിതാ കമ്മീഷൻ | ദേശീയ സംസ്ഥാന വനിതാകമ്മീഷൻ നിയമം | സംസ്ഥാന വനിതാകമ്മീഷൻ | എല്ലാ അവകാശനിഷേധങ്ങളിൽ നിന്നും സ്ത്രീകൾക്ക് സംരക്ഷണം ലഭിക്കാൻ |

## ഉപസംഹാരം

സ്ത്രീകളുടെയും ലിംഗലൈംഗിക ന്യൂനപക്ഷങ്ങളുടെയും സവിശേഷ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒട്ടനവധി സഹായസംവിധാനങ്ങളും നിയമങ്ങളും ഈ സമൂഹത്തിലുണ്ട്. എന്നാൽ പലപ്പോഴും ഇത്തരത്തിലുള്ള നിയമങ്ങളും സംവിധാനങ്ങളും അത് അനുഭവിക്കുന്നവർക്ക് പ്രാപ്യമാകുന്നില്ല. പ്രാദേശികമായി പ്രശ്നങ്ങൾ ഒത്തുതീർപ്പാക്കുന്ന പ്രവണതയാണ് ഇന്ന് സമൂഹത്തിൽ നിലവിലുള്ളത്. സമൂഹത്തിൽ നിലനിൽക്കുന്ന പുരുഷമേധാവിത്ത പ്രവണതയാണ് ഇതിന് കാരണമെന്ന് നമുക്കറിയാം. പക്ഷേ ഇത്തരത്തിലുള്ള സംവിധാനങ്ങൾ അവരിലേക്ക് പ്രാപ്യമാക്കുകയാണ് ജനങ്ങളുടെ ഏറ്റവും അടുത്ത് നിൽക്കുന്നവർ എന്ന നിലയിൽ ജനപ്രതിനിധികളുടെ ചുമതല.



## അദ്ധ്യായം 6


# ജെൻഡർ സൗഹൃദ തദ്ദേശ ഭരണം

### 6.1 എന്താണ് ജെൻഡർ സൗഹൃദ തദ്ദേശ ഭരണം?

അധികാര വികേന്ദ്രീകരണവും പഞ്ചായത്തിരാജ് സംവിധാനവും ലിംഗപദവി തുല്യതയിൽ അധിഷ്ഠിതമായ ഭരണനിർവഹണത്തിന് വഴിയൊരുക്കുകയുണ്ടായി. പ്രാദേശിക ഭരണ സംവിധാനത്തിൽ ലിംഗപദവിയുടെ അടിസ്ഥാനത്തിൽ അർഹമായ പങ്കാളിത്തം ഉറപ്പുവരുത്താനും വിഭവങ്ങൾ വകയിരുത്തുന്നതിലും വിനിയോഗത്തിലും സ്ത്രീകളെയും മറ്റ് അവശത അനുഭവിക്കുന്നവരെയും പരിഗണിക്കുന്നതിന് സഹായകരമായ സാഹചര്യം സൃഷ്ടിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സമൂഹത്തിൽ കാലാകാലങ്ങളായി സ്ത്രീകൾ ഉൾപ്പെടെയുള്ളവർ അനുഭവിക്കുന്ന വിവേചനത്തിന്റേയും ചൂഷണത്തിന്റേയും അസമത്വത്തിന്റേയും കാരണങ്ങൾ വിശകലനം ചെയ്യുവാനും ഇതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന കാരണങ്ങളുടെ വേരുകൾ ഇല്ലാതാക്കാനും തുല്യതയിലും നീതിയിലും അധിഷ്ഠിതമായി വ്യത്യസ്ത വിഭാഗങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ ആവിഷ്ക്കരിക്കപ്പെടാനും കഴിയണം. അതിനായി ലിംഗപദവി സൗഹാർദ്ദ പരമായ ഒരു ഭരണക്രമം പ്രാദേശികതലത്തിൽ രൂപപ്പെടേണ്ടതുണ്ട്. പ്രാദേശിക ഭരണ സംവിധാനത്തിന്റെ അധികാര പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഈ ലക്ഷ്യം നേടണമെങ്കിൽ ലിംഗപദവി അടിസ്ഥാനമാക്കി ആസൂത്രണ രീതികൾ അവലംബിക്കേണ്ടതുണ്ട്.

വികസനത്തിലെ ലിംഗ അസമത്വം ഇല്ലാതാക്കാൻ ഒട്ടനവധി ശ്രമങ്ങൾ ലോകത്താകെ നടന്നിട്ടുണ്ട്. നിർഭാഗ്യവശാൽ ലിംഗ അസമത്വം ഇന്നും നിലനിൽക്കുന്നു. വികസനരംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും സംഘടനകളും ഏജൻസികളും ഇതിനെ വേണ്ടത്ര ഗൗരവത്തോടെ എടുത്തിട്ടില്ലെന്ന് വേണം കരുതാൻ. മേൽപ്പറഞ്ഞ സംവിധാനങ്ങൾ പ്രവർത്തനക്ഷമമാകുന്നതിലൂടെ മാത്രമേ ഇത് ഒരു പരിധിവരെയെങ്കിലും സാധ്യമാകൂ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമൂഹ്യമാറ്റത്തിനായി വലിയ രീതിയിൽ പ്രവർത്തിക്കാൻ കഴിയും. പൊതുജനങ്ങളോട് ഏറ്റവും അടുത്തു നിൽക്കുന്ന സംവിധാനം എന്ന നിലയിൽ ജനങ്ങൾക്ക് ഏറ്റവും വിശ്വാസ്യതയുള്ള ഒന്നാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ. ഭരണഘടനാ ഭേദഗതിയിലൂടെ ലഭിച്ച അധികാരമുപയോഗിച്ച് തദ്ദേശ സ്ഥാപനങ്ങളാണ് സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതി നടപ്പിലാക്കുന്നതിനുമുള്ള പദ്ധതികൾ രൂപീകരിച്ചു വരുന്നത്. കേരളത്തിൽ സംസ്ഥാന ബഡ്ജറ്റിന്റെ 40 ശതമാനത്തോളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ളതാണ്. ആ അർത്ഥത്തിൽ ഏറെക്കുറെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അവർക്ക് കഴിയും. നമ്മുടെ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും കോപ്പറേഷനുകൾക്കും ജെൻഡർ സൗഹൃദ തദ്ദേശ ഭരണം എന്ന ആശയം സാക്ഷാത്കരിക്കാൻ കഴിയും




## 6.2 പ്രത്യേക ലക്ഷ്യങ്ങൾ

ജെൻഡർ സൗഹൃദ പഞ്ചായത്ത്/നഗരസഭകൾ ആയി മാറുവാൻ താഴെപ്പറയുന്ന പ്രത്യേക ലക്ഷ്യങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

1. മുഴുവൻ ലിംഗ വിഭാഗങ്ങൾക്കും പങ്കാളിത്തമുള്ള രീതിയിൽ സാമ്പത്തിക വികസനവും ഉപജീവനമാർഗങ്ങളും ലഭ്യമാവുക. താരതമ്യേന പിന്നോക്കം നിൽക്കുന്ന സ്ത്രീകൾ പ്രത്യേകമായി പരിഗണിക്കപ്പെടുക.
2. മറ്റു ലിംഗ ലൈംഗിക വിഭാഗങ്ങളുടെയും സവിശേഷ സാഹചര്യങ്ങളും പ്രശ്നങ്ങളും ഒന്നൊന്നായി വിലയിരുത്തിക്കൊണ്ട് സാമൂഹ്യ വികസനം നടപ്പിലാക്കുക.
3. വിഭവങ്ങളും സേവനങ്ങളും എല്ലാ വിഭാഗം ജനങ്ങൾക്കും പ്രാപ്യമാക്കുക.
4. എല്ലാ വിഭാഗം വ്യക്തികൾക്കും സുരക്ഷ ഉറപ്പുവരുത്തുന്നതിലേക്കായി സംവിധാനങ്ങൾ പ്രവർത്തനക്ഷമമാകുക.
5. സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വേദികളിൽ എല്ലാം സ്ത്രീകളുടെയും പുരുഷന്മാരുടെയും തുല്യവും ഫലപ്രദവുമായ പ്രാതിനിധ്യവും പങ്കാളിത്തവും ഉണ്ടാവുക.
6. എല്ലാ ജനപ്രതിനിധികൾക്കും ഭരണനിർവഹണത്തിൽ ഒരുപോലെ കഴിവുകൾ പ്രകടിപ്പിക്കാനാവുക.
7. ലിംഗസമത്വത്തിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും സ്കീമുകളും ആവശ്യക്കാർക്കെല്ലാം എല്ലായ്പ്പോഴും സഹായകരമാവുക.




## 6.3 എങ്ങനെ ജെൻഡർ സൗഹൃദമാക്കാം?

ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ ലിംഗസൗഹൃദമാക്കാൻ കൃത്യമായ പ്രവർത്തന പദ്ധതി രൂപപ്പെടേണ്ടതായുണ്ട്. നിലവിലുള്ള സംവിധാനങ്ങളിലും പ്രക്രിയകളിലും ചില മാറ്റങ്ങൾ ആവശ്യമായി വരും. നമ്മുടെ സ്ഥാപനത്തിനകത്തും പുറത്തുമുള്ള വ്യക്തികളിലും സംവിധാനങ്ങളിലും ഈ മാറ്റം അനിവാര്യമാണ്.

**1. വ്യക്തികളിൽ കൊണ്ടുവരേണ്ടതായ മാറ്റങ്ങൾ**

| പൊതുവായി | സ്ഥാപനത്തിനകത്ത് |
|---|---|
| ലിംഗാവബോധം സൃഷ്ടിക്കൽ | ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ലിംഗാവബോധമുള്ളവരാവൽ |
| സജീവപങ്കാളിത്തം | സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ നേതൃശേഷി/ചുമതലാബോധം |
| ശാക്തീകരണം | ജെൻഡർ ലെൻസിലൂടെ കാര്യങ്ങൾ കാണാനുള്ള ശേഷി |
| ശേഷീവർദ്ധന | പ്രശ്നപരിഹാരശേഷി |

**2. സ്ഥാപനങ്ങളിൽ കൊണ്ടുവരേണ്ടതായ മാറ്റങ്ങൾ**

| പൊതുവായി | സ്ഥാപനത്തിനകത്ത് |
|---|---|
| നിയമങ്ങളിലും മാനദണ്ഡങ്ങളിലും കാലാനുസൃതമായ മാറ്റം | ലിംഗസമത്വത്തെ ലക്ഷ്യമാക്കിയ പ്രോജക്ടുകളടങ്ങുന്ന ബജറ്റ് |
| വിഭവങ്ങളിലും പ്രക്രിയകളിലും സ്ത്രീകൾക്ക് കൂടി പ്രാപ്യത, നിയന്ത്രണം | ആസൂത്രണ പ്രക്രിയയിൽ സ്ത്രീ പങ്കാളിത്തം |
| സ്ത്രീ നേതൃത്വശേഷി അംഗീകരിക്കൽ | സ്ത്രീകളുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കൊണ്ടുള്ള പദ്ധതികൾ |
| ജെൻഡർ പ്രശ്നങ്ങളെ സാമൂഹ്യ പ്രശ്നങ്ങളായി മനസ്സിലാക്കൽ | കൂടുതൽ സ്ത്രീകളെ നേതൃത്വപദവിയിലേക്ക് കൊണ്ടുവരൽ |
| ഗാർഹിക ജോലിഭാരം പങ്ക് വയ്ക്കൽ/സ്ത്രീകളുടെ തൊഴിലിനുള്ള അംഗീകാരം | അതിക്രമങ്ങളിൽ നിന്നുമുള്ള സുരക്ഷ (സംവിധാനങ്ങൾ സുശക്തമാക്കൽ) |
| | ജെൻഡർ പ്രശ്നങ്ങൾക്ക് അജണ്ടയിൽ വരുത്തേണ്ട പ്രാധാന്യം |
| | ജെൻഡർ പ്രശ്നങ്ങളെ പരിഹരിക്കാനുള്ള ഒരു നയം |
| | ഓഫീസ് സംവിധാനങ്ങളിൽ സ്ത്രീസൗഹൃദപരമായ പെരുമാറ്റം /അംഗീകാരം/ പരിഗണന |

## 6.4 സംവിധാനങ്ങൾ, പ്രവർത്തനങ്ങൾ

**പങ്കാളിത്തം ഉറപ്പ് വരുത്തേണ്ട വേദികൾ**

√ ഗ്രാമസഭ
√ വർക്കിംഗ് ഗ്രൂപ്പുകൾ
√ സ്ഥാപന മാനേജ്മെന്റ് കമ്മിറ്റികൾ
√ വികസന സെമിനാർ
√ വാർഡ്തല സമിതി
√ പാടശേഖര സമിതി...

**സ്ത്രീകൾക്കും ലിംഗന്യൂനപക്ഷങ്ങൾക്കുമുള്ള സുരക്ഷയും ആവശ്യങ്ങളും**

√ ജെൻഡർ റിസോഴ്സ് സെന്റർ
√ ജാഗ്രതാ സമിതി
√ ജെൻഡർ ഡെസ്ക്ക്

**സ്കീമുകളും പദ്ധതികളും പ്രവർത്തനക്ഷമമാക്കാൻ**

√ സോഷ്യൽ ഓഡിറ്റ്
√ ഫലപ്രദമായ മോണിറ്ററിംഗ്

**തൊഴിലും സ്വാശ്രയത്വവും ഉറപ്പാക്കൽ**

√ അയൽക്കൂട്ടങ്ങൾ
√ സ്വയം തൊഴിൽ സംഘങ്ങൾ രൂപീകരിക്കൽ

**വികസനത്തിന്റെ ഫലപ്രാപ്തി എല്ലാ വിഭാഗം ജനങ്ങൾക്കും പ്രാപ്യമാക്കുന്നതിനായി**

√ ജെൻഡർ പ്ലാനിംഗ്
√ ജെൻഡർ ബജറ്റിംഗ്
√ ജെൻഡർ ഓഡിറ്റിംഗ്

**പൊതുവായ പ്രശ്നങ്ങളിലും, സ്ത്രീകളുടെ സവിശേഷ പ്രശ്നങ്ങളിലും ഊന്നിയുള്ള വികസനത്തിനായി**

√ പൊതുപദ്ധതികളിലെ ജെൻഡർ പരിഗണന
√ വനിതാ ഘടക പദ്ധതി

**ജെൻഡർ സമത്വത്തിനായി പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ**

√ ജെൻഡർ റിസോഴ്സ് സെന്റർ

## 6.5 മാറ്റങ്ങൾ എങ്ങനെ വരുത്താം

- ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ ജെൻഡർ സൗഹാർദ പരമായി തീരണമെങ്കിൽ ജനപ്രതിനിധികൾ, അവർ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ തുടങ്ങി എല്ലാവരേയും ആശയപരമായി ശക്തിപ്പെടു ത്തേണ്ടതുണ്ട്. കർശനമായ, തുടർച്ചയായ പരിശീലനം അനിവാര്യമാണ്.
- പ്രദേശത്തെ ജനങ്ങൾക്കിടയിൽ വ്യാപകമായ ക്യാമ്പെയിൻ സംഘടിപ്പിക്കേണ്ടതുണ്ട്. അതിനായി അനൗൺസ്മെന്റ്, പോസ്റ്ററുകൾ, ദൃശ്യമാധ്യമങ്ങളിലൂടെ പ്രചരണം തുടങ്ങിയവ നടത്താം. വായനശാല, അയൽക്കൂട്ടസഭകൾ, റെസിഡൻസ് അസോസിയേഷനുകൾ, ക്ലബുകൾ, പൊതുയോഗങ്ങൾ ഇവയിലെല്ലാം ജെൻഡർ ഒരു വിഷയമായി ചർച്ചകൾ സംഘടിപ്പിക്കാം.
- പ്രദേശത്തെ പ്രശ്നങ്ങളിൽ ഗ്രാമസഭ, ജാഗ്രതാസമിതി, കുടുംബശ്രീ അയൽക്കൂട്ടം, ജെൻഡർ റിസോഴ്സ് സെന്റർ തുടങ്ങിയ വേദികൾ/സംവിധാനങ്ങൾ ഉപയോഗിച്ച് ഇടപെടലുകൾ നടത്താം. പരിഹാരം കണ്ടെത്തി സഹായിക്കാം.
- അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട വേദികളിലും പ്രക്രിയകളിലും എല്ലാം പൊതുജനങ്ങളുടെ (എല്ലാ വിഭാഗവും) പങ്കാളിത്തം ഉറപ്പാക്കിയാൽ ആവശ്യാ ധിഷ്ഠിത പദ്ധതികൾക്ക് രൂപംനൽകാം
- സ്ത്രീസൗഹൃദ സംവിധാനങ്ങൾ/സ്കീമുകൾ നടപ്പിലാക്കാം.
- മോണിറ്ററിംഗ്, സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കാം.

ജനപ്രതിനിധികൾ തങ്ങളുടെ കൃത്യമായ നയം പ്രഖ്യാപിക്കുകയും അതിനെ തുടർന്ന് പൊതുജനങ്ങളുടെ ഇടയിൽ പ്രചരണം സംഘടിപ്പിക്കുകയും ചെയ്യുന്നതോടെ ലിംഗസമത്വം സംബന്ധിച്ച ധാരണകൾ വ്യക്തമാകുകയും ചെയ്യുന്നു. ധാരണയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിവിധ പ്രവർത്തന ഗ്രൂപ്പുകളിൽ പദ്ധതികൾ രൂപീകരിക്കപ്പെടുകയും കൂട്ടത്തിൽ മേഖലയിലെ സംവിധാനങ്ങളെല്ലാം പ്രവർത്തനക്ഷമമാകുകയും ചെയ്യും. ഈ പ്രക്രിയ ഒരു വർഷത്തേക്ക് മാത്രമുള്ള പദ്ധതിയല്ല. സമൂഹത്തിന്റെ മനോഭാവമാറ്റം അത്ര ദ്രുതഗതിയിൽ സാധിച്ചെടുക്കാവുന്ന തല്ലാത്തതിനാൽ തുടർച്ചയായി പദ്ധതികളും ഇടപെടലുകളും നടത്തിയാൽ മാത്രമേ ഒരു ജെൻഡർ സൗഹൃദ സമൂഹം സൃഷ്ടിച്ചെടുക്കാനാവൂ.

## 6.6 ജെൻഡർ സൗഹൃദമാക്കാൻ നടത്തേണ്ട ഇടപെടലുകൾ

ഓരോ മേഖലയെയും ജെൻഡർ സൗഹൃദമാക്കാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മുൻകൈ എടുക്കാൻ കഴിയും. ചില മേഖലകളിലെ ഇടപെടലുകൾ മാത്രം താഴെ സൂചിപ്പിച്ചിക്കുന്നു. മറ്റ് വർക്കിംഗ് ഗ്രൂപ്പുകളുമായി ബന്ധപ്പെട്ട മേഖലകളിലും

ഇത്തരത്തിൽ വ്യത്യസ്തങ്ങളായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. ഓരോ വർക്കിംഗ് ഗ്രൂപ്പും അവയെ കുറിച്ചു കൂട്ടായ ആലോചനകൾ നടത്തേണ്ടതുണ്ട്. വനിതാ വികസന വർക്കിംഗ് ഗ്രൂപ്പ് അവയ്ക്കു ദിശാബോധം നൽകേണ്ടതുമുണ്ട്.

## ഓഫീസുകൾ

- സ്ത്രീകളോടും കുട്ടികളോടും മാന്യമായ പെരുമാറ്റം നിർബന്ധമാക്കാം.
- അതാത് ഓഫീസുകളിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങളും അവയ്ക്കായി ഹാജരാക്കേണ്ട രേഖകളും തുടങ്ങി പല വിവരങ്ങൾക്കുമായി വിശദമായ നോട്ടീസ് ബോർഡ് സ്ഥാപിക്കാം.
- ഓഫീസിനകത്ത് സ്ത്രീ പുരുഷ സൗഹൃദാന്തരീക്ഷം നിലനിർത്താം.
- Internal Committee (Sexual Harassment of Women at Workplace- Prevention, Prohibition & Redressal Act, 2013) കൃത്യമായി കൂടുകയും പ്രശ്നങ്ങൾ അവലോകനം ചെയ്യുകയുമാവാം.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജെൻഡർ റിസോഴ്സ് സെന്ററുകൾ രൂപീകരിച്ച് പ്രവർത്തിക്കാം.
- ഇരിപ്പിടം, കുടിവെള്ള സൗകര്യം സജ്ജമാക്കാം.
- വിശ്രമമുറി ഉണ്ടാക്കാം.
- വൃത്തിയുള്ള ടോയ്‌ലറ്റ് ഒരുക്കാം.
- കുട്ടികൾക്കായി ക്രഷ് പ്രവർത്തിപ്പിക്കാം.

## കമ്മിറ്റികൾ

- വനിതാ മെമ്പർമാരുടെ ഹാജർ പൂർണമാക്കാം.
- അവരെ അഭിപ്രായപ്രകടനത്തിനായി പ്രോത്സാഹിപ്പിക്കാം.
- മീറ്റിംഗ് നടപടികൾ സംബന്ധിച്ച് കൃത്യമായ ധാരണയുണ്ടാക്കി കൊടുക്കാം.
- തീരുമാനമെടുക്കുന്ന സമയങ്ങളിൽ വനിതാ ജനപ്രതിനിധികൾക്കും തുല്യമായി പരിഗണന നൽകാം.
- വനിതാ ജനപ്രതിനിധികളുടെ പ്രവർത്തനത്തിന് കൂടുതലായി പിന്തുണ നൽകാം.

## ആരോഗ്യരംഗം

- പ്രത്യുൽപ്പാദനവുമായി ബന്ധപ്പെട്ട സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിനാവശ്യമായ പരിശോധനകളും ചികിത്സയും ഏതുസമയത്തും ലഭ്യമാക്കാം.
- എത്തിപ്പെടാൻ എളുപ്പമുള്ള സ്ഥലങ്ങളിൽ പ്രാഥമിക ആരോഗ്യ കേന്ദ്രവും സബ് സെന്ററുകളും സ്ഥാപിക്കാം.

- ജനനമരണങ്ങൾ കൃത്യമായി രജിസ്റ്റർ ചെയ്യിക്കാം, ശൈശവവിവാഹം നടക്കാതിരിക്കാൻ ജാഗ്രത പുലർത്താം.
- കുടുംബാസൂത്രണം സംബന്ധിച്ച് ബോധവത്കരണം നടത്താം.
- കൗമാരക്കാരായ പെൺകുട്ടികൾക്ക് സാധാരണയായി കാണുന്ന അനീമിയ പോലുള്ള പ്രശ്നങ്ങൾ ഇല്ലാതാക്കാൻ ചികിത്സ നൽകാം.

## വിദ്യാഭ്യാസമേഖല

- ലിംഗവ്യത്യാസമില്ലാതെ ക്ലാസ് റൂമുകളിൽ കുട്ടികളെ സെക്കൻഡറി തലം വരെയെങ്കിലും ഇരുത്താം.
- ജെൻഡർ അവബോധം അധ്യാപകരിൽ ആദ്യം സൃഷ്ടിക്കാം. അത്തരം അധ്യാപകർക്ക് ശരിയായ ധാരണ കുട്ടികളിലും ഉണ്ടാക്കാനാകും.
- കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ടോയ്ലറ്റുകൾ വേണം. പെൺകുട്ടികളുടെ ടോയ്ലറ്റുകളോട് ചേർന്ന് ഒരു സ്വകാര്യ മുറി വേണ്ടതാണ്. അതോടൊപ്പം സാനിറ്ററി പാഡിന്റെ വെൻഡിംഗ്/ഡിസ്പോസിംഗ് സംവിധാനവും വേണം.
- ലിംഗസമത്വത്തിലൂന്നിയ കരിക്കുലം സംസ്ഥാനത്താകെ ഉണ്ടാകേണ്ടതാണ്. പഠനരീതിയും അത്തരത്തിലാക്കാൻ അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.
- തുല്യാവകാശം എല്ലാ ലിംഗവിഭാഗങ്ങൾക്കും ഉണ്ടാകേണ്ടതാണെന്ന വിഷയം മുൻനിർത്തി സിനിമാ പ്രദർശനങ്ങൾ നടത്താം. വായനാഗ്രൂപ്പുകളിലും ക്ലബ്ബുകളിലും എല്ലാം ചർച്ചകൾ സംഘടിപ്പിക്കാം.

## കാർഷിക മേഖല

- കൃഷിപ്പണികളിൽ സ്ത്രീകളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്താൻ ആകുന്ന പദ്ധതികൾ രൂപീകരിക്കാം
- 'കൃഷിക്കാരൻ' എന്നാണ് പൊതുവെ കാണാറുള്ളത്. 'കൃഷിക്കാരി'യും ഉണ്ടാകേണ്ടതുണ്ട്.
- കാർഷിക ഉപകരണങ്ങൾ സ്ത്രീകൾക്കുകൂടി വഴങ്ങുന്ന രീതിയിൽ ആക്കുകയും ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് പരിശീലനം നൽകുകയും ചെയ്യാം.
- വിവിധ വിളകളുടെ വിവരങ്ങൾ സംബന്ധിച്ച് പരിശീലനം നൽകാം.
- MKSP, JLG ഇവ പ്രോത്സാഹിപ്പിക്കാം.
- കൃഷി പ്രോത്സാഹിപ്പിക്കുന്ന സമിതികളിലും സംഘടനകളിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കാം.

## വ്യവസായ രംഗം

- സ്ത്രീകളുടെ സാമ്പത്തിക പദവി ഉയരുന്നതിന് അവൾ തൊഴിൽ ചെയ്യേണ്ടതുണ്ട്. നിലവിൽ സെക്കണ്ടറി ആയാണ് ഒരു കുടുംബത്തിലെ സ്ത്രീയുടെ വരുമാനത്തെ കാണുന്നത്. വീട്ടമ്മമാരെ ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ് നിലവിൽ നമ്മുടെ മൈക്രോ സംരംഭങ്ങൾ. കിട്ടുന്ന വരുമാനം അർഹമായ വേതനം ആണോ എന്ന് ചിന്തിക്കാറില്ല. എന്നാൽ വ്യവസായ സംരംഭങ്ങളിൽ തുല്യ പങ്കാളിത്തവും തുല്യ വേതനവും സ്ത്രീകൾക്ക് ലഭ്യമാകണം.
- പണിയെടുക്കാൻ ആവശ്യമായ സാങ്കേതിക വൈദഗ്ധ്യം ആർജ്ജിക്കാൻ സ്ത്രീകൾക്ക് പ്രത്യേക പരിശീലനം നൽകണം.
- ശേഷി വികസനത്തിനും പരിശീലിപ്പിക്കണം. അവരുടെ വിശ്വാസം വർദ്ധിപ്പിക്കണം.
- കുഞ്ഞുങ്ങളുടേയും പ്രായം ചെന്നവരുടെയും സംരക്ഷണത്തിനായി പകൽവീടുകൾ ഉണ്ടാകണം
- വിപണി സംബന്ധിച്ചും മാർക്കറ്റിംഗ് രീതികൾ സംബന്ധിച്ചും പരിശീലനം നൽകുകയും ചുമതല ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.
- ഫീഡിങ് റൂം, ടോയ്‌ലറ്റുകൾ, വിശ്രമമുറി എന്നിവ സജ്ജമാക്കണം.
- സുരക്ഷാസംവിധാനങ്ങൾ പ്രവർത്തനക്ഷമമാക്കണം.
- ആരോഗ്യസുരക്ഷയും ഉറപ്പാക്കേണ്ടതുണ്ട്.

## മറ്റ് തൊഴിൽമേഖലകൾ

- കുടുംബശ്രീയുടെ കീഴിലുള്ള സംരംഭങ്ങളുടെ നടത്തിപ്പ്, ഉൽപ്പന്നങ്ങളുടെ വിതരണം എന്നിവ കാര്യക്ഷമമാക്കണം.
- ന്യായമായ ലാഭം ഉണ്ടാക്കി കൊടുക്കാൻ ആകണം.
- സംഘടിത/അസംഘടിത മേഖലകളിൽ വിവിധ നിലവാരത്തിലുള്ള വേതനം ലഭിക്കുന്ന സ്ത്രീ തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കാൻ ആകണം. ഒരു രജിസ്റ്റർ അതിനായി ഓരോ വാർഡ് തലത്തിലും സൂക്ഷിക്കാം.
- ഓരോ പ്രദേശത്തിനിണങ്ങുന്ന തരത്തിലുള്ള കുടിൽ വ്യവസായം, കരകൗശല വസ്തുക്കളുടെ നിർമ്മാണം എല്ലാം സ്ത്രീകളുടെ നേതൃത്വത്തിൽ ആരംഭിക്കാം.
- ഇതിനാവശ്യമായ ശേഷി വികസിപ്പിക്കാനുള്ള പരിശീലനം നൽകാം.

## ഉപസംഹാരം

ഒരു നാടിന്റെ വികസനം പൂർണ്ണമാകുന്നതിന് അവിടുത്തെ എല്ലാ വിഭാഗം ജനങ്ങളുടെയും ആവശ്യങ്ങൾ നിർവഹിക്കപ്പെടേണ്ടതുണ്ട്. ലിംഗ സമത്വം എന്ന ആശയം പ്രാബല്യത്തിൽ വരുത്താൻ പ്രാദേശിക ഭരണകൂടങ്ങളുടെ ഇടപെടലുകൾക്ക് കഴിയും. ഈ മേഖലയിലെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രവർത്തനങ്ങളെയും സംവിധാനങ്ങളെയും ഏകോപിപ്പിക്കാനും നമുക്ക് സാധിക്കും. അതിൽ ജന പ്രതിനിധികൾക്ക് കാര്യമായ പങ്കുവഹിക്കാനാകും. അതിക്രമങ്ങൾ അനുഭവിക്കാത്ത, സ്വയംപര്യാപ്തമായ, ജനാധിപത്യപരമായ ഒരു സമൂഹത്തെ വാർത്തെടുക്കാനാകും.

**ജെൻഡർ സൗഹൃദ ജനപ്രതിനിധികളാകാം, ജെൻഡർ സൗഹൃദ തദ്ദേശ ഭരണം സാധ്യമാക്കാം**

